അഷ്ടാംഗഹൃദയം
ബാലൊപചരണീയം

അഷ്ടാംഗഹൃദയം
ബാലോപചരണീയം

പ്രഥമാദ്ധ്യായഃ

അഥാതോബാലോപചരണീയം നാമാദ്ധ്യായംവ്യാഖ്യാസ്യാമഃ ഇതിഹസ്മാഹുരാത്രേയാദയോമഹർഷയഃ॥

൧. ജാതമാത്രംവിശോദ്ധ്യോൽബാൽബാലംസൈന്ധവസർപ്പിഷാ। പ്രസൂതിക്ലേശിതംചാനുബലാതൈലേനസേചയേൽ॥

അന്വയം ——— ശിശുക് - ജാതമാത്രം - ബാലം - സൈന്ധവസർപ്പിഷാ - ഉൽബാൽ - വിശോദ്ധ്യ - അനു - പ്രസൂതിക്ലേശിതം - ബലാതൈലേന സേചയേൽ - ച -

അന്വയാർത്ഥം ——— ശിശുക് ജാതമാത്രനായിരിക്കുന്നബാലനെ സൈന്ധവസർപ്പിസ്സുകൊണ്ടു ഉൽബത്തിങ്കൽനിന്നു വിശോധനംചെയ്തിട്ടു അനന്തരം പ്രസൂതിക്ലേശിതനായിരിക്കുന്നഅവനെബലാതൈലംകൊണ്ടുസേചനംചെയ്കയുംവേണം.

പരിഭാഷ ——— ശിശുക് = വൈദ്യൻ. ജാതമാത്രൻ = കേവലംജാതൻ. ജാതൻ = ജനിച്ചവൻ. ബാലൻ = കുട്ടി. സൈന്ധവസർപ്പിഃ = സൈന്ധവസഹിതമായിരിക്കുന്നസർപ്പിസ്സ്. സൈന്ധവസഹിതം = സൈന്ധവത്തോടുസഹിതം. സൈന്ധവം = ഇന്തുപ്പ്. സഹിതം = കൂടിയതു. സർപ്പിസ്സ് = നെയ്യ്. ഉൽബം = മഴല. വിശോധനംചെയ്ക = ശുദ്ധിവരുത്തുക. പ്രസൂതിക്ലേശിതൻ = പ്രസൂതിയാൽക്ലേശിതൻ. പ്രസൂതി = സൂതിമാത്രതൻ. ക്ലേശിതൻ = ക്ലേശിക്കപ്പെട്ടവൻ. ക്ലേശിക്ക = തളരുക. ബലാതൈലം = ബലാതൈലമെന്നപേരോടുകൂടിയ (ധാന്വന്തരതൈലം) സേചനംചെയ്ക = കുളിപ്പിക്കുക.

സാരം ——— വൈദ്യൻ ജനിച്ചസമയത്തിങ്കൽ തന്നെബാല ഇന്തുപ്പുകൂടിയിരിക്കുന്നനെയ്യുകൊണ്ടു മഴലയുൾ ഉണ്ടെ

ട്ട അനന്തരം പ്രസൂതിപാതത്താൽ ഉണ്ടാക്കപ്പെട്ട തളൎച്ചയൊടുകൂടിയവനെ ബാഹ്യവായുസ്പൎശം ഹേതുവായിട്ട ഉണ്ടായിരിക്കുന്നദുഃഖത്തെ കളവാനായിക്കൊണ്ടും പ്രസവസമയത്തിങ്കല ഉള്ള ക്ലേശം ഹേതുവായിട്ടു തളൎന്നിരിക്കുന്ന പ്രാണവായുവിന്റെ അനുലോമനത്തിന്നായിക്കൊണ്ടും ഗൎഭവ്യാപദദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ബലാതൈലംകൊണ്ട കുട്ടിക്കു പുരട്ടുകയും വേണം-

൮- അശ്മനോൎവാദനം ചാസ്യ കൎണ്ണമൂലേ സമാചരേൽ। അസ്യ ദക്ഷിണകൎണ്ണേ മന്ത്രമുച്ചാരയേദിമം ॥

അന്വയം — അസ്യ- കൎണ്ണമൂലേ- അശ്മനോഃ- വാദനം- ച- സമാചരേൽ- അഥ- അസ്യ- ദക്ഷിണേ- കൎണ്ണേ- ഇമം- മന്ത്രം- ഉച്ചാരയേൽ-

അന്വയാൎത്ഥം — ഇവന്റെ കൎണ്ണമൂലത്തിങ്കൽ അശ്മാക്കളുടെ വാദനത്തെയും സമാചരിക്കേണം- അനന്തരം ഇവന്റെ ദക്ഷിണമായിരിക്കുന്ന കൎണ്ണത്തിങ്കൽ ഈ മന്ത്രത്തെ ഉച്ചരിക്കേണം-

പരിഭാഷ — ഇവൻ=ബാലൻ- കൎണ്ണമൂലം=കൎണ്ണങ്ങളുടെ മൂലം- കൎണ്ണങ്ങൾ=ചെവികൾ- മൂലം=സമീപം- അശ്മാക്കൾ=കല്ലുകൾ- വാദനം=താഡനം- (അന്യോന്യം മുട്ടുക എന്നൎത്ഥം) സമാചരിക്ക=ചെയ്യുക- ഇവൻ=ബാലൻ- ദക്ഷിണം=വലത്തെ- കൎണ്ണം=ചെവി- ഉച്ചരിക്ക=ചൊല്ലുക-

സാരം — കുട്ടിയുടെ ചെവികളുടെ സമീപത്തിങ്കൽ പ്രസവസമയത്തുണ്ടായിരിക്കുന്ന മോഹത്തെ കളയുവാനായിക്കൊണ്ട രണ്ടുകല്ലുകളെക്കൊണ്ട അന്യോന്യം മുട്ടുകയും സംഗ്രഹത്തിങ്കൽ പറഞ്ഞിരിക്കുന്ന മറ്റുചില പ്രവൃത്തികളെയും ചെയ്തതിന്നശേഷം ആയുസ്സിന്റെ വൎദ്ധനക്കായിക്കൊണ്ട ബാലന്റെ വലത്തെ ചെവിയിൽ വക്ഷ്യമാണമായിരിക്കുന്ന മന്ത്രത്തെ ഉച്ചരിക്കുകയും വേണം-

൯- സംസ്ഥിതസ്യ നാളിം ച സൂത്രേണ ചതുരംഗുലാൽ। ബദ്ധ്വോൎദ്ധ്വം വൎദ്ധയിത്വാ തു ഗ്രീവായാമവസഞ്ജയേൽ ॥

അന്വയം — സംസ്ഥിതസ്യ- ച- നാളിം- ചതുരംഗുലാൽ- ഊൎദ്ധ്വം- സൂത്രേണ- ബദ്ധ്വാ- വൎദ്ധയിത്വാ- ഗ്രീവായാം- അവസഞ്ജയേൽ-

അന്വയാൎത്ഥം — സംസ്ഥിതനായിട്ടുമിരിക്കുന്നവന്റെ നാളിയെ ചതുരംഗുലത്തിങ്കൽനിന്ന ഊൎദ്ധ്വഭാഗത്തിങ്കൽ കൊണ്ടുബന്ധിച്ചിട്ട വൎദ്ധിപ്പിച്ചിട്ട ഗ്രീവയിങ്കൽ അവസഞ്ജിപ്പിക്കേണം-

പദാർത്ഥം — സ്വസ്ഥീഭൂതൻ=സ്വസ്ഥനായിഭവിച്ചവൻ- സ്വസ്ഥൻ=ദുഃഖത്തോടുകൂടാത്തവൻ- നാഭി=നാഭിനാളം- (പൊക്കിൾക്കൊടി) ചതുരംഗുലം=നാലുവിരല- ഊർദ്ധ്വഭാഗം=മേൽഭാഗം- സൂത്രം=ചരട- ബന്ധിക്ക=കെട്ടുക- വർദ്ധിക്ക=മുറിക്കുക- ഗ്രീവ=കഴുത്ത- അവസജ്ജിപ്പിക്ക=കെട്ടുക-

സാരം — മന്ത്രോച്ചാരണാനന്തരം ദുഃഖത്തോടുകൂടാത്തവനായിയും സംഗ്രഹത്തിങ്കൽപറഞ്ഞിരിക്കുന്ന പ്രാണപ്രത്യാനയനത്തോടുകൂടിയവനായിയുമിരിക്കുന്നബാലന്റെ പൊക്കിൾക്കൊടിയുടെനാലുവിരലമീതെ ക്ഷൌമപ്പട്ട മുതലായവകളെക്കൊണ്ടുണ്ടാക്കിയിരിക്കുന്ന ചരടുകൊണ്ടുബന്ധിച്ചിട്ട അതിന്റെ മേൽഭാഗത്തെ തീക്ഷ്ണമായിരിക്കുന്ന ശസ്ത്രംകൊണ്ട വഴിപോലെ മുറിച്ചിട്ട മുറിയാനായിക്കൊണ്ടുകെട്ടിയിരിക്കുന്ന ചരടിന്റെതല കൊണ്ടുകഴുത്തിൽ അധികംമുറുകാതെയും അധികംഅയഞ്ഞിട്ടല്ലാതെയുംകെട്ടണം- ഇവിടെപ്രമാണാന്തരങ്ങളെയും പറയാം- (നാഭിനാഡീംബന്ധനാച്ചതുരംഗുലസ്യോർദ്ധ്വം ക്ഷൌമസൂത്രേണ ബദ്ധ്വാതദുപരി തീക്ഷ്ണേന ശസ്ത്രേണോർദ്ധ്വമുഖം വർദ്ധയേൽ-) എന്നസംഗ്രഹത്തിലും- നാഭിബന്ധനാൽപ്രഭൃത്യഷ്ടാംഗുലമഭിജ്ഞാനം കൃത്വാച്ഛേദനാവകാശസ്യദ്വയോരന്തരയോശ്ശനൈർഗൃഹീത്വാ തീക്ഷ്ണരൗക്മരാജതായസാനാം ഛേദനാനാമന്യതമേനാർദ്ധധാരേണ ച്ഛേദയേൽ- എന്നചരകത്തിലും പറഞ്ഞിട്ടുണ്ടാകയാൽ മേൽ പൊട്ടുമുഖമാകുംവണ്ണംമുറിക്കണം- ഇതിനെവെണ്ണതുപൊലെ അല്ലാതെമുറിയാൽ അസമ്യക്ഉപകല്പനേഹിനാഭ്യാആയാമോത്തുണ്ഡീപിണ്ഡലികാവിനാമികാവിജൃംഭികാബാധേഭ്യോഭയംഭവതി- എന്നചരകത്തിലും അസമ്യക്കല്പനാന്നാഭേസ്സ്യാൽപിനാമൊ വജ്രംഭികാ വാതപിത്തഹരംകർമ്മതത്രാന്തർബഹിരാചരേൽ വാതേനാദ്ധ്മാപിതാംനാഭിംസതൈലാംതുണ്ഡിസംജ്ഞിതാം മാഷതൈല്ലഃപ്രശമയേൽസ്നേഹസ്വേദോപനാഹനൈഃ- എന്നസംഗ്രഹത്തിലുംപറഞ്ഞിട്ടുണ്ടാകയാൽ തുണ്ഡീ-പിണ്ഡലികാ,വിനാമികാ, വിജൃംഭികാ ഇത്യാദികളായവ്യാധികളുണ്ടാകുമെന്ന അറിഞ്ഞുകൊൾക- അങ്ങിനെവന്നാൽ ആവ്യാധിയിങ്കൽവാതത്തെയും പിത്തത്തെയുംനശിപ്പിക്കുന്നതായ കർമ്മത്തെപാനവിഷയമായി അകത്തും ലേപനവിഷയമായി പുറത്തുംഉപചരിക്കുകയുംവാതത്താൽ വീർപ്പിക്കപ്പെട്ടതായിയും വേദനയോടുകൂടിയതായിയും തുണ്ഡീഎന്നപേരൊടുകൂടിയതായിയുമിരിക്കുന്ന നാഭിയെവാതത്തെനശിപ്പിക്കുന്നവകളായ സ്നേഹം,സ്വേദം ഇത്യാദിദ്രവ്യ

ത്തികള്ളകൊണ്ടു ശമിപ്പിക്കകയും വെണം.-

൮- നാളിഞ്ചകുഷ്ഠതൈലെനസെചയെൽസ്നാപയെദനു। ക്ഷീരിവൃക്ഷകഷായെണസൎവ്വഗന്ധൊദകെനവാ॥

൯- കൊഷ്ണെനതപ്തരജതതപനീയനിമജ്ജനൈഃ। തതൊദക്ഷിണതജ്ജന്യാതാലുന്നാമ്യാവകുണ്ഠയെൽ॥

൧൦- ശിരസിസ്നെഹപിചുനാപ്രാശംചാസ്യപ്രയൊജയെൽ। ഹരെണുമാത്രംമെധായുൎബ്ബലാത്ഥമഭിമന്ത്രിതം॥

൧൧- ഐന്ദ്രീബ്രാഹ്മീവചാശംഖപുഷ്പീകല്കംഘൃതംമധു। ചാമീകരവചാബ്രാഹ്മീവാപ്യപത്ഥ്യാരജീകൃതാഃ॥

൧൨- ലിഹ്യാന്മധുഘൃതൊപെതാഹൈമധാത്രീരജൊഥവാ। ഗൎഭാംഭസ്സൈന്ധവവചാസൎപ്പിഷാവാമയെത്തതഃ॥

അന്വയം —— നാളിം- കുഷ്ഠതൈലെന- സെചയെൽ- ച- അനു- തപ്തരജതതപനീയനിമജ്ജനൈഃ- കൊഷ്ണെന- ക്ഷീരിവൃക്ഷകഷായെണ-സൎവ്വഗന്ധൊദകെന-വാ-സ്നാപയെൽ-തതഃ ദക്ഷിണതജ്ജന്യാ- താലു- ഉന്നാമ്യ- ശിരസി- സ്നെഹപിചുനാ- അവകുണ്ഠയെൽ- അസ്യ- മെധായുൎബ്ബലാത്ഥം- അഭിമന്ത്രിതം- ഹരെണുമാത്രം- ഐന്ദ്രീ ബ്രാഹ്മീവചാശംഖപുഷ്പീകല്കം- ഘൃതം- മധു- പ്രാശം- ച- പ്രയൊജയെൽ- രജീകൃതാഃ- മധുഘൃതൊപെതാഃ- ചാമീകരവചാബ്രാഹ്മീവാപ്യപത്ഥ്യാഃ- ലിഹ്യാൽ- അഥവാ- ഹൈമധാത്രീരജഃ- ലിഹ്യാൽ- തതഃ- സൈന്ധവവചാ- സൎപ്പിഷാ- ഗൎഭാംഭഃ- വാമയെൽ-

അൎത്ഥം— നാളിയെ കുഷ്ഠതൈലംകൊണ്ടു സെചനം ചെയ്കയും വെണം- അനന്തരം തപ്തരജതതപനീയനിമജ്ജനങ്ങൾകൊണ്ടു കൊഷ്ണമായിരിക്കുന്ന ക്ഷീരിവൃക്ഷകഷായംകൊണ്ടൊസൎവ്വഗന്ധൊദകംകൊണ്ടൊസ്നാപിക്കണം. അനന്തരം ദക്ഷിണതജ്ജനികൊണ്ടുതാലുവിനെ ഉന്നമിപ്പിച്ചിട്ടുശിരസ്സിങ്കൽ സ്നെഹപിചുകൊണ്ടു അവകുണ്ഠനംചെയ്യെണം ഇവനെറമെധായുൎബ്ബലത്തിന്നായിക്കൊണ്ടു അഭിമന്ത്രിതമായിഹരെണുമാത്രമാമായിരിക്കുന്ന ഐന്ദ്രീ ബ്രാഹ്മീ വചാശംഖപുഷ്പീകല്കത്തെയും ഘൃതത്തെയും മധുവിനെയും പ്രാശമായിട്ടു പ്രയൊഗിപ്പിക്കണം- രജീകൃതങ്ങളായിമധുഘൃതൊപെതങ്ങളായിരിക്കുന്ന ചാമീകരവചാബ്രാഹ്മീവാപ്യപത്ഥ്യകളെ ലെഹനംചെയ്യെണം. എന്നിട്ടു ഹൈമധാത്രീരജസ്സിനെ ലെഹനംചെയ്യണം അനന്തരംസൈന്ധവവചായായിരിക്കുന്നസൎപ്പിസ്സുകൊണ്ടു ഗൎഭാംഭസ്സിനെവമിപ്പിക്കണം.-

പരിഭാഷ:—— നാഭി=പൊക്കിൾകൊടി- കല്ക്കതൈലം=കല്ക്കസിദ്ധമായിരിക്കുന്നതൈലം- കല്ക്കസിദ്ധം=കല്ക്കംകൊണ്ടു സിദ്ധം- കല്ക്കം=കൊട്ടം- സിദ്ധം=ഉണ്ടാക്കിയത- (കൊട്ടംകഷായം വെച്ചു കാച്ചിയതെന്നൎത്ഥം) തൈലം=എണ്ണ- സെചനംചെയ്ക=നനക്കുക- തപ്തരജതതപനീയനിമജ്ജനങ്ങൾ=തപ്തരജതതപനീയങ്ങളുടെ നിമജ്ജനങ്ങൾ- തപ്തരജതതപനീയങ്ങൾ=തപ്തങ്ങളായിരിക്കുന്നരജതതപനീയങ്ങൾ- തപ്തങ്ങൾ=തപിപ്പിക്കപ്പെട്ടവ- തപിപ്പിക്ക=ചുടുണ്ടാക്കുക- (തീയിലിട്ടു പഴുപ്പിക്കുക എന്നൎത്ഥം) രജതതപനീയങ്ങൾ=രജതവും തപനീയവും- രജതം=വെള്ളി- തപനീയം=സ്വൎണ്ണം- നിമജ്ജനങ്ങൾ=മുങ്ങലുകൾ- കൊഷ്ണം=അല്പമായ ചൂടൊടുകൂടിയത- ക്ഷീരിവൃക്ഷകഷായം=ക്ഷീരിവൃക്ഷങ്ങളെക്കൊണ്ടുണ്ടാക്കിയ കഷായം- ക്ഷീരിവൃക്ഷങ്ങൾ=നാല്പാമരങ്ങൾ- (അത്തിമുതലായവകൾ) സൎവ്വഗന്ധോദകം=സൎവ്വഗന്ധയുക്തമായിരിക്കുന്നുദകം- സൎവ്വഗന്ധയുക്തം=സൎവ്വഗന്ധത്തൊടുകൂടിയത- സൎവ്വഗന്ധം=സൎവ്വമായിരിക്കുന്നഗന്ധം- സൎവ്വം=ഒട്ടൊഴിയാതെയുള്ളത- ഗന്ധം=ഗന്ധദ്രവ്യം- ഉദകം=വെള്ളം- സ്നാപിപ്പിക്ക=സ്നാനംചെയ്യിപ്പിക്ക- ദക്ഷിണതൎജ്ജനി=ദക്ഷിണയായിരിക്കുന്ന തൎജ്ജനി- ദക്ഷിണാ=വലത്തെ- തൎജ്ജനി=ചൂണ്ടാണിവിരൽ- താലു=താലുപ്രദേശം- (അണ്ണാക്ക) ഉന്നമിപ്പിക്ക=പൊക്കുക- ശിരസ്സ=മൂൎദ്ധാവ- സ്നേഹപിചു=സ്നേഹയുക്തമായിരിക്കുന്നപിചു- സ്നേഹയുക്തം=സ്നേഹത്തൊടുകൂടിയത- സ്നേഹം=എണ്ണ- പിചു=ഉണ്ണി- അവധാനംചെയ്ക=ഉറെക്കുക- ഉല്വൻ=ബോളൻ- മേധായുൎബ്ബലം=മേധായുസ്സുകളുടെബലം- മേധായുസ്സുകൾ=മേധയും ആയുസ്സും- മേധാ=ബുദ്ധി- ബലം=ശക്തി- അഭിമന്ത്രിതം=അഭിമന്ത്രിക്കപ്പെട്ടത- അഭിമന്ത്രിക്ക=വഴിപൊലെമന്ത്രിക്ക- മന്ത്രിക്ക=മന്ത്രോച്ചാരണംചെയ്യിട്ടുവിശേഷത്തെപ്രാപിപ്പിക്ക- ഹരെണുമാത്രം=ഹരെണുപ്രമാണം- ഹരെണു=അരെണത്തം- ഐന്ദ്രീബ്രാഹ്മീവചാശംഖപുഷ്പികല്കം= ഐന്ദ്രീബ്രാഹ്മീവചാശംഖപുഷ്പികളുടെകല്കം- ഐന്ദ്രീബ്രാഹ്മീവചാശംഖപുഷ്പികൾ=ഐന്ദ്രിയും ബ്രാഹ്മിയും വചയും ശംഖപുഷ്പിയും- ഐന്ദ്രീ=കാട്ടുവെള്ളരി- ബ്രാഹ്മീ=ബ്രാഹ്മിവിശേഷം- (കരുമത്തിളെന്ന ഒരുപക്ഷമുണ്ടു) വചാ=വയമ്പ- ശംഖപുഷ്പി=ശംഖപുഷ്പം- ഘൃതം=നെയ്യ- മധു=തെൻ- പ്രാശം=അല്പമായിരിക്കുന്ന അശനം- അശനം=ഭക്ഷണം- പ്രയോജിക്ക=പാനംചെയ്ക- മജ്ജിതകം=മജ്ജ കരി

ക്കപ്പെട്ടവ- രജീകരിക്ക=രജസ്സാക്കിചെയ്യുക- രജസ്സ=പൊടി- മധുഘൃതോപേതകൾ=മധുഘൃതങ്ങളോടു കൂടിയവ- മധുഘൃതങ്ങൾ=മധുവും ഘൃതവും- മധു=തേൻ- ഘൃതം=നെയ്യ- ചാമീകരവചാബ്രാഹ്മീവാപ്യപത്ഥ്യകൾ=ചാമീകരവും വചയും ബ്രാഹ്മിയും വാപ്യവും പത്ഥ്യയും ചാമീകരം=സ്വൎണ്ണം- വചാ=വയമ്പ- ബ്രാഹ്മി=ബ്രഹ്മി- വാപ്യം=കൊട്ടം- പത്ഥ്യാ=കടുക്ക- ലെഹനം ചെയ്യ=നക്കുക- ഹേമധാത്രീരജസ്സ=ഹേമധാത്രികളുടെ രജസ്സ- ഹേമധാത്രികൾ=ഹേമവും ധാത്രിയും- ഹേമം=സ്വൎണ്ണം- ധാത്രി=നെല്ലിക്ക- രജസ്സ=പൊടി- ലെഹനം ചെയ്ക=നക്കുക- സൈന്ധവവത്ത=സൈന്ധവത്തോടുകൂടിയത- സൈന്ധവം=ഇന്തുപ്പു- സൎപ്പിസ്സ=നെയ്യ- ഗൎഭസ്സ=ഗൎഭജലം- വമിപ്പിക്ക=ഛൎദ്ദിപ്പിക്കുക-

സാരം—— നാളിനാളച്ഛേദനം ചെയ്തുവായിട്ടുണ്ടായ വ്രണത്തെ ഉണക്കുവാനായിക്കൊണ്ടു കൊട്ടം കഷായംവെച്ചു കല്ക്കമിട്ടു കാച്ചിയ എണ്ണയെയൊ കൊട്ടം പൊടിച്ചിട്ടു ചെൎത്തിരിക്കുന്ന എണ്ണയെയൊ പൊക്കിൾ കൊടിയിൽ പുരട്ടുകയും വേണം- അനന്തരം വെള്ളികൊണ്ടൊ സ്വൎണ്ണംകൊണ്ടൊ ഉണ്ടാക്കി തീയിലിട്ടു പഴുപ്പിച്ചു മുക്കുക ചെയ്തുവായിട്ടു അല്പമായ ചൂടൊടുകൂടിയ നാല്പാമരത്തൊലി ഇട്ടുവെച്ച വെള്ളംകൊണ്ടൊ രാമച്ചം ചന്ദനം കൊട്ടം ഇങ്ങിനെയുള്ള സുഗന്ധദ്രവ്യങ്ങൾ ഇട്ടുവെച്ച വെള്ളംകൊണ്ടൊ ബാലനെ കുളിപ്പിക്കുകയും- അതിന്റെശെഷം വലത്തെ കയ്യിന്റെ ചൂണ്ടാണി വിരൽകൊണ്ടു ശിരസ്സിനെ സമമാക്കാനായിക്കൊണ്ടും മൂക്കിന്റെ വലിപ്പത്തിനായിക്കൊണ്ടും അണ്ണാക്കിനെ പൊങ്ങിച്ചിട്ടു ശിരസ്സിൽ എണ്ണയിൽ മുക്കിയ ശീലയിടുകയും വേണം- ഇവിടെ അണ്ണാക്കിനെ പൊക്കുക എന്ന പ്രസംഗംകൊണ്ടു ഉരാലിസ്രോതസ്സുകളില്ലെന്നു വരികിൽ അതാതിന്റെ അവസ്ഥപൊലെ ഉണ്ടാക്കേണമെന്നു കൂടി സൂചിപ്പിരിക്കുന്നു (അപാരണൈ ഉദരെസ്പൃഷ്ട്വാവ്യധയെന്മതിമാൻഛിതൽ ഘൃതെനസെകം കവീതവണ്ണെനയനോപിചാ॥ ലിംഗപ്രളെരെ കൎണ്ണചനാസായാം ചതഥൈവച തന്മാത്രലെശംസ്പൃഷ്ട്വൈവ്യധിതാനെസകമാചരെൽ) എന്ന തന്ത്രാന്തര ഉണ്ടാകയാൽ ചാരത്തൊടുകൂടാതിരിക്കുന്ന ഉരാലിയിങ്കൽ സൂചികൊണ്ടു ചാര ഉണ്ടാക്കി നെയ്യുകൊണ്ടു നനക്കുകയും വേണം- അനന്തരം ബാലന്റെ ബുദ്ധി വൎദ്ധനക്കായിക്കൊണ്ടും ആയുൎവൎദ്ധനക്കായിക്കൊണ്ടും വൈദികമന്ത്രോച്ചാരണം കൊണ്ടു ശുദ്ധിവരുത്തി

യതായിട്ടും അരെണകത്തൊടു തുല്യമായിട്ടും ഇരിക്കുന്ന കാട്ടു വെള്ളരി, ബ്രഹ്മി, വയമ്പ, ശംഖപുഷ്പം ഇവകളെ അരച്ചു ഉണ്ടായ കല്ക്കത്തെ തെനും നെയ്യും ചെൎത്ത അല്പാശനമായിട്ടു സെവിപ്പിക്കുകയും വെണം. സ്വൎണ്ണം, വയമ്പ, ബ്രഹ്മി, കൊട്ടം, കടുക്ക ഇവകളെ പൊടിച്ചു തെനും നെയ്യും ചെൎത്ത നക്കുകയൊ അല്ലെങ്കിൽ സ്വൎണ്ണം, നെല്ലിക്ക ഇവകളെ പൊടിച്ചു തെനും നെയ്യും ചെൎത്ത നക്കുകയൊ വെണം. അനന്തരം ഇന്തുപ്പു പൊടിച്ചതും നെയ്യും കൂട്ടി സെവിപ്പിച്ചിട്ടു ഗൎഭോദകത്തെ ഛൎദ്ദിപ്പിക്കണം. (ഗൎഭാംഭസ്സാമവമനാൽ ശ്ലിഷ്ടണ്ഠകണ്ഠോഗസ്യവാസം ഷ്ഠികതാശ്ചമയെത്വെഷ്ടാമാൎഗ്ഗാനാപൂൎണ്ണതെതസഃ ॥ ബധിരത്വമിന്ദ്രിതൊമുഖ്യന്തൊമംശാസ്ത്രാലൊളിഭ്രയതെപ്യന്ദ്രൊഗാക്ഷെപകശ്വാസകാസഹിക്കാജ്വരാദിഭിഃ) ഇങ്ങിനെ അന്യശാസ്ത്രമുണ്ടാകയാൽ ഗൎഭജലത്തെ ഛൎദ്ദിപ്പിക്കായ്ക ഹെതുവായിട്ടു ധാതുക്കളൊത്തൊ പ്രാപിച്ചിരിക്കുന്ന കഫത്തൊടുകൂടി ഹൃദയത്തിങ്കൽ ഉറച്ചിട്ടു വഴികളെ തടുക്കുന്നു. അതുഹെതുവായിട്ടു കണ്ണടക്കി പിടിപ്പുവനായിട്ടും മൊഹാലസ്യത്തൊടു കൂടിയവനായിട്ടും ഇരിക്കുന്ന ബാലൻ ഹൃദ്രോഗം ആക്ഷെപവാതം ശ്വാസം കാസം ഛൎദ്ദി ജ്വരം ഇത്യാദികളായിരിക്കുന്ന രൊഗങ്ങളെ അനുഭവിക്കുന്നു. എന്ന അറിഞ്ഞുകൊൾകയും വെണം.

൯. പ്രാജാപത്യെനവിധിനാജാതകൎമ്മാദികാരയെൽ । സിരാണാംഹൃദയസ്ഥാനാംവിവൃതത്വാൽപ്രസൂതിതഃ ॥

൰. തൃതീയെഹ്നിചതുൎത്ഥെവാസ്ത്രീണാംസ്തന്യംപ്രവൎത്തതെ । പ്രഥമെദിവസെതസ്മാത്ത്രികാലംമധുസൎപ്പിഷീ ॥

൰൧. അനന്താമിശ്രിതെമന്ത്രപാവിതെപ്രാശയെച്ഛിശും । ദ്വിതീയെലക്ഷ്മണാസിദ്ധംതൃതീയെചഘൃതംതതഃ ॥

൰൨. പ്രാങ്നിഷിദ്ധസ്തന്യസ്യാസ്യതൽപാണിതലസംമിതം । സ്തന്യാനുപാനംദ്വൌകാലൌനവനീതംപ്രയൊജയെൽ ॥

അന്വയം —— ജാതകൎമ്മാദി- പ്രാജാപത്യെന- വിധിനാ- കാരയെൽ- സ്ത്രീണാം- പ്രസൂതിതഃ- തൃതീയെ- ചതുൎത്ഥെ- വാ- അഹനി- ഹൃദയസ്ഥാനാം- സിരാണാം- വിവൃതത്വാൽ- സ്തന്യം- പ്രവൎത്തതെ- തസ്മാൽ- ശിശും- പ്രഥമെ- ദിവസെ- അനന്താമിശ്രിതെ- മന്ത്രപാവിതെ- മധുസൎപ്പിഷീ- ത്രികാലം- പ്രാശയെൽ- ദ്വിതീയെ- തൃതീയെ- ച- ലക്ഷ്മണാസിദ്ധം- ഘൃതം- പ്രാശയെൽ- തതഃ- പ്രാക്- നിഷിദ്ധസ്തന്യസ്യ- അസ്യ- ദ്വൌ കാലൌ- തൽപാണിതലസംമിതം- നവനീതം- സ്തന്യാനുപാ

ന്നം- പ്രയോജയേൽ ॥

അന്വയാൎത്ഥം—— ജാതകൎമ്മാദിയെ പ്രാജാപത്യമായിരിക്കുന്ന വിധികൊണ്ടു ചെയ്യേണം- സ്ത്രീകൾക്കു പ്രസൂതിയിങ്കൽ നിന്നു തുടങ്ങി തൃതീയമായിരിക്കുന്ന അവസ്ഥിംകലോ ചതുൎത്ഥമായിരിക്കുന്ന അവസ്ഥിംകലോ ഹൃദയസ്ഥകളായിരിക്കുന്ന സിരകളുടെ വിവൃതത്വംഹേതുവായിട്ടു സ്തന്യം പ്രവൎത്തിക്കുന്നു- അതു ഹേതുവായിട്ടു ശിശുവിനെ പ്രഥമമായിരിക്കുന്ന ദിവസത്തിങ്കൽ അനന്താമിശ്രിതങ്ങളായി മന്ത്രപാവിതങ്ങളായിരിക്കുന്ന മധുസൎപ്പിസ്സുകളെ ത്രികാലത്തിങ്കൽ പ്രാശിപ്പിക്കണം- ദ്വിതീയമായിരിക്കുന്ന ദിവസത്തിങ്കലും തൃതീയമായിരിക്കുന്ന ദിവസത്തിങ്കലും ലക്ഷ്മണാസിദ്ധമായിരിക്കുന്ന ഘൃതത്തെ പ്രാശിപ്പിക്കണം- അനന്തരം മുമ്പിൽ നിഷിദ്ധസ്തന്യനായിരിക്കുന്ന ഇവന്നു രണ്ടുകാലങ്ങളിൽ തൽപാണിതലസമ്മിതമായിരിക്കുന്ന നവനീതത്തെ സ്തന്യാനുപാനമായിട്ടു പ്രയോജിക്കണം-

പദാൎത്ഥം—— ജാതകൎമ്മാദി=ജാതകൎമ്മമാകുന്ന ആദിയോടുകൂടിയതു- ജാതകൎമ്മം=ജാതകൎമ്മം എന്ന ക്രിയ- പ്രാജാപത്യം=വൈദികം- വിധി=കൎമ്മം- പ്രസൂതി=പ്രസവം- ഹൃദയസ്ഥകൾ=ഹൃദയത്തിങ്കൽ സ്ഥിതിചെയ്യുന്നവ- ഹൃദയം=മാറിടം- സ്ഥിതിചെയ്ക=നില്ക്കുക- (മുലപ്പാലിനെ വഹിക്കുന്നവ എന്നു താല്പൎയ്യം) സിരകൾ=ഞരമ്പുകൾ- വിവൃതത്വം=വിവൃതകളാവു എന്നുള്ളതു- വിവൃതകൾ=വിടൎന്നവ- സ്തന്യം=മുലപ്പാല- പ്രവൎത്തിക്ക=ഉണ്ടാവുക- ശിശു=ബാലൻ- പ്രഥമം=മുമ്പിലത്തെ- അനന്താമിശ്രിതങ്ങൾ=അനന്തയോടു കൂടിയവ- അനന്താ=സ്വൎണ്ണം- (കറുക എന്നും കൊടുത്തൂവ എന്നും അൎത്ഥമുണ്ടു) മന്ത്രപാവിതങ്ങൾ=മന്ത്രത്താൽ പാവിതങ്ങൾ- പാവിതങ്ങൾ=ശുദ്ധങ്ങളാക്കപ്പെട്ടതു- മധുസൎപ്പിസ്സുകൾ=മധുവും സൎപ്പിസ്സും- മധു=തേൻ- സൎപ്പിസ്സ=നെയ്യ- പ്രാശിപ്പിക്ക=ഭക്ഷിപ്പിക്ക- ദ്വിതീയം=രണ്ടാമത്തെ- തൃതീയം=മൂന്നാമത്തെ- ലക്ഷ്മണാസിദ്ധം=ലക്ഷ്മണകൊണ്ടു സിദ്ധം- ലക്ഷ്മണാ=[illegible]- സിദ്ധം=സാധിക്കപ്പെട്ടതു- സാധിക്ക=സംസ്കരിക്ക- (പാകംചെയ്തുണ്ടാക്കുക) ഘൃതം=നെയ്യ- നിഷിദ്ധസ്തന്യൻ=നിഷിദ്ധമായിരിക്കുന്ന സ്തന്യത്തോടു കൂടിയവൻ- നിഷിദ്ധം=നിഷേധിക്കപ്പെട്ടതു- നിഷേധിക്ക=വിരോധിക്ക- ഇവൻ=ബാലൻ- കാലങ്ങൾ=സമയങ്ങൾ- (രാവിലെയും ഉച്ചക്കുമെന്നു താല്പൎയ്യം) തൽപാണിതലസമ്മിതം=തൽപാണിതലത്തോടു സമ്മിതം- തൽപാണിതലം=അവന്റെ പാണി

തലം- അവൻ=ബാലൻ- പാണിതലം=ഉള്ളൻകൈ. സന്ധിതം=ഉള്ള്യം- നവനീതം=പുതിയവെണ്ണ- സ്തന്യാനുപാനം=സ്തന്യമാകുന്ന അനുപാനത്തോടു കൂടിയതു- സ്തന്യം=മുലപ്പാല. അനുപാനം=ഔഷധസേവാനന്തരമുള്ളപാനം- പ്രയോജിക്ക=ഭക്ഷിപ്പിക്ക

സാരം —— ഗർഭോദകത്തെ ഛർദ്ദിപ്പിച്ചതിന്നു ശേഷം വൈദികമായിരിക്കുന്ന വിധിയെ അനുസരിച്ചു ജാതകർമ്മത്തെയും നാമകരണത്തെയും ചെയ്യേണം- സ്ത്രീകളുടെ പ്രസവ ദിവസത്തിങ്കൽനിന്നു തുടങ്ങി മൂന്നാം ദിവസമൊ നാലാംദിവസമൊ മുലപ്പാലിനെ ധരിക്കുന്നതുകളായ ഞരമ്പുകൾ വിടൎന്നു വിളങ്ങുന്നുള്ളു- അതു ഹേതുവായിട്ടു ആ ദിവസങ്ങളിലത്രെ മുലപ്പാലുണ്ടാകുന്നതു- അതു ഹേതുവായിട്ടു ബാലനെ പ്രസവ ദിവസത്തിങ്കൽ സ്വൎണ്ണത്തോടും കറുകയോടും കൊട്ടത്തൂവയോടും ചെന്നിത്തുകളായിട്ടും മന്ത്രോച്ചാരണം കൊണ്ടു ശുദ്ധിവരുത്തിയതുകളായിട്ടും ഇരിക്കുന്ന തേൻ നെയ്യ ഇതുകളെ ഭക്ഷിപ്പിക്കേണം- രണ്ടാം ദിവസത്തിങ്കലും മൂന്നാം ദിവസത്തിങ്കലും എരട്ടിമധുരം കഷായമായിട്ടും കല്ക്കമായിട്ടും കാച്ചിയ നെയ്യു സേവിപ്പിക്കണം- നാലാം ദിവസത്തിങ്കൽനിന്നു മുമ്പ വിരോധിക്കപ്പെട്ടിരിക്കുന്ന മുലപ്പാലോടു കൂടിയ ബാലന്ന അവന്റെ ഉള്ളൻകയ്യിൽ അടങ്ങിയതായ വെണ്ണയെ നാലാം ദിവസത്തിങ്കൽ രാവിലെയും ഉച്ചക്കും സേവിപ്പിച്ചിട്ടു അനന്തരം മുലപ്പാലിനെ പാനം ചെയ്യിപ്പിക്കണം- ഇവിടെ മൂന്നു ദിവസം മധുസൎപ്പിസ്സുകളെ പാനം ചെയ്യിപ്പിക്കണമെന്ന പറഞ്ഞതുകൊണ്ടു തന്നെ സ്തന്യ നിഷേധത്തെ ഊഹിക്കേണ്ടതാണ- ഛർദ്ദിപ്പിച്ചതിന്നു ശേഷം ബാക്കി നില്ക്കുന്ന ഗർഭജലത്തോടു കൂടീട്ടു കഫം പൊടുന്നനവെ മുലപ്പാലിനോടു ചേരുക ഹേതുവായിട്ടു കോപിച്ചിട്ടു രസധാതുവിനെ ദുഷിപ്പിച്ചിട്ടു സ്രോതൊരോധത്തെചെയ്യും- അതു ഹേതുവായിട്ടു അതിന്റെ ശോഷണത്തിന്നായികൊണ്ടാണെത്രെ സ്തന്യത്തെ മൂന്നു ദിവസം നിഷേധിച്ചതു- അതുകൊണ്ടു കേവലം മാതാവിന്നു മുലപ്പാലില്ലായ്കയാൽ തന്നെ അല്ലെന്നു അറിഞ്ഞുകൊള്ളേണം-

൫. മാതുരേവപിബേൽസ്തന്യംതൽപരംദേഹവൃദ്ധയെ। സ്തന്യധാത്ര്യാവുഭെകാൎയ്യെതദലാഭെത്ര സംപദി ॥

൬. അവ്യംഗെബ്രഹ്മചാരിണ്യൌവൎണ്ണപ്രകൃതിതസ്സമെ। നീരുജെമദ്ധ്യവയസൌജീവവത്സെനലോലുപെ ॥

അന്വയം——മാതുഃ- സ്തന്യം- ഏവ- പിബേൽ- തൽ- ദേ-ഹപുഷ്ടയെ- അലം- തദസംപത്തി- വത്സലെ- അവ്യംഗെ- ബ്രഹ്മചാരിണ്യഃ- വൎണ്ണപ്രകൃതിതത്സമെ- നീരുജെ- മദ്ധ്യവയസെഃ- ജീവദ്വത്സെ- നലോലുപെ- ഇഷ്ടെ- സ്തന്യദാത്ര്യഃ- കാൎയ്യഃ-

അന്വയാൎത്ഥം— മാതാവിന്റെ സ്തന്യത്തെതന്നെ പാനം ചെയ്യണം- അതാകട്ടെ ദെഹപുഷ്ടിക്കായിക്കൊണ്ടു പൎയ്യാപ്തമായി ഭവിക്കുന്നു- തദസംപത്തിങ്കൽ വത്സലകളായി അവ്യംഗകളായി ബ്രഹ്മചാരിണികളായി വൎണ്ണപ്രകൃതി തത്സമകളായി നീരുജകളായി മദ്ധ്യവയസ്സുകളായി ജീവദ്വത്സകളായി നാലൊലുപകളായിരിക്കുന്ന ഇഷ്ട സ്തന്യദാത്രികൾ കാൎയ്യകളായി ഭവിക്കുന്നു-

പരിഭാഷ—— മാതാവ=അംബ- സ്തന്യം=മുലപ്പാല- പാനം ചെയ്ക=കുടിക്ക- അത=മുലപ്പാല- ദെഹപുഷ്ടി=ദെഹത്തിന്റെ പുഷ്ടി- ദെഹം=ശരീരം- പുഷ്ടി=പൊഷണം- (തടിക്കുക) പൎയ്യാപ്തം=മതിയാകുന്നത- തദസംപത്ത=അതിന്റെ അസംപത്ത- അസ=മുലപ്പാല- അസംപത്ത=അപ്രാപ്തി- വത്സലകൾ=വാത്സല്യത്തൊടുകൂടിയവർ- വാത്സല്യം=സ്നെഹം- അവ്യംഗകൾ=വ്യംഗങ്ങളില്ലാത്തവർ- വ്യംഗങ്ങൾ=ന്യൂനാംഗങ്ങൾ- (എല്ലാ അവയവങ്ങളും ഉള്ളവരെന്ന സാരം) ബ്രഹ്മചാരിണികൾ=ബ്രഹ്മചൎയ്യാനുഷ്ഠാനകൾ- (പുരുഷസംയൊഗത്തൊടു കൂടാത്തവർ) വൎണ്ണപ്രകൃതിതത്സമകൾ=വൎണ്ണപ്രകൃതിയിങ്കൽനിന്ന തൽസമകൾ- വൎണ്ണപ്രകൃതി=വൎണ്ണവും പ്രകൃതിയും- വൎണ്ണം=ബ്രാഹ്മണാദിജാതി- പ്രകൃതി=വാതാദിപ്രകൃതി- തത്സമകൾ=അവരൊടുസമകൾ- അവർ=മാതാക്കന്മാർ- സമകൾ=തുല്യകൾ- നീരുജകൾ=രുജകളൊടു കൂടാത്തവർ- രുജകൾ=രൊഗങ്ങൾ- മദ്ധ്യവയസ്സുകൾ=സംപൂൎണ്ണയൌവനകൾ- ജീവദ്വത്സകൾ=ജീവത്തുക്കളായിരിക്കുന്ന വത്സന്മാരൊടുകൂടിയവർ- ജീവത്തുകൾ=ജീവനൊടു കൂടിയവർ- ജീവൻ=പ്രാണൻ- വത്സന്മാർ=കുട്ടികൾ- നാലൊലുപകൾ=ലൊലുപകളല്ലാത്തവർ- ലൊലുപകൾ=ലുബ്ധകൾ- സ്തന്യദാത്രികൾ=സ്തന്യപ്രദകൾ- (മുലപ്പാലകൊടുക്കുന്നവർ ഉപമാതാക്കളെന്നൎത്ഥം)-

സാരം——ബാലൻ അംബയുടെ മുലപ്പാലിനെ തന്നെ കുടിക്കണം- അത ശരീരപുഷ്ടിക്കായിക്കൊണ്ടു ശ്രെഷ്ഠമായി ഭവിക്കുന്നു- അംബയുടെ മുലയിൽ പാല ഇല്ലെങ്കിലും അല്പമായപാലെ

ളുള്ള എങ്കിലും കുട്ടികളെ കുറിച്ചു സ്നേഹത്തോടു കൂടിയവരായിയും അവയവങ്ങൾക്കു കുറവു കൂടാത്തവരായിയും പുരുഷസംയോഗത്തോടു കൂടാത്തവരായിയും ജാതികൊണ്ടും പ്രകൃതികൊണ്ടും മാതാവിനോടു തുല്യകളായിയും രോഗത്തോടു കൂടാത്തവരായിയും യൌവനവയസ്സുകളായിയും ജീവിച്ചിരിക്കുന്ന കുട്ടികളോടു കൂടിയവരായിയും അന്നപാനാദികളിൽ അഭിശ്രദ്ധയോടുകൂടാത്തവരായിയും ഊറിക്കുന്ന മുലപ്പാല കൊടുപ്പാൻയോഗ്യത ഉള്ളവരായ രണ്ടു ഉപമാതാക്കന്മാരെ നിശ്ചയിക്കേണം. (പുരാമദ്ധ്യവയോധാത്രി തരുണീ സ്യാദവത്സപാ ക്ലേശം നസഹതെ വൃദ്ധാസ്തന്യം ചാസ്യാന്നപുഷ്ടിദം) എന്ന പ്രമാണാന്തരമുണ്ടാകയാൽ തരുണിയായിരിക്കുന്ന സ്ത്രീ ബാലനെ കുറിച്ചു വാത്സല്യത്തോടു കൂടാത്തവളായിയും വൃദ്ധയായിരിക്കുന്ന ക്ലേശത്തെ സഹിക്കുന്നവളല്ലാത്തതായിയും ഭവിക്കുമെന്നതു ഹേതുവായിട്ടു അവരുടെ മുലപ്പാല ബാലന്റെ ശരീരപോഷണത്തെ ചെയ്യുന്നില്ല. അതുഹേതുവായിട്ടു യൌവന വയസ്സുകളായിരിക്കുന്ന സ്ത്രീകൾ ശ്രേഷ്ഠകളായി ഭവിക്കുന്നു എന്നും ഒരു സ്ത്രീയായാൽ അവളുടെ കുട്ടിക്കു കൊടുത്തു ശേഷിച്ചു മുലപ്പാലുകൊണ്ടു ബാലന്നു തൃപ്തി ഭവിക്കുന്നില്ലാത്തതു കൊണ്ടാകുന്നു രണ്ടു മുലപ്പാല കൊടുക്കുന്നവർ വേണമെന്നു പറഞ്ഞതെന്നും അറിഞ്ഞുകൊൾകയും വേണം.

൧൭. ഹിതാഹാരവിഹാരെണ യത്നാദുപചരെച്ച തെ । ശുക്രൊധലംഘനായാസാസ്തന്യനാശസ്യ ഹെതവഃ ॥

അന്വയം —— തെ. ഹിതാഹാരവിഹാരെണ. യത്നാൽ. ഉപചരെൽ. ച. ശുക്രൊധലംഘനായാസാഃ. സ്തന്യനാശസ്യ. ഹെതവഃ. സ്യുഃ.

അന്വയാർത്ഥം —— അവരെ ഹിതാഹാരവിഹാരംകൊണ്ടു യത്നേന ഉപചരിക്കുകയും വേണം. ശുക്രോധലംഘനായാസങ്ങൾ സ്തന്യത്തിന്നു ഹേതുക്കളായി ഭവിക്കും.

പദാർത്ഥം —— അവർ=ഉപമാതാക്കന്മാർ. (മുലപ്പാലകൊടുക്കുന്നവർ) ഹിതാഹാരവിഹാരം=ഹിതമായിരിക്കുന്ന ആഹാരവിഹാരം. ഹിതം=ഇഷ്ടം. ആഹാരവിഹാരം. ആഹാരവും വിഹാരവും. ആഹാരം=ഭക്ഷണം. വിഹാരം=പ്രവൃത്തി. യത്നം=പ്രയത്നം. ഉപചരിക്ക=ചെല്ലിക്ക. ശുക്രോധലംഘനായാസങ്ങൾ=ശുക്കും ക്രോധവും ലംഘനവും ആയാസവും. ശുക്ക്=ദുഃഖം=ക്രോധം=കോപം. ലംഘനം=ഉപവാസാദി. ആയാസം=ശരീരക്ലേ

ശേകരമായകഷ്ടം. സ്തന്യനാശം=സ്തന്യത്തിന്റെ നാശം= സ്തന്യം=മുല്പ്പാല. ഹേതുക്കൾ=കാരണങ്ങൾ.

സാരം——വിരുദ്ധ ഭക്ഷണങ്ങളെ ഉപേക്ഷിപ്പിച്ചിട്ടു ഇഷ്ടങ്ങളായിരിക്കുന്ന അന്നപാനങ്ങളെ കൊണ്ടും പുരുഷസംഗം വൈഷ്യം വ്യസനം പകലുറക്കം രാത്രി ഉറക്കമൊഴിക പട്ടിണിശരീരായാസകരമായ കർമ്മം ഇത്യാദികളെ ഉപേക്ഷിപ്പിച്ചിട്ടു അഭ്യംഗസ്നാനം മുതലായ മനസ്സിന്നു സന്തോഷകരമായ അന്യ പ്രവൃത്തികളെക്കൊണ്ടും പ്രയാസത്തെ ആശ്രയിച്ചിട്ടു മുലകൊടുക്കുന്നവരുടെ വൃദ്ധിയെ കല്പിക്കണം—വ്യസനം വൈഷമ്യം, പട്ടിണി ശരീരായാസകരമായ കർമ്മം. ഇത്യാദികൾ മുലപ്പാലിനെ നശിപ്പിപ്പാൻ കാരണങ്ങളായി ഭവിക്കുമെന്ന അൎത്ഥമാകുന്നു.

ഹന്ത. സ്തന്യസ്യശിഗ്രുവല്ലീനിമദ്യാന്യാനൂപജാരസാഃ ।
ക്ഷീരംക്ഷീരിണ്യൌഷധ്യശ്ശോകാശ്ചൈവവിപത്തയഃ ॥

അന്വയം——സ്തന്യസ്യ- ശിഗ്രുവല്ലീനി- മദ്യാനി-ആനൂപജാഃ- രസാഃ-ക്ഷീരം- ക്ഷീരിണ്യഃ- ഔഷധ്യഃ- ശോകാശ്ച- വിപത്തയഃ-ച- ഹേതവഃ ഭവന്തി.

അന്വയാൎത്ഥം——സ്തന്യത്തിന്നു ശിഗ്രുവല്ലികളായിരിക്കുന്ന മദ്യങ്ങളും ആനൂപങ്ങളായിരിക്കുന്ന രസങ്ങളും ക്ഷീരവും ക്ഷീരിണികളായിരിക്കുന്ന ഔഷധികളും ശോകാദികളുടെ വിപത്തുവും ഹേതുക്കളായിട്ടു ഭവിക്കുന്നു.

പരിഭാഷ——സ്തന്യം=മുലപ്പാല. ശിഗ്രുവല്ലികൾ=ശിഗ്രുവിങ്കൽ നിന്ന വല്ലികൾ. ശിഗ്രു=ഇക്ഷുകൃതമദ്യം. വല്ലികൾ=കൂടാത്തവ. ആനൂപങ്ങൾ=ആനൂപത്തിങ്കൽനിന്ന ജനിച്ചവ. ആനൂപം=ആനൂപമാംസം. ജനിക്ക=ഉണ്ടാക. രസങ്ങൾ=ചാറുകൾ. ക്ഷീരം=പാല. ക്ഷീരിണികൾ=ക്ഷീരമുള്ളവ. ക്ഷീരം=പാല. ഔഷധികൾ=ഔഷധ വിശേഷങ്ങൾ. ശോകാദി=ശോകം ആദിയായിട്ടുള്ളത. ശോകം=ദുഃഖം. വിപത്തയഃ=വിപരീതം. സ്തന്യം=സ്തന്യവൃദ്ധി. ഹേതു=കാരണം.

സാരം——കരിമ്പകൊണ്ടു ഉണ്ടാക്കിയിരിക്കുന്ന മദ്യങ്ങളിൽനിന്ന ഒഴികെശേഷമുള്ള മദ്യങ്ങളും ആനൂപദേശത്തിങ്കൽ സംചരിക്കുന്നവകളുടെ മാംസങ്ങളെക്കൊണ്ടുണ്ടാക്കിയിരിക്കുന്ന രസങ്ങളും പാലും പാലുള്ളതായ അടപതിയൻമുതലായ ഔഷധങ്ങളും ദുഃഖാദികൾക്കുവിപരീതമായ സന്തോഷാദിയും കുട്ടികളുടെസ്പൎശനം മുതലായതന്യങ്ങളും (രസപ്രസാദമധുരഃ പക്വാഹാരനിമിത്തജഃ കൃത്സ്നാദ്ദേഹാത്സ്തനൌപ്രാപ്തഃ സ്തന്യമിത്യഭിധീയതേ!)

വിശേഷതഃ പ്രതിശ്യായശ്ലേഷ്മഗുല്മാദ്ധ്യത്തൈ ചര്യാ
വതി മരണാൽ മുന്നേ അപി ശൈത്യസംശ്രവണാദ്യാവിസംഘട്ടാ
ദ്യപ്രവർത്തതെ സുപ്രസന്നമനസ്സാസ്സ്വരത്തെന്റെ ഹേതുത ചൃതെ
ത്താഹാരത്തെ സമീപ്യപ്രതിമൈവം സ്തന്യമപിന്ത്യിയഃ സപ്തധാ
ശ്രാവതപാദ്യശ്ലേഷ്മലക്ഷണമുചൃതെ॥ മപത്യസ്യസംസ്ത്രീശേ
നാസ്തിരണാമപി ഗ്രഹണാദ്യശീതൈകൃശ്ലേഷ്മതസം പ്രവർത്തതെ॥
(ന്നു സ്ഥാനിരന്തഃ സ്തന്യാഃ പ്രസ്തൂമൈവഹേതുതചൃതെ-) എന്ന
പ്രമാണാന്തരമുണ്ടാകയാൽ മുലപ്പാലിനെ വർദ്ധിപ്പിപ്പാൻ കാര
ണങ്ങളാകുന്നു എന്നതറിഞ്ഞുകൊൾകയും വേണം-

൧൭. വിരുദ്ധാഹാരജൈര്യാഃ ക്ഷുധിതായാഃ വിചേതസഃ । പ്ര
ദുഷ്ടധാതോർഗ്ഗർഭിണ്യാഃ സ്തന്യം രോഗകരം ശിശോഃ॥

അന്വയം —— വിരുദ്ധാഹാരജൈര്യാഃ- ക്ഷുധിതായാഃ- വി
ചേതസഃ- പ്രദുഷ്ടധാതോഃ- ഗർഭിണ്യാഃ- സ്തന്യം- ശിശോഃ-
രോഗകരം- ഭവതി-

അന്വയാർത്ഥം —— വിരുദ്ധാഹാരജൈകളായിട്ടും ക്ഷുധിതയാ
യിട്ടും വിചേതസ്സായിട്ടും പ്രദുഷ്ടധാതുവായിട്ടും ഗർഭിണിയായിട്ടും
ഇരിക്കുന്നവളുടെ സ്തന്യം ശിശുവിന്ന രോഗകരമായി ഭവിക്കുന്നു-

പദാർത്ഥം —— വിരുദ്ധാഹാരജൈകൾ = വിരുദ്ധാഹാരത്തെ ഭക്ഷിച്ചവൾ- വിരുദ്ധാഹാരം = വിരുദ്ധമായിട്ടുള്ള ആഹാരം- വി
രുദ്ധം = വിരോധമുള്ളത്- ആഹാരം = ഭക്ഷണദ്രവ്യം- ക്ഷുത്ത് = വിശപ്പ്- വി
ശക്കുക- ക്ഷുധിതാ = ക്ഷുത്തോടുകൂടിയവൾ- ക്ഷുത്ത് = ...
ചേതസ്സ് = മോഹാദികളോടുകൂടിയ മനസ്സ്- പ്രദുഷ്ടധാതു = പ്രദുഷ്ട
ങ്ങളായിരിക്കുന്ന ധാതുക്കളോടുകൂടിയവൾ- പ്രദുഷ്ടങ്ങൾ = ഏ
റവും ദുഷ്ടങ്ങൾ ദുഷ്ടങ്ങൾ = ദുഷിച്ചവ- ദുഷിക്ക = സ്വസ്ഥാനത്തി
ങ്കൽനിന്ന ചലിക്ക- ധാതുക്കൾ = രസാദികൾ- ഗർഭിണി = ഗർഭമുള്ള
വൾ- സ്തന്യം = മുലപ്പാല- ശിശു = ബാലൻ- രോഗകരം = രോഗ
ത്തെ ഉണ്ടാക്കുന്നത്-

സാരം —— ഒന്നുപരമിതം മാംസക്ഷീരക്ഷൌദ്രവിരുദ്ധ
ങ്ങൾ ഇത്യാദിവിരുദ്ധാഹാരത്തെ ഭക്ഷിച്ചവളുടെയും വിശ
പ്പോടുകൂടിയവളുടെയും മോഹാദിതുല്യത്തോടുകൂടിയവളുടെ
യും ഭക്ഷണദ്രവ്യാദ്യവൈഷമ്യവായിട്ടു ദുഷിച്ചിരിക്കുന്ന രസാദി
ധാതുക്കളോടുകൂടിയവളുടെയും ഗർഭമുള്ളവളുടെയും മുലപ്പാലദോഷ
ത്തോടുകൂടിയതാകയാൽ ആ മുലപ്പാലവെള്ളന്ന രോഗത്തെ ഉണ്ടാ
ക്കുന്നതാകുന്നു-

൧൮. സ്തന്യാഭാവേ പയഃ ഛാഗം ഗവ്യം വാ തദ്ഗുണം പിബേ

ൽ മൂലകൈ സ്സിദ്ധം ബൃഹത്യാദ്യൈസ്ഥിരയാവാസിതായുതം ||

അന്വയം —— സ്തന്യാഭാവെ - ക്ഷീരം - പയഃ - തൽഗുണം - ഗവ്യം - പയഃ - വാ - ബൃഹത്യാദ്യൈഃ - മൂലൈഃ - സ്ഥിരയാദ്യ - മൂലൈനവാ - സിദ്ധം - സിതായുതം - പിബെൽ:

അന്വയാർത്ഥം —— സ്തന്യാഭാവത്തിങ്കൽ ക്ഷീരമായിരിക്കുന്ന പയസ്സിനെയൊ തൽഗുണമായിഗവ്യമായിരിക്കുന്നപയസ്സിനെയൊ ബൃഹത്യാദിയുടെമൂലങ്ങളെക്കൊണ്ടൊ സ്ഥിരയുടെമൂലംകൊണ്ടൊ സിദ്ധമായി സിതായുതമായിട്ടുപാനംചെയ്യണം.

പദാർത്ഥം —— സ്തന്യാഭാവം=സ്തന്യത്തിന്റെഅഭാവം. സ്തന്യ=മുലപ്പാൽ. അഭാവം=ഇല്ലായ്ക. ക്ഷീരം=ക്ഷീരത്തെസംബന്ധിച്ചതു. ക്ഷീരം=ആട. പയസ്സ=പാല. തൽഗുണം=അതിനൊടുതുല്യമായിരിക്കുന്നഗുണത്തൊടുകൂടിയതു. അതു=ആട്ടിൻപാൽ ഗുണം=ധാതുപുഷ്ടി. ഗവ്യം=ഗോവിനെസംബന്ധിച്ചതു. ഗോവ=പശു. ബൃഹത്യാദി=ബൃഹതിതുടങ്ങിയതായിട്ടുള്ളതു. ബൃഹതി=ചെറുവഴുതിന. (പ്രസിദ്ധം ചെറുവഴുതിനയെന്നതാണിതു) സ്ഥിരാ=മൂവില. മൂലം=വെര. സിദ്ധം=ശൃതം. (കാച്ചിയ) സിതായുതം=സിതയൊടുകൂടിയതു. സിതാ=പഞ്ചസാര. പാനം=കുടിക്കുക.

സാരം —— മുലപ്പാലില്ലെങ്കിൽ ഓരിലവെര, മൂവിലവെര ചെറുവഴുതിനവെര, ചെറുവഴുതിനവെര, ഇതിനെയെല്ലാമിട്ടുകാച്ചിയൊ മൂവിലവെരതന്നെ ഇട്ടുകാച്ചിയൊ ഇരിക്കുന്ന ആട്ടിൻപാലൊ കുറച്ചുവെള്ളംകൂടികൂട്ടി കുറച്ചുശരീരാദ്ധ്യാനത്തെചെയ്തു ഏതെങ്കിലുമായിട്ടും കൈപ്പുള്ളതായിട്ടും ഇരിക്കുന്നതിനെഭക്ഷിക്കാത്തതുകൊണ്ടു ആട്ടിൻപാലിനൊടുതുല്യഗുണമായ പശുവിൻപാലൊപഞ്ചസാരചേർത്തസേവിക്കണം.

ഷഷ്ഠീംനിശാംവിശേഷേണ കൃതരക്ഷാബലിക്രിയാഃ ജാഗ്രു ർബ്ബാന്ധവാസ്തസ്യദധതഃ പരമാം മുദം ||

അന്വയം —— തസ്യ - ബാന്ധവാഃ - പരമാം - മുദം - ദധതഃ - കൃതരക്ഷാബലിക്രിയാഃ - ഷഷ്ഠീംനിശാം - വിശേഷേണ - ജാഗ്രുഃ -

അന്വയാർത്ഥം —— അവന്റെ ബാന്ധവന്മാര പരമയായിരിക്കുന്നമുദത്തിനെധരിച്ചവരായി കൃതരക്ഷാബലിക്രിയന്മാരായിട്ടു ഷഷ്ഠീനിശയിങ്കൽ വിശേഷേണ ജാഗരണംചെയ്യണം.

പദാർത്ഥം —— അവൻ=ബാലൻ. ബാന്ധവന്മാര=ബന്ധുക്കൾ. പരമാ=ഉൽകൃഷ്ടം. മുദം=സന്തോഷം. ദധതഃ=ധരിച്ചിരിക്കുന്നവർ. ധരിക്ക=വഹിക്ക. കൃതരക്ഷാബലിക്രിയന്മാ

ൽ= കൃതയായിരിക്കുന്ന രക്ഷാബലിക്രിയയോടകൂടിയവര- കൃതാ=ചെയ്യപ്പെട്ടത- രക്ഷാബലിക്രിയാ=രക്ഷക്കായിക്കൊണ്ടുള്ള ബലിക്രിയാ- രക്ഷാ=ശ്രുതരക്ഷാ- ബലിക്രിയാ=ബലികൎമ്മം- ഷഷ്ഠിനിശാ=ഷഷ്ഠിയായിരിക്കുന്നനിശാ- ഷഷ്ഠി=ആറാമത്തെത- നിശാ=രാത്രി- ജാഗരണം ചെയ്ക=ഉറക്കമിളക്കുക-

സാരം— കുട്ടിയുടെഅച്ഛൻ മുതലായ ബാന്ധവന്മാർ വളരെ സന്തോഷത്തെധരിച്ചിരിക്കുന്നവരായി ശ്രുതരക്ഷക്കായിക്കൊണ്ടുള്ളബലിക്രിയയെ ചെയ്തവരായിട്ട ആറാംദിവസം രാത്രി വിശേഷിച്ചും ഉറക്കമിളക്കണം ഈവിടെവിശേഷിച്ചും എന്നപറഞ്ഞതുകൊണ്ട ദിവസേനഉറക്കമിളച്ചിരിക്കണമെന്നും ആറാംദിവസം എന്നപറഞ്ഞതുകൊണ്ട ആ ദിവസത്തിങ്കൽ ഗ്രഹിക്കുന്ന ശകുനിഗ്രഹത്തിന്ന പ്രാബല്യമുണ്ടെന്നും സൂചിക്കുന്നതിനാലാകുന്നു- ആറാംദിവസം വിശേഷിച്ചും ഉറക്കമിളച്ചിരിക്കണമെന്ന പറയുന്നതെന്നറിഞ്ഞുകൊൾക-

൩൧– ദശമേദിവസേപൂൎണ്ണേവിധിവൽസ്വകുലോചിതൈഃ।
കാരയേൽ സൂതികോത്ഥാനംനാമബാലസ്യചാഞ്ചിതം॥

൩൨– ബ്രൂതം ശൈശവം മനോഹരാലങ്കാരചന്ദ്രനം।
നക്ഷത്രദേവതായുക്തം ബാന്ധവം വാ സമാക്ഷരം॥

അന്വയം— ദശമേ- ദിവസേ- പൂൎണ്ണേ- സ്വകുലോചിതൈഃ വിധിഭിഃ- സൂതികോത്ഥാനം- കാരയേൽ- ആംശൈഃ- മനോഹരാലങ്കാരചന്ദ്രനം- ബിന്ദുംഃ- ബാലസ്യ- നക്ഷത്രദേവതായുക്തം- ബാന്ധവം- വാ- സമാക്ഷരം- അഞ്ചിതം- നാമ- ച- കാരയേൽ-

അനന്തരം— ദശമമായിരിക്കുന്നദിവസം പൂൎണ്ണമായിരിക്കുംസമയത്തിങ്കൽ സ്വകുലോചിതങ്ങളായിരിക്കുന്ന വിധികളെക്കൊണ്ട സൂതികോത്ഥാനത്തെചെയ്യണം- ആംശങ്ങളെക്കൊണ്ട മനോഹരാലങ്കാരചന്ദ്രനത്തെ ബിന്ദുവായിരിക്കുന്ന ബാലന്റെനക്ഷത്രദേവതായുക്തമായിട്ടൊ ബാന്ധവമായിട്ടൊ ഇരിക്കുന്നതായി സമാക്ഷരമായി അഞ്ചിതമായിരിക്കുന്നനാമത്തെയും ചെയ്യണം-

പരിഭാഷാ— ദശമം=പത്താമത്തെ- ദിവസം=ദിനം- പൂൎണ്ണം=സംപൂൎണ്ണം- സ്വകുലോചിതങ്ങൾ=സ്വകുലത്തിങ്കൽ ഉചിതങ്ങൾ- സ്വകുലം=സ്വമായിരിക്കുന്നകുലം സ്വം=തന്നെ സംബന്ധിച്ചത- കുലം=ഗോത്രം- ഉചിതം=യോഗ്യം- വിധികൾ=കൎമ്മങ്ങൾ- സൂതികോത്ഥാനം=സൂതിയുടെഉത്ഥാനം- സൂതി

കാ=പ്രസവിച്ചവൾ- ഉത്ഥാനം=സ്നാനോത്സവം- അംഗങ്ങൾ= അവയവങ്ങൾ- മനോഹാലരോചനാഗരുചന്ദനങ്ങൾ= മനോഹയും അലവും രോചനവും അഗരുവും ചന്ദനവും മനോഹാ=മനയോല- അലം=അരിതാരം- രോചനം=ഗോരോചനം- അഗരു=അകില- ബിഭ്രൻ=ധരിച്ചിരിക്കുന്നവൻ- ധരിക്ക=വഹിക്ക- ബാലൻ=കുട്ടി- നക്ഷത്രദൈവതായുക്തം= നക്ഷത്രദൈവതയോടുകൂടിയത- നക്ഷത്രദൈവതാ=നക്ഷത്രത്തിന്റെ ദൈവതാ- നക്ഷത്രം=അശ്വതിമുതലായനാൾ- ദൈവതാ=അശ്വാദിദൈവതാ- ബാന്ധവം=ബന്ധുക്കളെ സംബന്ധിച്ചത- ബന്ധുക്കൾ=അച്ഛൻ മുത്തച്ഛൻ മുതലായവർ- സമാക്ഷരം=സമമായിരിക്കുന്ന അക്ഷരത്തോടുകൂടിയത- സമം=യുഗ്മം- അക്ഷരം=അകാരാദി- അർച്ചിതം=പൂജിതം- നാമം=പേര-

സാരം—— പത്തു ദിവസം പൂൎണ്ണമായാൽ അവരവരുടെ ഗോത്രത്തിന്നു യോഗ്യങ്ങളായ കൎമ്മങ്ങൾകൊണ്ട സൂതികോത്ഥാന

ദശമേദപാദശേവാഹ്നി ഗോത്രാചാരൈസ്തുതൈ
...നോത്സവംകുൎയ്യാൽ എന്നപ്രമാണമുണ്ടാകയാൽ
...രണ്ടുംകൊണ്ട അവരവരുടെ ആചാരത്തിന്നത
...പന്ത്രണ്ട ഇത്യാദി ദിവസങ്ങളിലും സൂതികൊ
...ണമെന്ന സൂചിപ്പിച്ചിരിക്കുന്നു എന്ന ഊഹിച്ചുകൊ
...വസങ്ങളിൽതന്നെ നാമകരണത്തിന്നും യോഗ്യ
...നാമകരണത്തെയും ചെയ്യേണമെന്ന പറയുന്നു
...ൾകൊണ്ടും മനയോല, അരിതാര, ഗോരോച
...ന്ദനം ഇതിലെതെങ്കിലും ഒന്ന അരച്ചുതേച്ചിരി
...ക്കുന്നായിരിക്കുബാലന്റെ (ദൈവാസ്യ-ശപിയമാ
...ത്രോദിദിവാകപതിർഗ്ഗോശീന്ദ്രഃ പിതരൊൎയ്യമാ
...ത്വഷ്ടൃശക്രാഗ്നയഃ മൈത്രേന്ദ്രാസൃതോയവശ
...പ്രതീചൈകപാൽ വൃദ്ധിഗ്ദ്ധ്യേതി ഭവന്തിപൂഷസ
...ദാധിപാഃ) എന്നപ്രമാണാന്തരമുണ്ടാകയാൽ ജ
...ന്റെ ദൈവതയോടുകൂടിയതായിട്ടൊ അച്ഛൻ മു
...ദികളായ ബന്ധുക്കളെ സംബന്ധിച്ചതായിട്ടൊ
...യും ഒറ്റക്ഷരമല്ലാതെയും രാമൻ, കൃഷ്ണൻ, നാ
...നാഥൻ ഇത്യാദി സമാക്ഷരത്തോട കൂടിയതാ
...തോട കൂടിയതാക ഹേതുവായിട്ട പൂജിക്കപ്പെടുവാ
...തായിട്ടും ഇരിക്കുന്ന പേരിനെയും ചെയ്യേണം-
...ശ്രുതിളെളൊകത്രപേരായുഃപരീക്ഷണം। പ്ര

...ചെയ്യേണം-
ശ്രുതെ സൂതാസ്നാ
സപകലൊചിത
ക്കവൎണ്ണം പത്തു
ത്ഥാനത്തെ ചെയ്യ
ളെള്ളണം- ൧൦ ദിവ
തുള്ളതാകയാൽ
ല്ലാ അവയവങ്ങ
നം, അകില, ച
നെധരിക്കുന്നവ
നലാജശശിനൊ
ഗേരവിതപൂ
ഹരയൊവസപ
ഹിതാദസ്രാദിരാ
ന്നനക്ഷത്രത്തി
ത്തച്ഛൻ ഇത്യാദി
ഇരിക്കുന്നതായി
രാമണൻ, പത്മ
യിയും അത്ഥത്തെ
ൻ യോഗ്യമുള്ള
൨൫. തഃപ്ര

ഉദക്ശിരസഃ കുര്യാൽബാലസ്യ ജ്ഞാനവാൻഭിഷക് ||

അന്വയം — തതഃ- ജ്ഞാനവാൻ- ഭിഷക്- പ്രാഗുദക്ശിരസഃ- ബാലസ്യ- പ്രകൃതിഭേദോക്തതന്ത്രൈഃ- ആയുഃ- പരീക്ഷണം- കുര്യാൽ-

അന്വയാർത്ഥം — അനന്തരം ജ്ഞാനവാനായിരിക്കുന്ന ഭിഷക്ക പ്രാഗുദക്ശിരസ്സായിരിക്കുന്ന ബാലന്റെ പ്രകൃതിഭേദോക്തതന്ത്രങ്ങളെക്കൊണ്ടു ആയുഃപരീക്ഷണത്തെ ചെയ്യേണം-

പരിഭാഷ — ജ്ഞാനവാൻ=ജ്ഞാനത്തോടുകൂടിയവൻ ജ്ഞാനം=അറിവ- ഭിഷക്=വൈദ്യൻ- പ്രാഗുദക്ശിരസ്സ=പ്രാക്ശിരസ്സായിട്ടോ ഉദക്ശിരസ്സായിട്ടോ ഇരിക്കുന്നവൻ- പ്രാക്ശിരസ്സ=കിഴക്കോട്ട ശിരസ്സായിട്ടുള്ളവൻ- ഉദക്ശിരസ്സ=വടക്കോട്ടശിരസ്സായിട്ടുള്ളവൻ- ബാലൻ=കുട്ടി- പ്രകൃതിഭേദോക്തതന്ത്രങ്ങളും=പ്രകൃതിഭേദോക്തങ്ങളായിരിക്കുന്നതന്ത്രങ്ങളും- പ്രകൃതിഭേദോക്തങ്ങളും=പ്രകൃതിഭേദത്തിങ്കൽ ഉക്തങ്ങളും- പ്രകൃതിഭേദം=പ്രകൃതിയുടെഭേദം- പ്രകൃതി=സ്വഭാവം- ഭേദം=വിശേഷം- ഉക്തങ്ങളും=പറയപ്പെട്ടവ- തന്ത്രങ്ങളും=ലക്ഷണങ്ങളും- ആയുഃപരീക്ഷണം=ആയുസ്സിന്റെപരീക്ഷണം- പരീക്ഷണം=പരിശോധനം-

സാരം — നാമകരണാനന്തരം അറിവുള്ള വൈദ്യൻ കിഴക്കോട്ടോ വടക്കോട്ടോ തലയാക്കിയിരിക്കുന്ന ബാലന്റെ അംശവിഭാഗാദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന അവയവങ്ങളുടെ കണ്ണിന്ന മുന്നരക്കണ്ണു നീളമുള്ള ശരീരം സുഖത്തിന്നും ആയുസ്സിന്നും പാത്രമായി ഭവിക്കുന്നു എന്നും മറ്റുമുള്ള ലക്ഷണങ്ങളെക്കൊണ്ടു ഇവൻ അല്പായുസ്സായി ഭവിക്കും- ഇവൻ മദ്ധ്യായുസ്സായി ഭവിക്കും- ഇവൻ പൂർണ്ണായുസ്സായി ഭവിക്കും എന്നുള്ള ആയുസ്സിന്റെ വിവേകജ്ഞാനത്തെയും സുഖാസുഖങ്ങളുടെ വിവേകജ്ഞാനത്തെയും ചെയ്യേണം- പ്രകൃതിയുടെ ഭേദം വികൃതി അതിങ്കൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങളെക്കൊണ്ടാകുന്നു ആയുർവിവേകജ്ഞാനത്തെ ചെയ്യേണ്ടതെന്ന അന്വയത്തിന്റെ ഭാവമാകുന്നു-

൨൨. ശുചിധൌതോപധാനാനി നിമ്നാനി മൃദൂനി ച | ശയ്യാസ്തരണപ്രാവാരാണി രക്ഷോഘ്നൈർധൂപിതാനി ച ||

അന്വയം — ശുചിധൌതോപധാനാനി- നിമ്നാനി- മൃദൂനി- ച- രക്ഷോഘ്നൈഃ- ധൂപിതാനി- ച- ശയ്യാസ്തരണപ്രാവാരാണി- കുര്യാൽ-

അന്വയാർത്ഥം — ശുചിധൌതോപധാനങ്ങളായിട്ടും, നിമ്ന

ടികളായിട്ടും മൃദുക്കളായിട്ടും രക്ഷോഘ്നങ്ങൾകൊണ്ടു ധൂപിതങ്ങളായിട്ടും ഇരിക്കുന്ന ശയ്യാസ്തരണവാസസ്സുകളെ ചെയ്യണം.

പദച്ഛേദം— ശുചിധൌതോപധാനാഃ=ശുചികളായിട്ടും ധൌതങ്ങളായിട്ടും ഉപധാനങ്ങളായിട്ടും ഇരിക്കുന്നവ- ശുചികൾ=ശുദ്ധങ്ങൾ- ധൌതങ്ങൾ=തിരുമ്മി കഴുകപ്പെട്ടവ- ഉപധാനങ്ങൾ=ഉണങ്ങിയവ- നിർവ്വലികൾ=വലികളോടുകൂടാത്തവ- വലികൾ=ചുളികൾ- മൃദുക്കൾ=മാർദ്ദവത്തോടുകൂടിയവ- രക്ഷോഘ്നങ്ങൾ=രക്ഷസ്സുകളെ ഹനിക്കുന്നവ- രക്ഷസ്സുകൾ=രക്ഷോഗ്രഹങ്ങൾ- ഹനിക്കുക=ശമിപ്പിക്ക- ധൂപിതങ്ങൾ=ധൂപിച്ചവ- ധൂപിക്ക=പുകക്ക- ശയ്യാസ്തരണവാസസ്സുകൾ=ശയ്യാസ്തരണത്തിന്നായ്ക്കൊണ്ടുള്ള വാസസ്സുകൾ- ശയ്യാസ്തരണം=ശയ്യയുടെ ആസ്തരണം- ശയ്യ=കിടക്ക- ആസ്തരണം=ആച്ഛാദനം- (മറെക്ക) വാസസ്സുകൾ=വസ്ത്രങ്ങൾ-

സാരം— ശുദ്ധങ്ങളായിട്ടും തിരുമ്മി കഴുകപ്പെട്ടവകളായിട്ടും ഉണങ്ങിയവകളായിട്ടും വയമ്പ്, കടുക ഇത്യാദികളെക്കൊണ്ടു പുകച്ചവകളായിട്ടും ചുളിവോടു കൂടാത്തവകളായിട്ടും ഇരിക്കുന്ന കിടക്കയുടെ മേൽവിരിപ്പിന്നായിക്കൊണ്ടുള്ള വസ്ത്രങ്ങളെയും ചെയ്യണം.

൨൫. കാകോലീരസ്യശ്ലക്ഷ്ണസ്യവാപുപർണ്ണീത്രിവൃതാനാളികാളി
വർഷഗ്ഗാരീശ്രഃ ശോഭാഞ്ജനത്വാലചൂർണ്ണമണീൻ ||

൨൬. ധാരയെദൗഷധീഃ ശ്രേഷ്ഠാഃ ഛത്രാദ്യൈശ്ച ജീവകാദികാഃ । ഹസ്ത്യശ്വഗ്രീവവക്ത്രസ്ഥാപിശേഷാഃ സതതം വചാഃ ||

൨൭. ആയുർമ്മേധാസ്മൃതിസ്വാസ്ഥ്യകരീം രക്ഷോഭിവന്ദനീം । ആസ്വാദ്യമാനാം സതതം ദേഹസ്യാത്മശ്രേഷ്ഠം ||

൨൮. കസ്തൂരീഹിമഗൗരവിദ്യാധാത്രീകല്പസ്യസ്നാതുയൻ । പ്രോക്ഷിണം കുമാരസ്യ ഭിഷഗ് ദ്വാദശമുദ്ധരേത് ||

൨൯. രക്ഷിണോനമയേ തച്ച പീഠപാളീമന്ത്യനാഥേനിനാ മദ്ധ്യതഃ കല്പിതം സ്യാത് കിലേതി സർവ്വാശയം പ്രോക്തി ||

൩൦. ഭോജ്യമാത്രപ്രമാണം നവിരഗ്ദ്ധപ്രവർദ്ധാസിതേ । ധൃതസ്യ നിശ്ചലം സമ്യഗ്ദൃഢതകരസാങ്കിതേ ||

൩൧. വിദ്ധ്യൈവേദൈരിമുസത്ക്കൈവാസ്തു ബാലപവാൻ । നോദ്ധപനപാത്രയൊന്യസ്തരസ്യത്രഹിസംശ്രിതാഃ ||

൩൨. കാളികാക്ഷീരകാരസ്യൈശ്ച യാഭാഗത്രയപ്രദാഃ । സശോധ ഭാഗസംയുക്തം മന്ത്രസ്യഃ ഗോപതാം നാകാദ് ।

അന്വയം— ആവിശ്യേൾ- കാകൾ- ച- ത്രിവൃതാനാളികാഃ

ഭൂഷണേ- ശസ്യഃ- ബാലഃ- ജീവൻബന്ധാദികൃന്തനഗോത്രാൻ- ശു
ഭാൻ- മണീൻ- ബ്രാഹ്മൈന്ദ്രീജീവകാദികാഃ- ശ്രേഷ്ഠാഃ- ഔ
ഷധീഃ- ഹസ്താഭ്യാം- ഗ്രീവയാ- കണ്ഠസൂത്രം- ധാരയേൽ- വി
ശേഷാൽ- ആയുഷ്യധാതുനിസ്പാദ്യകരീം- രക്ഷോഘ്നീംവ
ർണ്ണീം- വചാം- സതതം- ധാരയേൽ- ഷഡ്രസപൂർവ്വമാസ
നേഷു- ഹിമാഗമേ- ശുഭേ- അഹനി- നീരജസ്സ- ധാത്ര്യങ്ക
സ്ഥസ്യ- കുമാരസ്യ- കർണ്ണൗ- സന്തർപ്പയൻ- വിദധ്യാൽ- ദ്വി
ജഃ- ദക്ഷിണേന- പാണിനാ- സ്രുചം- അന്യേന- പാത്രീം-
ദധൽ- കുണ്ഡപീഠസ്യ- മധ്യതഃ- കിരണൈഃ- ഗന്ധാശയം- പ്ര
തി- ജരായുമാത്രപ്രച്ഛന്നം- രവിരശ്മ്യവഭാസിതം- അലങ്കൃത
സാങ്കിതം- വൈകൃതം- ഛിദ്രേ- നിശ്ചലം- സമ്യക്ധൃതസ്യ
സ്യ- ദക്ഷിണം- കർണ്ണം- പ്രാക് ലാഘവാൽ ഉദ്ധൃ- സകൃൽ- ഏ
വം- വിദധ്യാൽ- യോജിതം- ഇ- പ്രാക്- വാമം- കർണ്ണം- വി
ദധ്യാൽ- ഇദം- ന- പശ്ചാൽ- ന- അധഃ- ന- കാ
ളികാമർദ്ദിതകരാഃ- സ്വരാഃ- തത്ര- സംസ്ഥിതാഃ ഭവന്തി- ഛി
ന്നപ്രധാനൽ- സമ്യോഗമാരംഭമേതസ്യ ഗ്രാഹ്യം- ദോഷനാകാഃ- രാ
ഗാഃ- ദോഷാഃ- സ്യുഃ-

അന്വയാർത്ഥം —— അവിശദ്ധ്യനായിരിക്കുന്ന കുഞ്ഞും ത്രി
വൃതനായിട്ടു ഭൂഷണത്തിങ്കൽ ശസ്യമായിരിക്കുന്ന ബാ
ലൻ ജീവൻ ബന്ധാദി കൃന്തനങ്ങളായി ശുഭങ്ങളായിരിക്കുന്ന
മണികളെയും ബ്രാഹ്മൈന്ദ്രീ ജീവകാദികളായി ശ്രേഷ്ഠങ്ങളായി
രിക്കുന്ന ഔഷധികളെയും ഹസ്തങ്ങളെക്കൊണ്ടും ഗ്രീവകൊണ്ടും
കണ്ഠാവകൊണ്ടും എല്ലായ്പോഴും ധരിക്കണം- വിശേഷേണ ആ
യുഷ്യധാതുനിസ്പാദ്യകരിയായി രക്ഷോഘ്നിവർണ്ണിയാ
യിരിക്കുന്ന വചയെയും എല്ലായ്പോഴും ധരിക്കണം- ഷഡ്രസ
പൂർവ്വമാസങ്ങളിൽ ഹിമാഗമത്തിങ്കൽ ശുഭമായിരിക്കുന്ന അ
ഹസ്സിങ്കൽ നീരജനായി ധാത്ര്യങ്കസ്ഥനായിരിക്കുന്ന കുമാര
ന്റെ കർണ്ണങ്ങളെ സന്തർപ്പയന്നായിട്ടു വെധിക്കണം- ദ്വിജൻ
ദക്ഷിണമായിരിക്കുന്ന പാണികൊണ്ടു സ്രുചിയെയും അന്യം
കൊണ്ടു പാത്രിയെയും ധരിച്ചായിട്ടു കുണ്ഡപീഠത്തിന്റെ മദ്ധ്യത്തി
ങ്കൽ കത്തുന്ന ഗന്ധാശയത്തെ കരിച്ചു ജരായുമാത്ര
പ്രച്ഛന്നമായി രവിരശ്മ്യവഭാസിതമായി അലങ്കൃതസാങ്കി
തമായി വൈകൃതമായിരിക്കുന്ന ഛിദ്രത്തിങ്കൽ നിശ്ചലമാകും
വണ്ണം വഴിപോലെ ധൃതനായിരിക്കുന്നവന്റെ ദക്ഷിണമാ
യിരിക്കുന്ന കർണ്ണത്തെ മുമ്പെ ലാഘവം ഹേതുവായിട്ടു ഉദ്ധൃവാ

കംപിച്ചും ഒരിക്കിൽ തന്നെ വെധിക്കണം- യൊഷിത്തിന്റെ അതുകട്ടെ മുമ്പെ വാമമായിരിക്കുന്ന കൎണ്ണത്തെ വെധിക്കണം- ഊൎദ്ധ്വഭാഗത്തിങ്കലും അരുത- പാൎശ്വഭാഗങ്ങളിലും അരുത- അധൊഭാഗത്തിങ്കലും അരുത- കാളികാമൎമ്മരികകളായിരിക്കുന്ന സിരകൾ അവറ്റിൽ സംശ്രിതകളായി ഭവിക്കുന്നു- എന്നത ഹെതുവായിട്ട വൈച്യധം ഹെതുവായിട്ട സശൊഫദാഹസം ങ്ങ മന്യാസ്തംഭാപതാനകങ്ങളായിരിക്കുന്ന രൊഗവൎഗ്ഗങ്ങളും ഭവിക്കും-

പരിഭാഷാ—— അവിഃസ്പൃൻ=സ്വയംമൃതൻ-(തന്നെമരിച്ചവൻ) കാകൻ=കാക- ത്രിവൃതാനാചിതൻ=ത്രിവൃതത്തൊട അനാചിതൻ- ത്രിവൃതം=ത്രിസ്നെഹം- (നെയ്യ, മജ്ജാവ, വസാ ഇതുകളും എന്ന സാരം) അനാചിതൻ=കൂടിയവൻ- ധൂപനം=പുക- ശസ്തം=ശ്രെഷ്ഠം- ബാലൻ കുട്ടി- ജീവൽഖഡ്ഗാദിശൃംഗൊത്ഥങ്ങൾ=ജീവൽഖഡ്ഗാദി ശൃംഗങ്ങളിൽനിന്ന ഉത്ഥകങ്ങൾ- ജീവൽഖഡ്ഗാദിശൃംഗങ്ങൾ=ജീവൽഖഡ്ഗാദികളുടെ ശൃംഗങ്ങൾ- ജീവൽഖഡ്ഗാദികൾ=ജീവത്തുകളായിരിക്കുന്ന ഖഡ്ഗാദികൾ- ജീവത്തുകൾ=ജീവിച്ചിരിക്കുന്നവ- ജീവൻ=പ്രാണൻ- ഖഡ്ഗാദികൾ=ഖഡ്ഗം തുടങ്ങിയുള്ളവ- ഖഡ്ഗം=പാക്കാൻ- ശൃംഗങ്ങൾ=കൊമ്പുകൾ- ഉത്ഥങ്ങൾ=ഉണ്ടായവ- ഭൂതങ്ങൾ=ഗ്രഹങ്ങൾ- മണികൾ=രത്നങ്ങൾ- ബ്രാഹ്മ്യൈന്ദ്രീജീവകാദികകൾ=ബ്രാഹ്മ്യൈന്ദ്രീജീവകങ്ങൾ ആദിയായിട്ടുള്ളവ- ബ്രാഹ്മ്യൈന്ദ്രീജീവകങ്ങൾ=ബ്രാഹ്മിയും ഐന്ദ്രിയും ജീവകവും- ബ്രാഹ്മി=മുത്തിൾ- ഐന്ദ്രി=ശംഖുപുഷ്പം- ജീവകം=ചീവകം- (ആദിശബ്ദംകൊണ്ട പുഷ്പാങ്കുരങ്ങൾ മുതലായതിനെയും ഗ്രഹിച്ചുകൊൾക) ഔഷധികൾ=ഔഷധങ്ങൾ- ബാഹുക്കൾ=കരങ്ങൾ- ഗ്രീവാ=കഴുത്ത- മൂൎദ്ധാവ=ശിരസ്സ- ധരിക്ക=വഹിക്ക- ആയുൎമ്മെധാസ്മൃതിസ്വാസ്ഥ്യകാരി=ആയുൎമ്മെധാസ്മൃതിസ്വാസ്ഥ്യങ്ങളെ ഉണ്ടാക്കുന്നത- ആയുൎമ്മെധാസ്മൃതിസ്വാസ്ഥ്യങ്ങൾ=ആയുസ്സും മെധയും സ്മൃതിയും സ്വാസ്ഥ്യവും- മെധാ=വെഗത്തിൽ ഗ്രഹിപ്പാനുള്ള ശക്തി- സ്മൃതി=കഴിഞ്ഞതിനെ ഓൎമ്മയുണ്ടാവുക- സ്വാസ്ഥ്യം=ആരൊഗ്യം- രക്ഷൊനിബൎഹണി=രക്ഷസ്സുകളെ നിബൎഹണം ചെയ്യുന്നത- രക്ഷസ്സുകൾ=രക്ഷൊഗ്രഹങ്ങൾ- നിബൎഹണം ചെയ്ക=നശിപ്പിക്ക- ഷഷ്ഠസപ്താഷ്ടമമാസങ്ങൾ=ഷഷ്ഠസപ്താഷ്ടമങ്ങളായിരിക്കുന്ന മാസങ്ങൾ- ഷഷ്ഠസപ്താഷ്ടമങ്ങൾ=ഷഷ്ഠവും സപ്തമവും അഷ്ടമവും- ഷഷ്ഠം=ആറ- സപ്തമം=എഴ- അഷ്ടമം=എട്ട- ഹിമാഗമം=

ശീതകാലം- ക്രൂരം=സമൃദ്ധന്ത്- അഹസ്സ്=ദിനം- നീരജൻ=രജസ്സൊ
ടുകൂടാത്തവൻ- രജസ്സ്=രോഗം- ധാത്ര്യങ്കസ്ഥൻ=ധാത്ര്യങ്കത്തിങ്കൽ
സ്ഥിതിചെയ്യുന്നവൻ- ധാത്ര്യങ്കം=ധാത്രിയുടെഅങ്കം- ധാത്രി=
അമ്മ- അങ്കം=മടി- സ്ഥിതിചെയ്യുക=ഇരിക്കുക- കുമാരൻ=ബാ
ലൻ- കർണ്ണദ്വയം=ചെവികൾ- സാന്ത്വയതി=സാന്ത്വനംചെ
യ്യിക്കുന്നവൻ- സാന്ത്വനംചെയ്ക=ഇഷ്ടവാക്കുകൾകൊണ്ടു
സന്തോഷിപ്പിക്ക- വേധിക്ക=കുത്തുക- ഭിഷക്ക്=വൈദ്യൻ- ക
ഠിനം=വലത്തെത- പാണി=കൈ- സൂചി=കൂർത്തവേധനയ
ന്ത്രം- അന്യം=മറ്റെത (ഇടത്തെകൈയെന്നസാരം) പാളി=ക
ട്ടധരിച്ചിരിക്കുന്നവൻ- ധരിക്ക=പിടിക്കുക- കർണ്ണപീഠം=
കർണ്ണാധോഭാഗം- (ചെവിയുടെചോട) മധ്യം=നടു- ഗന്ധാശ
യം=ഗന്ധപ്രദേശം- ജരായുമാത്രപ്രച്ഛന്നം=ജരായുമാത്രത്താൽ
പ്രച്ഛന്നം- ജരായുമാത്രം=ജരായുതുല്യമായിനേർമ്മയായിരിക്കുന്ന
തൊലിനാൽമാത്രമെന്നർത്ഥം- ജരായുതുല്യം=ജരായുവിനോടുതു
ല്യം- ജരായു=മറുപിള്ള- സൂക്ഷ്മം=കനംകുറഞ്ഞത- തൊലി
പ്രച്ഛന്നം=മൂടിയത- രവിരശ്മ്യവഭാസിതം=രവിരശ്മിയാൽ അവ
ഭാസിതം- രവിരശ്മി=ആദിത്യരശ്മി- അവഭാസിതം=പ്രകാശി
തം- അലക്തകരസാങ്കിതം=അലക്തകരസംകൊണ്ടു അങ്കിതം-
അലക്തകരസം=ചെമ്പഞ്ഞിച്ചാറ- അങ്കിതം=അടയാളത്തോടുകൂടി
യത- ദൈവകൃതം=ദൈവത്താൽകൃതം- ദൈവം=വിധി- കൃതം=
ഉണ്ടാക്കപ്പെട്ടത- ച്ഛിദ്രം=ദ്വാരം-(തുള) നിശ്ചലം=ചലത്തോടുകൂ
ടാത്തത- ചലം=ഇളക്കം- ധൃതൻ=ധരിക്കപ്പെട്ടവൻ- ധരിക്ക=
പിടിക്ക- കഠിനം=വലത്തെത- കർണ്ണം=ചെവി- ലാഘവം=വേ
ഗം ഋജു=നേരെ- വേധിക്ക=കുത്തുക- യോഷിത=സ്ത്രീ- വാമം=
ഇടത്തെത- ഊർദ്ധ്വഭാഗം=മേൽഭാഗം- പാർശ്വങ്ങളും=അരുകുഭാഗ
ങ്ങളും- അധോഭാഗം=ചോട- കാളികാമർമ്മരീരക്തകൾ=കാളിക
യും മർമ്മരിയും രക്തയും- കാളികാ=കാളികഎന്നപേരോടുകൂടിയതു-
മർമ്മരീ=മർമ്മരിഎന്നപേരോടുകൂടിയത- രക്താ=രക്തഎന്ന പേ
രോടുകൂടിയതു- സിരകൾ=തന്തുകൾ- തന്തുകൾ=ഊർദ്ധ്വപാർശ്വ
അധോഭാഗങ്ങൾ- സംശ്രിതകൾ=ആശ്രിതകൾ- തദ്വ്യധം=
തന്തുകളുടെവ്യധം- തന്തുകൾ=സിരകൾ- വ്യധം=മുറി-
സശോഫദാഹസംരംഭമന്യാസ്തംഭാപതാനകങ്ങൾ= ശോഫദാഹ
സംരംഭമന്യാസ്തംഭാപതാനകങ്ങളോടുകൂടിയവ- ശോഫദാഹ
സംരംഭമന്യാസ്തംഭാപതാനകങ്ങൾ=ശോഫവും ദാഹവും സംരംഭ
വും മന്യാസ്തംഭവും അപതാനകവും- ശോഫം=വീക്കം- ദാഹം=

ശ്ലോകങ്ങളിലുംകഠിനമായിരിക്കുന്നപദ- സംഭൂതം=ഉണ്ടാക ന്നവിശേഷം-മന്ത്രാന്ത്യം=മന്ത്രാന്ത്യമെന്നവാരവേശം- ഉ പക്രമങ്ങൾ=ഉപക്രമങ്ങളെന്നുള്ളതരോഗം- രോഗങ്ങളുടെ ശമം=രോഗവും-തക്കംഉപായവും- രോഗം=ചൊല്പ- തക്കം=വൈദ്യം- ഉപക്രമം=ചികി-

സാരം—— ഹേതുകൂടാതെമരിച്ചിരിക്കുന്നകാക്കയും സർപ്പിൾ ജീവനുകളോടുകൂടിയാർപ്പണത്തിങ്കൽ ശ്രേഷ്ഠമായിട്ടുള്ള ന്നു. ഇവിടെവിശേഷമായിരിക്കുന്നകാക്കയെന്നും അതിനെ കൊന്നവൻഎന്നും അർത്ഥമാകുന്നുഎന്ന അതാണ്മതത്തിന്റെമത മാകുന്നു. അനന്തരംബാലന്റെ രക്ഷക്കായിക്കൊണ്ടു ജീ വനോടുകൂടിയിരിക്കുന്നആമ,സർപ്പം മുതലായവകളുടെ കൊ മ്പുകളിൽനിന്നും പണങ്ങളിൽനിന്നും ഉണ്ടായിരിക്കുന്നതുകളാ യിട്ടും മംഗലത്തെ ചെയ്യുന്നതുകളായിട്ടും ഇരിക്കുന്നമാണി ക്യാദിമണികളെയും മുത്തിൾ,ശംഖ്,പവിഴം, ചീവകം, പവിഴംകറു ത്തല എന്നതുടങ്ങിയുള്ള ശ്രേഷ്ഠങ്ങളായിരിക്കുന്ന ഔഷധങ്ങളെ യുംകയ്യുകളിലൊ കഴുത്തിലൊ തലയിലൊ എല്ലാസമയത്തിങ്കലും ധരിക്കേണം- ആയുസ്സിനെയും അഗ്നിഗ്രഹണശക്തിയെയും അതിതകാലാന്തരസ്മരണത്തെയും ആരോഗ്യത്തെയും ഉണ്ടാക്കു ന്നതായിട്ടും രക്ഷോഗ്രഹങ്ങളെനശിപ്പിക്കുന്നതായിട്ടും ഇരി ക്കുന്നവയമ്പിനെവിശേഷിച്ചും എല്ലായ്പ്പൊഴുംധരിക്കേണം-വൈ ദ്യൻ പ്രസവാനന്തരം ആറാംമാസത്തിലൊ ഏഴാംമാസത്തി ലൊ എട്ടാംമാസത്തിലൊശീതകാലത്തിങ്കൽ ശുഭദിവസംപ കൽ രോഗത്തോടുകൂടാത്തവനായിട്ടും അമ്മയുടെമടിയിൽഇ രിക്കുന്നവനായിട്ടും ഇരിക്കുന്നബാലന്റെ ചെവികളെ അവ നിഷ്ടമായവാക്കുകളെക്കൊണ്ടു മറ്റൊന്നത്തെ ഉഴു ക്കിട്ടുള്ളതേണം. വൈദ്യൻതന്റെവലത്തെകയ്യുകൊണ്ടുകണ്ണുവെ ക്കുന്നതിനായിക്കൊണ്ടുള്ളസൂചിയെയും ഇടത്തെകയ്യുകൊണ്ടുകാതി ന്റെതട്ടിനെയും പിടിച്ചിട്ടു തട്ടിന്റെനടുവിൽ കറുപ്പുകവിൾപ്പുറമെ ശത്തെആശ്രയിച്ചുമറ്റുപിള്ളയുടെതൊലിയോടു തുല്യമായചുറ്റു ത്തായതൊലികൊണ്ടുകൂടിയതായിട്ടും മാത്രകൊണ്ടു മാംസാ ദിയോടുകൂടാതെതന്നെ സൂചിച്ചിരിക്കുന്നതായിട്ടും സൂക്ഷ്മമായി രിക്കുന്ന ദ്വാരത്തോടുകൂടിയതാവുന്നുള്ളഹേതുവായിട്ടു ദൂന്യ ഭാഗത്തിൽകൂടിപോകുന്നതായ ആരിത്യരശ്മിയോടുകൂടിയതായിട്ടും കുത്തിച്ചുറ്റുകൊണ്ടു വെക്കുന്നസ്ഥാനത്തിങ്കൽ അടയാള മുള്ള ഉണ്ടാക്കിയതായിട്ടും തുടരുതന്നെ ശങ്കപ്പാനാൽ ഉണ്ടാ

കപ്പെട്ടതായിട്ടും ഇരിക്കുന്ന വൃത്തികൾ യഥാപ്രകാരമായാൽ ഇളകുന്നില്ല. അപ്രകാരം വഴിപോലെ പിടിച്ചിരിക്കുന്നവന്റെ വചനത്തെ കാതിന്നുമ്പോൾ താമസംകൂടാതെയും വൈമനസ്യംകൂടാതെയും. അനേക പ്രാവശ്യമല്ലാതെയും വേഗത്തിൽനേരെ ചെയ്യിക്കൽ തന്നെ ഉള്ളവനും. കുട്ടി സ്ത്രീ ആണെങ്കിൽ മേൽപ്രകാരം ഇതെ കാതിന്നുമ്പോൾ ഉള്ളവനും - ഇത്തിന്റെ ഉപാധ്യായപ്പോല്പളോഗങ്ങളിൽ കാളികാഎന്നും മർമ്മരിഎന്നും രക്താഎന്നുമുള്ള സിരകൾ സ്ഥിതി ചെയ്യുന്നു എന്നത് ഹേതുവായിട്ടു ഇത്തിന്റെ താഴെയും മേലെയും പാർശ്വഭാഗങ്ങളെയും കത്തരുതു. അതിനെ പുകച്ചറിഞ്ഞിട്ട് വീഴും. എല്ലാ അംഗങ്ങളിലും ഒരുപോലെ ഉള്ള കഠിനമായ ചൂട്. കഴിഞ്ഞവേദനയും. മന്യാസ്തംഭം അപതാനകം ഇങ്ങിനെ ഉള്ള വാതരോഗം. ചൊല്ല വേദന പനി ഇതുകളുണ്ടാകുമെന്നറിഞ്ഞുകൊൾക-

ന ഹി- തേഷാം യഥായഥം കുർയ്യാദ്വിഭജ്യാശു ചികിത്സിതം ।
സ്ഥാനവ്യധാന്നരുധിരം നതദ്രാഗാദ്യസംഭവഃ ॥

അന്വയം —— തേഷാം വിഭജ്യ - യഥായഥം - ചികിത്സിതം - ആശു - കുർയ്യാൽ - സ്ഥാനവ്യധാൽ - രുധിരം - ന - തദ്രാഗാദിസംഭവഃ - ന - ഭവതി -

അന്വയാർത്ഥം —— അതുകളുടെ വിഭാഗത്തെ കല്പിച്ചിട്ട് അതിൻപ്രകാരമേ ചികിത്സിതത്തെ വേഗത്തിൽ ചെയ്യേണം. സ്ഥാനവ്യധംഹേതുവായിട്ടു രുധിരവും ഭവിക്കുന്നില്ല തദ്രാഗാദിസംഭവവും ഭവിക്കുന്നില്ല-

പരിഭാഷ —— അതുകൾ=രോഗാദികൾ- വിഭാഗം=ഭേദം- ചികിത്സിതം=ചികിത്സാ- സ്ഥാനവ്യധം=സ്ഥാനത്തിന്റെവ്യധം- വ്യധം=കുത്തുക- രുധിരം=രക്തം- തദ്രാഗാദിസംഭവം=തദ്രാഗാദികളുടെ ഉത്ഭവം- തദ്രാഗാദികൾ=തദ്രാഗങ്ങൾ മുതലായുള്ളവ- തദ്രാഗങ്ങൾ= തദ്രാഗവും- തദ=വേദന- രാഗം=ചുവപ്പ്- സംഭവം=ഉൽപ്പത്തി-

സാരം —— കാളികാദികളായ ഞരമ്പുകളുടെ മുറിവ ഹേതുവായിട്ടു ഉണ്ടാകുന്ന രോഗാദികളുടെ ഭേദത്തെ അറിഞ്ഞിട്ടു അതാതു രോഗത്തിന്നു യോഗ്യമായ ചികിത്സയെ വേഗത്തിൽ ചെയ്യണം. മേൽപറഞ്ഞ സ്ഥാനത്തു തന്നെ ഉള്ളതാൽ ചോരയും വേദനയും ചൊപ്പും ഉത്ഭവികളൊന്നും തന്നെ ഉണ്ടാവില്ലെന്നറിഞ്ഞുകൊൾക-

ന ഹി- സ്നേഹം തസ്യ പൃഷ്ഠസ്യ തസ്യൈവ ചാന്തിനിധായ്ക്ക്
യേൽ! ഗുരുമൈ ... ഹസ്തേന ...!!

അന്വയം — അനു-സ്നേഹാക്തം- സ്വപ്യന്തസ്യൂതം- സൂത്രം- ച- നിധായ ഉഭയത:- അൎദ്ധജാനു-സിഞ്ചേൽ- ച-ബാലം ... പാളിം അതരായ- ശെ-ൽ-വിദ്ധ്യെൽ-

അന്വയാൎത്ഥം — അനന്തരം സ്നേഹാക്തമായി സ്വപ്യന്തസ്യൂതമായിരിക്കുന്ന സൂത്രത്തെ നിധാനം ചെയ്യുകയും വേണം. അതുമലതെൾകൊണ്ടു സെചിക്കുകയും വെണം ബാഹല്യമായിരിക്കുന്ന പാളിയെ അതുപൊലെ വെധിക്കണം.

പരിഭാഷ — സ്നേഹാക്തം=സ്നേഹത്താൽ അക്തം. സ്നേഹം=എണ്ണ- അക്തം=നനക്കപ്പെട്ടത- സ്വപ്യന്തസ്യൂതം=സൂചിയിൽ അവലംബിച്ചസ്യൂതം- സ്യൂതം=കൊൎത്തത- സൂത്രം=ചരട- നിധാപനം ചെയ്ക=വെക്കുക- അതുമലതെൾ=... സെചനം ചെയ്കുന്നവൎക്കുക- ബാഹല്യം=വിസ്തീൎണ്ണം- പാളി=തട്ട- അതരാഗ്? അതര എന്ന പെരൊടുകൂടിയശസ്ത്രം- വെധിക്ക=കുത്തുക-

സാരം — അനന്തരം എണ്ണകൊണ്ടു നനക്കപ്പെട്ടതായിയും സൂചിയുടെ ദ്വാരത്തിങ്കൽ കൊൎക്കപ്പെട്ടതായിയും ഇരിക്കുന്ന ചരടിനെ കാതിന്റെ ദ്വാരയിൽ വെക്കയും പച്ചവെള്ളം കൂടക്കൂടെ പകരുകയും വെണം. വിസ്താരത്തൊടകൂടിയിരിക്കുന്ന തട്ടയെ അതര എന്ന ശസ്ത്രംകൊണ്ടു സൂചി വെധത്തെ പൊലെ കുത്തുകണം.

൨൭. വിദ്ധ്യൽപാളിം ഹിതഭുജസ്ത്ര്യഹാൽ സ്ഥവീയസീം |
വൎത്തിം സന്ധാര്യ ക്രമശ: കൎണ്ണം വൎദ്ധയെത ശനൈശ്ശനൈ: ||

അന്വയം — പാളിം വിദ്ധ്യൽ- ഏവം രണ്ടുപക്ഷങ്ങളും പൂൎവ്വാനായികളാകുന്നു. ഹിതഭുജ- ത്ര്യഹാൽ- സ്ഥവീയസീം-വൎത്തിം സന്ധാര്യ-തത:-ക്രമശ:-കൎണ്ണം-ശനൈ:-ശനൈ:-വൎദ്ധയെത-

അന്വയാൎത്ഥം — ഹിതഭുക്കിന്ന ത്ര്യഹത്തിങ്കൽ മെൽപെട്ട സ്ഥവീയസിയായിരിക്കുന്ന വൎത്തിയെ സന്ധരിപ്പിച്ചിട്ട അനന്തരം ക്രമമായിരിക്കുന്ന കൎണ്ണത്തെ പതുക്കെ പതുക്കെ വൎദ്ധിപ്പിക്കണം.

പരിഭാഷ — ഹിതഭുക്ക ഹിതത്തെ ഭുജിക്കുന്നവൻ- ഹിതം=പത്ഥ്യാന്നം- ഭുജിക്ക=ഭക്ഷിക്ക- ത്ര്യഹം=ത്രിദിനം- (മൂന്നുദിവസം) സ്ഥവീയസീ=സ്ഥൂലതരാ- (ഏറ്റവും തടിച്ചത) വൎത്തി=തിരി- സന്ധരിപ്പിക്ക-പ്രവെശിപ്പിക്ക- ക്രമം=ഉണ്ടായിരിക്കുന്ന- കൎണ്ണം=ചെവി- വൎദ്ധിപ്പിക്ക=വലുതാക്കുക-

സാരം — പത്ഥ്യാന്നഭക്ഷണത്തെ ചെയ്യുന്ന ബാലന്റെ കൎണ്ണവെധത്തിങ്കൽ മൂന്നുദിവസം കഴിഞ്ഞതിന്നു മെൽ ഏറ്റവും

വസ്ത്രത്തിലുള്ള തിരിയെ കടഞ്ഞിട്ട അനന്തരം ഉണങ്ങിയാൽ അതു ചോരത്തെ ചുട്ടുക പൊത്തുക വലുതാക്കുകയും വേണം.

൩൭. അഥൈനം ജാതദശനം ക്രമശോഽപനയേൽ സ്തനാൽ । പൂ
ർവ്വോക്തം യോജയേൽ ക്ഷീരമന്നം ച ലഘു ബൃംഹണം ॥

അന്വയം — ഏനം - ജാതദശനം - സ്തനാൽ - ക്രമശഃ - അപനയേൽ - പൂർവ്വോക്തം - ക്ഷീരം - ലഘു - ബൃംഹണം - അന്നം - ച - യോജയേൽ -

അന്വയാർത്ഥം — അനന്തരം ജാതദശനനായിരിക്കുന്ന ഇവനെ സ്തനത്തിങ്കൽ നിന്നു ക്രമേണ അപനയിപ്പിക്കേണം- പൂർവ്വോക്തമായിരിക്കുന്ന ക്ഷീരത്തെയും ലഘുവായി ബൃംഹണമായിരിക്കുന്ന അന്നത്തെയും യോജിപ്പിക്കേണം-

പരിഭാഷാ — ജാതദശനൻ=ജാതമായിരിക്കുന്ന ദശനത്തോടുകൂടിയവൻ- ജാതം=ഉണ്ടായത- ദശനം=ദന്തം- (പല്ലു) ഇവൻ=ബാലൻ- സ്തനം=മുല- അപനയിപ്പിക്ക=നിവൎത്തിപ്പിക്ക- പൂർവ്വോക്തം=പൂർവ്വം ഉക്തമായിട്ടുള്ളത- പൂർവ്വം=മുമ്പെ- ഉക്തം=പറയപ്പെട്ടത- ക്ഷീരം=പാല- ലഘു=കനമില്ലാത്തത- ബൃംഹണം=ശരീരപുഷ്ടിയെ ചെയ്യുന്നത-

സാരം — അനന്തരം ബാലന്ന പല്ലു വന്നാൽ ക്രമേണ മുലപ്പാലിങ്കൽ നിന്നു നിവൎത്തിപ്പിക്കയും ഈ അദ്ധ്യായത്തിൽ തന്നെ മുമ്പെ പറഞ്ഞിരിക്കുന്ന ഔഷധങ്ങളെക്കൊണ്ടു കാച്ചിയ ആട്ടിൻപാലൊ ഗുണമായിരിക്കുന്ന പശുവിൻപാലൊ സേവിപ്പിക്കയും കനം കുറഞ്ഞതായും മാംസാദികളെ തടിപ്പിക്കുന്നതായും ഇരിക്കുന്ന അന്നത്തെ ഭക്ഷിപ്പിക്കയും വേണം.

൩൮. പ്രിയാളമജ്ജമധുകമധുലാജസിതോപലൈഃ । അപ
സ്തന്യസ്യ സംയോജ്യഃ പ്രീണനോ മോദകഃ ശിശോഃ ॥

അന്വയം — അപസ്തന്യസ്യ - ശിശോഃ- പ്രിയാളമജ്ജമധുകമധുലാജസിതോപലൈഃ- പ്രീണനഃ- മോദകഃ- സംയോജ്യഃ-

അന്വയാർത്ഥം — അപസ്തന്യനായിരിക്കുന്ന ശിശുവിന്നു പ്രിയാളമജ്ജമധുകമധുലാജസിതോപലങ്ങളെക്കൊണ്ടു പ്രീണനമായിരിക്കുന്ന മോദകം സംയോജ്യമായി ഭവിക്കുന്നു.

പരിഭാഷാ — അപസ്തന്യൻ=അപഗതമായിരിക്കുന്ന സ്തന്യത്തോടുകൂടിയവൻ- അപഗതം=നഷ്ടം- സ്തന്യം=മുലപ്പാല- ശിശു=ബാലൻ- പ്രിയാളമജ്ജ മധുക മധുലാജസിതോപലങ്ങ

ഠം= പ്രിയാളമജ്ജയും മധുകവും മധുവും ലാജവും സിതോപലവും- പ്രിയാളമജ്ജാ=പ്രിയാളത്തിന്റെ മജ്ജ- പ്രിയാളം=മുറൾപുഴം- മജ്ജാ=കഴമ്പ- മധുകം=എരട്ടിമധുരം- മധു=തേൻ- ലാജം=മലര- സിതോപലം=പഞ്ചസാര- പ്രീണനം=ശരീരപോഷണം- (ശരീരത്തെ തടിപ്പിക്കുന്നത) മോദകം=ഉരുള- സംയോജ്യ=സംയോജിപ്പിക്കപ്പെടുവാൻയോഗ്യം- സംയോജിപ്പിക്ക=വഴിപോലെ യോജിപ്പിക്ക- യോജിപ്പിക്ക=ചേൎക്കുക-

സാരം — മുലപ്പാലിങ്കൽനിന്ന നിവൎത്തിപ്പിച്ചിരിക്കുന്ന ബാലന മുറൾപുഴത്തിന്റെ ഉള്ളിലെ കഴമ്പ ഇരട്ടിമധുരം, തേൻ, മലര, പഞ്ചസാര ഇതുകളെക്കൊണ്ട ഉണ്ടാക്കിയതായിട്ടും ശരീരത്തെ പുഷ്ടിവരുത്തുന്നതായിട്ടും ഇരിക്കുന്ന ഉരുളയെ ഭക്ഷിപ്പിക്കണം-

൩൭. ദീപനോബാലവില്വൈലാശൎക്കരാലാജസക്തുഭിഃ സംഗ്രാഹീധാതകീപുഷ്പശൎക്കരാലാജതൎപ്പണൈഃ ॥

അന്വയം — ബാലവില്വൈലാശൎക്കരാലാജസക്തുഭിഃ- ദീപനഃ- മോദകഃ- സംയോജ്യഃ- ധാതകീപുഷ്പശൎക്കരാലാജതൎപ്പണൈഃ- സംഗ്രാഹീ- മോദകഃ- സംയോജ്യഃ-

അന്വയാൎത്ഥം — ബാലവില്വൈലാശൎക്കരാലാജസക്തുക്കളെക്കൊണ്ട ദീപനമായിരിക്കുന്ന മോദകവും സംയോജ്യമായിട്ടു ഭവിക്കുന്നു- ധാതകീപുഷ്പശൎക്കരാലാജതൎപ്പണങ്ങളെക്കൊണ്ട സംഗ്രാഹിയായിരിക്കുന്ന മോദകവും സംയോജ്യമായിട്ടു ഭവിക്കുന്നു-

പദാൎത്ഥം — ബാലവില്വൈലാശൎക്കരാലാജസക്തുക്കൾ= ബാലവില്വവും ഏലയും ശൎക്കരയും ലാജവും സക്തുവും- ബാലവില്വം=ഇളയകൂവളക്കായ- ഏലാ=ഏലത്തരി- ശൎക്കരാ=പഞ്ചസാര- ലാജം മലര- സക്തു=തവിട- ദീപനം=ജഠരാഗ്നിദീപ്തികരം- മോദകം=ഉരുള- ധാതകീപുഷ്പശൎക്കരാലാജതൎപ്പണങ്ങൾ= ധാതകീപുഷ്പവും ശൎക്കരയും ലാജതൎപ്പണവും- ധാതകീപുഷ്പം=താതിരിപ്പൂവ- ശൎക്കരാ=പഞ്ചസാര- ലാജതൎപ്പണം=ലാജങ്ങളെക്കൊണ്ടുണ്ടാക്കിയിരിക്കുന്നതൎപ്പണം- ലാജം=മലര- തൎപ്പണം=തരിപ്പണം- സംഗ്രാഹീ=മലബന്ധത്തെ ചെയ്യുന്നത-

സാരം — ഇളയകൂവളക്കായ, ഏലത്തരി, പഞ്ചസാര, മലര, തവിട, ഇതുകളെക്കൊണ്ട ഉണ്ടാക്കിയതായിട്ടും ജഠരാഗ്നിയെ വൎദ്ധിപ്പിക്കുന്നതായിട്ടും ഇരിക്കുന്ന ഉരുളയും താതിരിപ്പൂവ, പഞ്ചസാര, മലരകൊണ്ട ഉണ്ടാക്കിയ തരിപ്പണം, ഇതുകൾകൊണ്ട

ഉണ്ടാക്കിയതായിട്ടും മലബന്ധത്തെ ഉണ്ടാക്കുന്നതായിട്ടും ഇരിക്കുന്ന അടയെയും ഭക്ഷിപ്പിക്കണം.

൨൧. രോഗാംസ്തസ്യ ജയേൽ സൌമ്യൈ രവികാരകൈഃ। അന്യത്രാത്യയികാൽ വ്യാധേ ർവിരേകം സുതരാം ത്യജേൽ॥

അന്വയം— അസ്യ- രോഗാൻ- അവികാരകൈഃ- സൌമ്യൈഃ- ഭേഷജൈഃ- ജയേൽ- ച- ആത്യയികാൽ- വ്യാധേഃ- അന്യത്ര- വിരേകം- സുതരാം- ത്യജേൽ.

അന്വയാർത്ഥം— ഇവന്റെ രോഗങ്ങളെ അവികാരകങ്ങളായി സൌമ്യങ്ങളായിരിക്കുന്ന ഔഷധങ്ങളെക്കൊണ്ടു ജയിക്കുകയും വേണം. ആത്യയികമായിരിക്കുന്ന വ്യാധിയിങ്കൽ നിന്നൊഴിച്ചു വിരേകത്തെ ഏറ്റവും ത്യജിക്കേണം.

പരിഭാഷ— ഇവൻ=ബാലൻ. രോഗങ്ങൾ=വ്യാധികൾ= അവികാരകങ്ങൾ=വികാരകങ്ങളല്ലാത്തവ. വികാരകങ്ങൾ=വികാരത്തെ ഉണ്ടാക്കുന്നവ. വികാരം=ദുഃഖം. സൌമ്യങ്ങൾ=അതീക്ഷ്ണങ്ങൾ. ഭേഷജങ്ങൾ=ഔഷധങ്ങൾ. ആത്യയികം=നാശം. വ്യാധി=രോഗം. വിരേകം=വിരേചനം. ത്യജിക്കുക=ഉപേക്ഷിക്ക.

സാരം— അധികം എരിവും അധികം ഉപ്പുരസവും അധികം പുളിയും അധികം കൈപ്പും അധികം ചവർപ്പും അല്ലാത്തതുകളായിട്ടും ലഘുപ്രായങ്ങളായിട്ടും ഇരിക്കുന്ന ഔഷധങ്ങളെക്കൊണ്ടു ബാലന്റെ രോഗങ്ങളെ ശമിപ്പിക്കണം. കൂടാതെകഴികയില്ല എന്നുള്ള ഉദരാദികൾ നിന്നൊഴിച്ചു ശേഷം ഉള്ള വ്യാധിയിങ്കൽ വയറിളക്കുകയും അരുതു.

൨൨. ത്രാസയന്നവിധേയം ച ത്രസ്തം ഗൃഹ്ണന്തി ഹി ഗ്രഹാഃ। വസ്ത്രപാതാൽ പരസ്പർശാൽ പാലയേല്ലംഘനാച്ചതം॥

അന്വയം— ത്രസ്തം- ഗ്രഹാഃ- ഗൃഹ്ണന്തി- ഹി- അവിധേയം- ന- ത്രാസയേൽ- ച- വസ്ത്രപാതാൽ- പരസ്പർശാൽ- ലംഘനാൽ- ച- പാലയേൽ.

അന്വയാർത്ഥം— ത്രസ്തനായിരിക്കുന്നവനെ ഗ്രഹങ്ങൾ ഗ്രഹിക്കുന്നു എന്നതു ഹേതുവായിട്ടു അവിധേയനായിരിക്കുന്നവനെ ത്രസിപ്പിക്കരുതു. അവനെ വസ്ത്രപാതത്തിങ്കൽനിന്നും പരസ്പർശത്തിങ്കൽ നിന്നും ലംഘനത്തിങ്കൽനിന്നും പാലനം ചെയ്യേണം.

പരിഭാഷ— ത്രസ്തൻ=ഭയപ്പെട്ടവൻ. ഗ്രഹങ്ങൾ=പൂതനാദികൾ. ഗ്രഹിക്ക=ബാധിക്ക. അവിധേയൻ=വിധേയനല്ലാത്തവ

ൻ- വിധേയൻ=സ്വാധീനൻ ത്രസിപ്പിക്ക= ഭയപ്പെടുത്തുക. അവൻ=ബാലൻ- വസ്ത്രപാതം=വസ്ത്രത്തിന്റെപാതം- പാതം=പതനം-(വീഴ്ച) പരസ്പർശം=പരന്മാരുടെസ്പർശം-പരന്മാർ=മറ്റുള്ളവർ- സ്പർശം=തൊടുക- ലംഘനം=ചാട്ടിന്നി. പാലിക്ക=രക്ഷിക്ക.

സാരം—— ബാലനെ ഭയപ്പെടുത്തിയാൽ പൂതനാദിഗ്രഹങ്ങൾ ബാധിക്കുന്നു എന്നതുഹേതുവായിട്ട സ്വാധീനത്തോടുകൂടാതിരിക്കുന്ന ബാലനെ ഭയപ്പെടുത്തരുത്- കുട്ടിയെ മുമ്പാരികൾ അറിയാതെ വസ്ത്രംവീഴുന്നതിൽനിന്ന അരുതു. പാമാതാവ ഇവളൊഴികെ മറ്റുള്ളവരുടെ എല്ലാരെയുമുള്ള സ്പർശത്തിങ്കൽനിന്നും ഉപവാസാദികൾ നിന്നും രക്ഷിക്കുകയും വേണം.

൨൦. ബ്രഹ്മീസിദ്ധാർത്ഥകവചാശാരിബാകുഷ്ഠസൈന്ധവൈഃ । സകണൈഃ സാധിതം പീതം വാങ്മേധാസ്മൃതികൃദ്ഘൃതം ॥

൨൧. ആയുഷ്യം പാപ്മരക്ഷോഘ്നം ഭൂതോന്മാദനിബർഹണം । ത്രിഫലാലക്ഷ്മണാനന്താസമംഗാശാരിബാവചാഃ ।

൨൨. ബ്രഹ്മീപാഠാമപിബൃഹതീമപിസ്ഥിരാമപിപുനർന്നവാഃ । സഹദേവോരുവല്ലീപയസ്യാഗിരിമല്ലികാ ॥

൨൩. തോയകംസേപചേദേതൽപലാംശംപാദശേഷിതം । തേനകണാന്തിവചാകുഷ്ഠത്രിവൃത്സൈന്ധവസർഷപൈഃ ॥

൨൪. നിശാദ്വയവയസ്ഥാഭ്യാംയുക്തംപയസാചഗോഃ । പുഷ്യയോഗേഘൃതപ്രസ്ഥംസമേധശകലംശ്രുതം ॥

൨൫. പാനാദ്ദൃഷ്ടേന്ദ്രിയസ്മൃതിമേധാകരംപരം । രക്ഷോഘ്നംചവിഷഘ്നംചസാരസ്വതമിദംഘൃതം ॥

അന്വയം—— സകണൈഃ- ബ്രഹ്മീ- സിദ്ധാർത്ഥകവചാശാരിബാകുഷ്ഠസൈന്ധവൈഃ- സാധിതം- ഘൃതം- പീതം- വാങ്മേധാ- സ്മൃതികൃൽ- ആയുഷ്യം- പാപ്മരക്ഷോഘ്നം- ഭൂതോന്മാദനിബർഹണം- ഭവതി- ത്രിഫലാലക്ഷ്മണാനന്താസമംഗാശാരിബാവചാഃ- ബ്രഹ്മീപാഠാമപിബൃഹതീമപിസ്ഥിരാമപിപുനർന്നവാഃ- സഹദേവാ- ഉരുവഃ-വല്ലീ- പയസ്യാ- ഗിരിമല്ലികാ- ഏതത്- പലാംശം- തോയകംസേ-പാദശേഷിതം-പചേൽ- തേന- കണാന്തിവചാകുഷ്ഠത്രിവൃത്സൈന്ധവസർഷപൈഃ- നിശാദ്വയവയസ്ഥാഭ്യാം- ഗോഃ-പയസാ- ച- സംയുക്തം- പുഷ്യയോഗേ- സമേധശകലം- ശ്രുതം-ഘൃതപ്രസ്ഥം- പാനാദ്ദൃഷ്ടേന്ദ്രിയക്രൂ- പരിസ്തുതിമേധാകരം- സാരസ്വതം- ഇദം-ഘൃതം- രക്ഷോഘ്നം- ച- വിഷഘ്നം- ച-ഭവതി-

അർത്ഥം—— സകണങ്ങളായിരിക്കുന്ന ബ്രഹ്മീസിദ്ധാ

ത്ഥകവചാശാരിബാകുഷ്ഠസൈന്ധവങ്ങളെക്കൊണ്ടു സാധിതമായിരിക്കുന്നെയ്യ് പീതമായാൽ ഏറ്റവും വാങ്മേധാസ്മൃതികൃത്തായി ആയുഷ്യമായി പാപ്മരക്ഷോഘ്നമായി ഭൂതോന്മാദനിബർഹണമായി ഭവിക്കുന്നു. ത്രിഫലാലക്ഷ്മണാനന്താസമംഗാശാരിബാവചകളും ബ്രാഹ്മീപാഠാമഞ്ജിഷ്ഠാതിക്തസ്ഥിരാമധുപുനർന്നവകളും സഹദേവിയും രവിയുടെവള്ളിയും പാരസ്യയും ഗിരിമല്ലികയും, ഇതിനെപലാംശമായിട്ടു തോയകംസത്തിംകൽ പാദശേഷിതമാകുംവണ്ണം പചിക്കണം. അതുകൊണ്ടു കൌന്തിവചാകുഷ്ഠസൈന്ധവസർഷപങ്ങളോടും നിരന്തരപേഷയായിരിക്കുന്ന ഗൊവിൻ്റെപയസ്സിനോടും സംഗതമായി പക്വ്യയോഗത്തിംകൽ സൌമ്യകലമായി ശ്രുതമായിരിക്കുന്നെയ്യ് തപ്രസാദം പാനാഭ്യഞ്ജനങ്ങളിൽ ഏറ്റവും സ്മൃതിമേധാകരമായി ഭവിക്കുന്നു. സാരസ്വതമായിരിക്കുന്ന ഈ ഘൃതം രക്ഷോഘ്നമായിട്ടും വിഷഘ്നമായിട്ടും ഭവിക്കുന്നു.

പരിഭാഷാ____ സകണാഖ്യം=കണയൊടുകൂടിയവ- കണാ=തിപ്പലി. ബ്രാഹ്മീസിദ്ധാർത്ഥകവചാശാരിബാകുഷ്ഠസൈന്ധവങ്ങൾ= ബ്രാഹ്മിയും സിദ്ധാർത്ഥകവും വചയും ശാരിബയും കുഷ്ഠവും സൈന്ധവവും. സിദ്ധാർത്ഥകം=വെളുത്തകടുക- വചാ=വയമ്പ. ശാരിബാ=നന്നാരി- കുഷ്ഠം=കൊട്ടം- സൈന്ധവം=ഇന്തുപ്പ. സാധിതം=സാധിച്ചത- സാധിക്ക=ഉണ്ടാക്കുക- ഘൃതം=നെയ്യ. പീതം=പാനംചെയ്യപ്പെട്ടത- പാനംചെയ്ക=സെവിക്കുക- വാങ്മേധാസ്മൃതികൃത്= വാങ്മേധാസ്മൃതികളെ ഉണ്ടാക്കുന്നത- വാങ്മേധാസ്മൃതികൾ=വാക്കും മേധയും സ്മൃതിയും- മേധാ=ഗ്രന്ഥഗ്രഹണശക്തി- സ്മൃതി=അതീതകാലാനുസ്മരണം- ആയുഷ്യം=ആയുസ്സിന്നായിക്കൊണ്ടുഹിതം. പാപ്മരക്ഷോഘ്നം= പാപ്മരക്ഷസ്സുകളെ ഹനിക്കുന്നത- പാപ്മരക്ഷസ്സുകൾ=പാപ്മാവും രക്ഷസ്സും- പാപ്മാവ=പാപം- രക്ഷസ്സുകൾ=രക്ഷോഗ്രഹങ്ങൾ- ഭൂതോന്മാദനിബർഹണം=ഭൂതോന്മാദങ്ങളെനിബർഹണംചെയ്യുന്നത- ഭൂതോന്മാദങ്ങൾ=ഭൂതങ്ങളും ഉന്മാദവും- ഭൂതങ്ങൾ=ഉന്മാദം=ഭ്രാന്ത- നിബർഹണംചെയ്ക= നശിപ്പിക്ക- ത്രിഫലാലക്ഷ്മണാനന്താസമംഗാശാരിബാവചകൾ= ത്രിഫലയും ലക്ഷ്മണയും അനന്തയും സമംഗയും ശാരിബയും വചയും- ത്രിഫലാ=കടുക്ക, താന്നിക്ക, നെല്ലിക്ക- ലക്ഷ്മണാ=തിരുതാളി- അനന്താ=കറുക- സമംഗാ= പച്ചൊട്ടെ- ശാരിബാ=നന്നാരിക്കിഴങ്ങ- വചാ=വയമ്പ- ബ്രാഹ്മീപാഠാമഞ്ജിഷ്ഠാതിക്തസ്ഥിരാമധുപുനർന്നവകൾ= ബ്രാഹ്മിയും പാ

൧൭. കാസാതിസാരവമഥുജൃംഭാതൃഡ്വസഗന്ധിതാ। അംഗേഷ്വാക്ഷേപവിക്ഷേപശോഫസ്തംഭവിവർണ്ണതാഃ ॥

൧൮. മുഷ്ടിബന്ധഃ സ്രുതിശ്ചാക്ഷ്ണോർബ്ബാലസ്യസ്യാൽ പിതൃഗ്രഹെ। സ്രസ്താംഗതാമതീസാരോ ജിഹ്വാതാലുഗളെ വ്രണാഃ ॥

൧൯. സ്ഫോടാസ്സദാഹതോദാസ്സന്ധിഷു സ്യുഃ പുനഃ പുനഃ। നിശ്യഹ്നി പ്രവിലീയന്തേ പാകോ വക്ത്രേ ഗുദേപി വാ ॥

൨൦. ഭയംശകുനിഗന്ധത്വംജ്വരശ്ച ശകുനിഗ്രഹെ। പൂതനായാംവമിഃകമ്പസ്തന്ദ്രാരാത്രൗപ്രജാഗരഃ ॥

൨൧. ഹിക്കാധ്മാനംശകൃൽഭേദഃപിപാസാമൂത്രനിഗ്രഹഃ। സ്രസ്തഹൃഷ്ടാംഗരോമത്വംകാകവൽപൂതിഗന്ധിതാ ॥

അന്വയം—— ശുനി- സ്യാൽ- ഹൃഷിതരോമത്വം- സ്വേദഃ- ചക്ഷുർന്നിമീലനം- ബഹിഃ- ആയമനം- ജിഹ്വാഗ്രദംശഃ- അന്തഃകണ്ഠകൂജനം- വാഹാനാം- വിംസഗന്ധത്വം- ശപവൽ- ക്രോശനം- ച- സ്യാൽ- പിതൃഗ്രഹെ- ബാലസ്യ രോമഹർഷഃ- മുഹുഃ- ത്രാസഃ- സഹസാ- രോദനം ജ്വരഃ- കാസാതിസാരവമഥുജൃംഭാതൃഡ്വസഗന്ധിതാഃ- അംഗേഷു- ആക്ഷേപ വിക്ഷേപശോഫസ്തംഭവിവർണ്ണതാഃ- മുഷ്ടിബന്ധഃ- അക്ഷ്ണോഃ- സ്രുതിഃ- ച- സ്യുഃ- ശകുനിഗ്രഹെ- സ്രസ്താംഗതാ- അതീസാരഃ- ജിഹ്വാതാലുഗളെ- വ്രണാഃ- സന്ധിഷു- സദാഹതോദാഃ- സ്ഫോടാഃ- നിശി- പുനഃ- പുനഃ- സ്യു- അഹ്നി- പ്രവിലീയന്തേ- വക്ത്രേ- ഗുദേ- അപി- വാ- പാകഃ- ഭയം- ശകുനിഗന്ധത്വം- ജ്വരശ്ച- സ്യുഃ- പൂതനായാം- വമിഃ- കമ്പഃ- തന്ദ്രാ- രാത്രൗ- പ്രജാഗരഃ- ഹിക്കാ- ആധ്മാനശകൃൽഭേദഃ- പിപാസാ- മൂത്രനിഗ്രഹഃ- സ്രസ്തഹൃഷ്ടാംഗരോമത്വം- കാകവൽ- പൂതിഗന്ധിതാ- സ്യുഃ-

അന്വയാൎത്ഥം — ശ്വാവിങ്കൽ സ്ഫുരണവും ഹൃഷിതരോമത്വവും സ്വേദവും ചക്ഷുൎന്നിമീലനവും ബഹിൎഭാഗത്തിങ്കൽ ആയമനവും ജിഹ്വാദംശവും അന്തഃകണ്ഠകൂജനവും വാഹങ്ങളുടെ വിൾസഗന്ധത്വവും ശ്വാവിനെപ്പോലെ ക്രോശനവും ഭവിക്കും. പിതൃഗ്രഹത്തിങ്കൽ ബാലന്ന രോമഹൎഷവും പിന്നെയും പിന്നെയും ത്രാസവും വേഗത്തിൽ രോദനവും ജ്വരവും കാസാതിസാരവമഥുജൃംഭാതൃൾശവഗന്ധിതകളും അംഗങ്ങളിൽ ആക്ഷേപ വിക്ഷേപ ശോഷസ്തംഭ വിവൎണ്ണതകളും മുഷ്ടിബന്ധവും അക്ഷികളിൽ സ്രുതിയും ഭവിക്കും. ശകുനിഗ്രഹത്തിങ്കൽ സ്രസ്താംഗതവും അതിസാരവും ജിഹ്വാതാലുഗളത്തിങ്കൽ വ്രണങ്ങളും സന്ധികളിൽ സമുദ്ഗതക്ഷോടകങ്ങളായിരിക്കുന്ന സ്ഫോടങ്ങളും നിശയിങ്കൽ പിന്നെയും പിന്നെയും ഭവിക്കും. അഹസ്സിങ്കൽ പ്രവിലയനം ചെയ്യുന്നു വക്ത്രത്തിങ്കലൊ ഗുദത്തിങ്കലൊ പാകവും ഭയവും ശകുനിഗന്ധത്വവും ജ്വരവും ഭവിക്കും. പൂതനയിങ്കൽ വമിയും കമ്പവും തന്ദ്രിയും, രാത്രിയിങ്കൽ പ്രജാഗരവും ഹിധ്മയും ആദ്ധ്മാനവും ശകൃൽഭേദവും പിപാസയും മൂത്രനിഗ്രഹവും സ്രസ്തഹൃഷ്ടാംഗരോമത്വവും കാകനെ പോലെ പൂതിഗന്ധിതകളും ഭവിക്കും.

പരിഭാഷ — ശ്വാവ=ശ്വഗ്രഹം. സ്ഫുരണം=ഇളകുവാൻ പാടില്ലായ്ക. ഹൃഷിതരോമത്വം=ഹൃഷിതരോമനാവു എന്നുള്ളത്. ഹൃഷിതരോമം=കൊൾമയിർകൊൾക. സ്വേദം=വിയൎപ്പ്. ചക്ഷുൎന്നിമീലനം=ചക്ഷുസ്സുകളുടെ നിമീലനം. ചക്ഷുസ്സുകൾ=കണ്ണുകൾ. നിമീലനം=ചിമ്മുക. ആയമനം=ഞെളിക. ജിഹ്വാദംശം=നാവുകടിക്ക. അന്തഃകണ്ഠകൂജനം=അന്തഃകണ്ഠത്തിങ്കൽ കൂജനം. അന്തഃകണ്ഠം=കണ്ഠാന്തൎഭാഗം. (കഴുത്തിന്റെ ഉള്ളിലെന്ന സാരം) കൂജനം=ശബ്ദവിശേഷം. വാഹങ്ങൾ=കുതിരകൾ. വിൾസഗന്ധത്വം=വിട്ടിനോടുസമാനഗന്ധത്വം. വിട്ട=മലം. സമാനഗന്ധത്വം=സമാനഗന്ധമാവു എന്നുള്ളത്. സമാനഗന്ധം=സമാനമായിരിക്കുന്ന ഗന്ധം. സമാനം=തുല്യം. ക്രോശനം=കരയുക. രോമഹൎഷം=രോമാഞ്ചം. ത്രാസം=നടുങ്ങുക. രോദനം=കരയുക. ജ്വരം=പനി. കാസാതിസാരവമഥുജൃംഭാതൃൾശവഗന്ധിതകൾ=കാസവും അതിസാരവും വമഥുവും ജൃംഭയും തൃട്ടും ശവഗന്ധിതയും. കാസം=കുര. അതിസാരം=അതിസാരം. വമഥു=ഛൎദ്ദി. ജൃംഭ=കോട്ടുവായ. തൃട്ട=തണ്ണീർദാഹം. ശവഗന്ധിത=ശവഗന്ധമാവു എന്നുള്ളത്. ശവഗന്ധം=ശവത്തിന്റെ ഗ

ന്ധംപോലെയിരിക്കുന്ന ഗന്ധം- അംഗങ്ങൾ=അവയവങ്ങൾ- (കയ്യ് കാല മുതലായവ) ഉൽക്ഷേപ വിക്ഷേപ ശോഫസ്തംഭ വിവൎത്തകൾ=ഉൽക്ഷേപവും വിക്ഷേപവും ശോഫവും സ്തംഭവും വിവൎത്തതയും- ഉൽക്ഷേപം=പൊക്കുക- വിക്ഷേപം=നീട്ടുക- ശോഫം=വീക്കം- സ്തംഭം=എളകുവാൻവയ്യായ്ക- വിവൎത്തതാ=നിറംപകരുക- അക്ഷികൾ=കണ്ണുകൾ- സ്രുതി=ഒഴുകം-സ്രസ്താംഗതാ=സ്രസ്താംഗനാവുഎന്നുള്ളത- സ്രസ്താംഗൻ=സ്രസ്തങ്ങളായിരിക്കുന്ന അംഗങ്ങളോടുകൂടിയവൻ- സ്രസ്തങ്ങൾ=അയഞ്ഞവ- അംഗങ്ങൾ=അവയവങ്ങൾ- അതീസാരം=അതിസാരം- ജിഹ്വാതാലുഗളങ്ങൾ= ജിഹ്വയും താലുവും ഗളവും- ജിഹ്വാ=നാവ- താലു=അണ്ണാക്ക- ഗളം=കഴുത്ത- സന്ധികൾ=സന്ധിപ്രദേശങ്ങൾ- സദാഹതൿപാകങ്ങൾ=ദാഹതൿപാകങ്ങളോടുകൂടിയവ-ദാഹതൿപാകങ്ങൾ=ദാഹവും,തക്കും പാകവും.ദാഹം=ചുട- തൿ=വെളനാ- പാകം=പഴുപ്പ- സ്ഫോടങ്ങൾ=പൊളുകങ്ങൾ- നിശാ=രാത്രി- അഹസ്സ=പകൽ- പ്രവിലീയനം=ചൈകനശിക്കുക- വക്ത്രം=മുഖം- ഭ്രമം=മലമപാരം- ഭയം=പേടി- ശകുനിഗന്ധതാ=ശകുനിഗന്ധനാവുഎന്നുള്ളത- ശകുനിഗന്ധം=ശകുനിയുടെഗന്ധംപോലെഇരിക്കുന്നഗന്ധത്തോടുകൂടിയവൻ. ശകുനി=ശകുനിഗ്രഹം- വമി=ഛൎദ്ദി- കമ്പം=വിറയൽ- മൂൎച്ഛാ=മടി- പ്രജാഗരം=ഉറക്കമില്ലായ്ക- ഹിക്കാ=എക്കിട്ടം- ആദ്ധ്മാനശകൃൽഭേദം=ആദ്ധ്മാനവും ശകൃൽഭേദവും- ആദ്ധ്മാനം=മെത്ത വയർവീൎക്കു- ശകൃൽഭേദം=ശകൃത്തിന്റെ ഭേദം- ശകൃത്ത=മലം- ഭേദ=അയവ- പിപാസാ=തണ്ണീർദാഹം- മൂത്രനിഗ്രഹം=മൂത്രം പോവായ്ക- സ്രസ്തഹൃഷ്ടാംഗരോമതാ=സ്രസ്താംഗതാവും ഹൃഷ്ടരോമതാവും- സ്രസ്താംഗതാ=സ്രസ്താംഗനാവു എന്നുള്ളത- സ്രസ്താംഗൻ=സ്രസ്തങ്ങളായിരിക്കുന്ന അംഗങ്ങളോടുകൂടിയവൻ- സ്രസ്തങ്ങൾ=അയഞ്ഞവ- അംഗങ്ങൾ=അവയവങ്ങൾ- ഹൃഷ്ടരോമതാ=ഹൃഷ്ടരോമനാവുഎന്നുള്ളത-ഹൃഷ്ടരോമം=രോമാഞ്ചം- കാകൻ=കാക്ക- പൂതിഗന്ധികാ=പൂതിഗന്ധിയാവുഎന്നുള്ളത- പൂതിഗന്ധി=പൂതിഗന്ധത്തോടു കൂടിയവൻ- പൂതിഗന്ധം=ദുൎഗ്ഗന്ധം.

സാരം—— ശകുനിഗ്രഹം ബാധിച്ചാൽ ശരീരം എളകുവാൻ വയ്യായ്കയും രോമാഞ്ചവും വിയൎപ്പും ഉണ്ടാകയും കണ്ണു ചിമ്മുകയും തെളിയുകയും നാവുകടിക്കുകയും കഴുത്തിന്റെ ഉള്ളിൽനിന്ന ശബ്ദവിശേഷത്തെ പുറപ്പെടുവിക്കുകയും കതിരയുടെ മലത്തിന്റെ

ഗന്ധംപോലെ ഉള്ള ഗന്ധമുണ്ടാകയും ശ്വാവിനെപ്പോലെ ഒറക്കെ ശബ്ദിക്കകയും ചെയ്യും- പിതൃഗ്രഹം ബാധിച്ചാൽ ബാലന്ന കൂടെക്കൂടെ രോമാഞ്ചമുണ്ടാകയും കൂടെക്കൂടെ ഞെട്ടുകയും എല്ലായ്പൊഴും കരയുകയും പനി, കാസം, അതിസാരം, ഛർദ്ദി, കോട്ടുവായിടുക, തണ്ണീർദ്ദാഹം, ഇതുകളുണ്ടാകയും ശവത്തിന്റെ ഗന്ധംപോലെ ഉള്ള ഗന്ധമുണ്ടാകയും കയ്യും കാലുമിതുകളെ നീട്ടുകയൊ ചുരുക്കുകയൊ ചെയ്കയും നീരിറക്കാൻ വയ്യായ്ക നിറപ്പകർച്ച ഇതുകളുണ്ടാകയും കയ്യു ചുരുട്ടി പിടിക്കുകയും കണ്ണുനീർ ഒലിക്കുകയും ചെയ്യും- ശകുനിഗ്രഹം ബാധിച്ചാൽ അംഗങ്ങൾ അഴഞ്ഞിരിക്കുകയും അതിസാരമുണ്ടാകയും നാവിന്മേലും അണ്ണാക്കിലും കഴുത്തിലും വ്രണങ്ങളുണ്ടാകയും സന്ധികളിൽ ചൂട്, വേദന, പഴുപ്പ്, ഇതുകളോട കൂടിയ പൊളകളും ഉണ്ടാകയും അതുകൾ രാത്രി പിന്നെയും പിന്നെയും ഉണ്ടാകയും പകൽ മാറുകയും മുഖത്തൊ മലദ്വാരത്തിലൊ പഴുപ്പുണ്ടാകയും നടുങ്ങുകയും ശകുനി ഗ്രഹത്തിന്റെ ഗന്ധമുണ്ടാകയും പനിയുണ്ടാകയും ചെയ്യും- പൂതനാ ഗ്രഹം ബാധിച്ചാൽ, ഛർദ്ദിയും വിറയലും ഞെട്ടലും ഉത്സാഹമില്ലായ്കയും രാത്രി ഒറക്കമില്ലായ്കയും എക്കിട്ടമുണ്ടാകയും മെൽവയറവീർക്കയും വയറിളകുകയും തണ്ണീർദാഹമുണ്ടാകയും മൂത്രം പൊവാതിരിക്കയും അംഗങ്ങൾക്ക അയവ വരികയും രോമാഞ്ചമുണ്ടാകയും കാക്കയെ പോലെ ഗന്ധമുണ്ടാകയും ചെയ്യും-

൨൭- ശീതപൂതനയാ കമ്പൊ രോദനം തിര്യഗീക്ഷണം। തൃഷ്ണാന്ത്രകൂജോതിസാരൊ വസാസൃഗ്ഗന്ധിതാ।

൨൮- പാർശ്വസ്യൈകസ്യ ശീതത്വമുഷ്ണത്വമപരസ്യ ച। അന്ധപൂതനയാ ഛർദ്ദിർജ്ജ്വരഃ കാസോല്പനിദ്രതാ॥

൨൯- വർച്ചസോ ബഹുവൈവർണ്ണ്യം ദൌർഗ്ഗന്ധ്യമംഗശോഷണം। ദൃഷ്ടിസ്രാവോക്ഷികണ്ഡൂശ്ച പോഥകീജ്വരശ്രാന്തതാഃ॥

൩൦- ഹിക്കോദ്വേഗസ്തനദ്വേഷവൈവർണ്ണ്യസ്വരതീക്ഷ്ണതാഃ। വെപഥുർമ്മത്സ്യഗന്ധിത്വമഥവാ സാമ്ലഗന്ധിതാ॥

അന്വയം____ ശീതപൂതനയാ- കമ്പഃ- രോദനം- തിര്യഗീക്ഷണം- തൃഷ്ണാ- അന്ത്രകൂജഃ- അതിസാരഃ- വസാസൃഗ്ഗന്ധിതാ- ഏകസ്യ- പാർശ്വസ്യ- ശീതത്വം- അപരസ്യ- ഉഷ്ണത്വം- ച- സ്യാൽ- അന്ധപൂതനയാ- ഛർദ്ദിഃ- ജ്വരഃ- കാസഃ- അല്പനിദ്രതാ- വർച്ചസഃ- ബഹുവൈവർണ്ണ്യം- ദൌർഗ്ഗന്ധ്യം- അംഗശോഷണം- ദൃഷ്ടിസ്രാവഃ- അക്ഷികണ്ഡൂഃ- പോഥകീ- ജ്വരശ്രാന്തതാഃ- ഹിക്കോദ്വേഗസ്തനദ്വേഷവൈവർണ്ണ്യസ്വരതീക്ഷ്ണതാഃ- വെപ

ഗ്ധഃ- മത്സ്യഗന്ധിതാ- അഥവാ- സാസ്രഗന്ധിതാ സ്യുഃ=

അന്വയാൎത്ഥം ____ ശീതപൂതനയാൽ കമ്പവും രോദനവും തിൎയ്യഗീക്ഷണവും തൃഷ്ണാന്ത്രകൂജവും അതിസാരവും വസാസൃഗ്വിസ്രഗന്ധിതയും ഏകമായിരിക്കുന്നപാൎശ്വത്തിന്ന ശീതതവും അപരത്തിന്ന ഉഷ്ണതാപവും ഭവിക്കും. അന്ധപൂതനയാൽ ഛൎദ്ദിസ്സും ജ്വരവും കാസവും അല്പനിദ്രതയും വൎച്ചസ്സിന്നു ഭേദവൈവൎണ്ണ്യദൗൎഗ്ഗന്ധ്യങ്ങളും അംഗശോഷണവും ദൃഷ്ടിസാദവും അക്ഷിതക്കണ്ഡൂപോതകീജന്മശൂനതകളും ഹിദ്ധ്മോദ്വേഗസ്തനദ്വേഷവൈവൎണ്ണ്യസ്വരദീനതകളും വേപഥുവും മത്സ്യഗന്ധിതവും അല്ലെങ്കിൽ സാസ്രഗന്ധിതയും ഭവിക്കും.

പരിഭാഷാ ____ ശീതപൂതനാ=ശീതപൂതനാ എന്ന പേരൊടുകൂടിയഗ്രഹം. കമ്പം=വിറയൽ- രോദനം=കരയുക- തിൎയ്യഗീക്ഷണം=തിൎയ്യക്കാകുംവണ്ണമുള്ള ഈക്ഷണം- തിൎയ്യക്=വിലങ്ങത്തിൽ- ഈക്ഷണം=ദൎശനം- (നോക്കുക-) തൃഷ്ണാന്ത്രകൂജം=തൃഷ്ണയും അന്ത്രകൂജവും- തൃഷ്ണാ=അധികം ദാഹം- അന്ത്രകൂജം=വയറിരക്കുക- അതിസാരം=അതിസാരം- വസാസൃഗ്വിസ്രഗന്ധിതാ=വസാസൃഗ്വിസ്രഗന്ധിയാവു എന്നുള്ളതു- വസാസൃഗ്വിസ്രഗന്ധ=വസാസൃക്കുകൾപോലെ വിസ്രഗന്ധി- വസാസൃക്കുകൾ=വസയും അസൃക്കും- വസാ=നൈവല- അസൃക്=രക്തം- വിസ്രഗന്ധി=ആമഗന്ധി- (ദുൎഗ്ഗന്ധം) ഏകം=ഒന്നു- പാൎശ്വം=ഭാഗം. ശീതതാ=ശീതമാവു എന്നുള്ളതു- ശീതം=തണുപ്പ്- അപരം=അന്യം- ഉഷ്ണതാ=ഉഷ്ണമാവു എന്നുള്ളതു- ഉഷ്ണം=ചൂട- അന്ധപൂതനാ=അന്ധപൂതനാ എന്ന പേരൊടുകൂടിയഗ്രഹം= ഛൎദ്ദിസ്സ=ഛൎദ്ദി- ജ്വരം=പനി- കാസം=കുര- അല്പനിദ്രതാ= അല്പനിദ്രനാവു എന്നുള്ളതു- അല്പനിദ്രൻ=അല്പമായിരിക്കുന്ന നിദ്രയൊടുകൂടിയവൻ- നിദ്രാ=ഉറക്കം- വൎച്ചസ്സ=മലം- ഭേദവൈവൎണ്ണ്യദൗൎഗ്ഗന്ധ്യങ്ങൾ=ഭേദവും, വൈവൎണ്ണ്യവും- ദൗൎഗ്ഗന്ധ്യവും- ഭേദം=അയവ- വൈവൎണ്ണ്യം=നിറം പകരുക- ദൗൎഗ്ഗന്ധ്യം=ദുൎഗ്ഗന്ധത- അംഗശോഷണം=അംഗത്തിന്ന ശോഷണം- അംഗം=ശരീരം- ശോഷണം=മെലിക- ദൃഷ്ടിസാദം=ദൃഷ്ടിയുടെ സാദം- ദൃഷ്ടി=കണ്ണ- സാദം=തളൎച്ച- അക്ഷിതക്കണ്ഡൂപോതകീജന്മശൂനതകൾ=അക്ഷികളിൽ തക്കം കണ്ഡൂവും പോതകീജന്മവും ശൂനതയും- അക്ഷികൾ=കണ്ണുകൾ- തക്കം=വെദനാ- കണ്ഡൂ=ചൊറി- പോതകീജന്മം=പോതകിയുടെ ജന്മം- പോതകീ=പോതകി എന്ന പേരായ വൎത്മരോഗം- ജന്മം=ഉൽപത്തി- ശൂനതാ=വീക്കം- ഹിദ്ധ്മാ

ദ്വേഗസ്തനദ്വേഷവൈവൎണ്യസ്വരതീക്ഷ്ണതകൾ=ഛൎദ്ദിയും ഉദ്വേഗവും സ്തനദ്വേഷവും വൈവൎണ്യവും സ്വരതീക്ഷ്ണതയും- ഛൎദ്ദി=ഏക്കിട്ടം- ഉദ്വേഗം=നടുങ്ങുക- സ്തനദ്വേഷം=മുലകുടിക്കായ്ക- വൈവൎണ്യം=നിറംപകൎച്ച- സ്വരതീക്ഷ്ണതാ= സ്വരത്തിന്നു തീക്ഷ്ണതാ- സ്വരം=ശബ്ദം തീക്ഷ്ണതാ=ക്രൂരതാ- വെപഥു വിറയൽ- മത്സ്യഗന്ധിതാ= മത്സ്യഗന്ധിയാവുകയെന്നുള്ളതു മത്സ്യഗന്ധി=മത്സ്യത്തിന്റെ ഗന്ധംപോലെ ഇരിക്കുന്ന ഗന്ധത്തോടുകൂടിയതു- സാസ്രഗന്ധിതാ=സാസ്രഗന്ധിയാവുകയെന്നുള്ളതു- സാസ്രഗന്ധി=സാസ്രത്തിന്റെ ഗന്ധംപോലെ ഇരിക്കുന്ന ഗന്ധത്തോടുകൂടിയതു- സാസ്രം=കറന്നൊരു ക്ഷീരസമമായിരിക്കുന്ന ദ്രവ്യം-

സാരം —— ശീതപൂതനാഗ്രഹത്താൽ ഗ്രഹിക്കപ്പെട്ടുവെങ്കിൽ വിറയലുണ്ടാകയും കരയുകയും വിലങ്ങത്തിൽനോക്കുകയും തണ്ണീർദാഹമുണ്ടാകയും വയറിരക്കുകയും അതിസാരമുണ്ടാകയും നൈവലപോലെയൊ രക്തംപോലെയൊ ദുൎഗ്ഗന്ധമുണ്ടാകയും ശരീരത്തിന്റെ ഒരുഭാഗത്തിന്നു തണുപ്പും മറെറ്റാഭാഗത്തിന്നു ചൂടുമുണ്ടാവുകയും ചെയ്യും. അന്ധപൂതനയാൽ ഗ്രഹം ബാധിച്ചാൽ ഛൎദ്ദിയും പനിയും കാസവും ഉണ്ടാകയും ഉറക്കംകുറയുകയും മലം അഴത്തിട്ടും നിറംമാറീട്ടും ദുൎഗ്ഗന്ധത്തോടുകൂടീട്ടും പോവുകയും, ശരീരം മെലിയുകയും കണ്ണിന്നു ശക്തിയില്ലായ്കയും കണ്ണുകളിൽ വെള്ളയും ചൊറിയും പോളകീഴന്നാം രോഗവും വീക്കവും ഉണ്ടാകയും ഏക്കിട്ടമുണ്ടാകയും നടുങ്ങുകയും മുലകുടിക്കായ്കയും ശരീരത്തിന്നു നിറംമാറുകയും ക്രൂരമായി ശബ്ദിക്കുകയും മത്സ്യത്തെപോലെയൊ പുളിച്ചകാടിമുതലായ ദ്രവ്യംപോലെയൊ ഉള്ള ഗന്ധത്തോടു കൂടിയിരിക്കുകയൊ ചെയ്യും-

൨൩- മുഖമണ്ഡിതയാപാണിപാദാസ്യരമണീയതാ। സിരാളിതസിതാളിരാചിതോദരതാജ്വരഃ ॥

൨൪. അരോചകോംഗശ്വപനം ഗോമൂത്രസമഗന്ധിതാ। വൈവൎണ്യം ശ്യാവനീലതാം കൎണ്ണനാസാക്ഷിമൎദ്ദനം॥

൨൫. കാസഹിക്കാക്ഷിവിക്ഷേപവക്ത്രവക്രതപരക്തതാഃ। വെന്യഗന്ധോജ്വരശ്ലേഷ്മാപ്രീതിഃ ഫലിതം ധ്രുവം॥

അന്വയം —— മുഖമണ്ഡിതയാ- പാണിപാദാസ്യരമണീയതാ- സിരാളിഃ-സിരാളിഃ-ആചിതോദരതാ-ജ്വരഃ- അരോചകഃ- അംഗശ്വപനം- ഗോമൂത്രസമഗന്ധിതാ- വൈവൎണ്യം-ശ്യാവനീലതാ- കൎണ്ണനാസാക്ഷിമൎദ്ദനം- കാസഹിക്കാക്ഷിവിക്ഷേപവക്ത്ര-

ത്രതാരക്തതാഃ-വെസ്തഗന്ധഃ-ജ്വരഃ-ശോഷം-ഹരിതം-ദ്രവം-പുരീഷം-ച-സ്യാഃ-

അന്വയാൎത്ഥം — മുഖമന്ധിതയാൽ പാണിപാദാസ്യരമണീയതയും അസിതങ്ങളായിരിക്കുന്ന സിരകളാൽ ആചിതോദരതയും ജ്വരവും അരോചകവും അംഗപ്ലവനവും ഗോമൂത്രസമഗന്ധിതയും രേവതിയിങ്കൽ ശ്യാവനീലത്വവും കൎണ്ണനാസാക്ഷിമൎദ്ദനവും കാസഹിദ്ധ്മാക്ഷിവിക്ഷേപ വക്രവക്ത്രതാരക്തതകളും വെസ്തഗന്ധവും ജ്വരവും ശോഷവും ഹരിതമായിട്ടും ദ്രവമായിട്ടും ഇരിക്കുന്ന പുരീഷവും ഭവിക്കും.

പരിഭാഷാ____ മുഖമന്ധിതാ=മുഖമന്ധിതമെന്നപെരൊട് കൂടിയഗ്രഹം - പാണിപാദാസ്യരമണീയതാ= പാണിപാദാസ്യരമണീയമാവുകയെന്നുള്ളതു - പാണിപാദാസ്യരമണീയം=പാണിപാദാസ്യങ്ങളിൽരമണീയം= പാണിപാദാസ്യങ്ങൾ= പാണികളും പാദങ്ങളും ആസ്യവും- പാണികൾ=കരങ്ങൾ- പാദങ്ങൾ=കാലുകൾ- ആസ്യം=മുഖം- രമണീയം=മനോഹരം- അസിതങ്ങൾ=കൃഷ്ണവൎണ്ണങ്ങൾ- (കറുത്തനിറമായവ) സിരകൾ=ഞരമ്പുകൾ- ആചിതോദരതാ=ആചിതോദരമാവുകയെന്നുള്ളതു- ആചിതോദരം=ആചിതമായിരിക്കുന്നഉദരത്തോടുകൂടിയവൻ- ആചിതം=വ്യാപ്തം- ഉദരം=വയറ- ജ്വരം=പനി- അരോചകം=അരുചി- അംഗപ്ലവനം=അംഗത്തിന്റെപ്ലവനം- അംഗം=ശരീരം- പ്ലവനം=ചാട്ടം- ഗോമൂത്രസമഗന്ധിതാ=ഗോമൂത്രസമഗന്ധിയാവുകയെന്നുള്ളതു- ഗോമൂത്രസമഗന്ധി=ഗോമൂത്രതുല്യമായിരിക്കുന്ന ഗന്ധത്തോടുകൂടിയതു- ഗോമൂത്രതുല്യം=ഗോമൂത്രത്തോടുതുല്യം- രേവതീ=രേവതിയെന്നപെരായഗ്രഹം- ശ്യാവനീലത്വം=ശ്യാവത്വവും നീലത്വവും- ശ്യാവത്വം=കരുവാളിച്ച- നീലത്വം=നീലനിറമാവുകയെന്നുള്ളതു- കൎണ്ണനാസാക്ഷിമൎദ്ദനം= കൎണ്ണനാസാക്ഷികളുടെമൎദ്ദനം- കൎണ്ണനാസാക്ഷികൾ=കൎണ്ണവും നാസയും അക്ഷിയും- കൎണ്ണം=ചെവി- നാസാ=മൂക്ക- അക്ഷി=കണ്ണ- മൎദ്ദനം=തിരുമ്മുക- കാസഹിദ്ധ്മാക്ഷിവിക്ഷേപവക്രവക്ത്രതാരക്തതകൾ=കാസവും ഹിദ്ധ്മയും അക്ഷിവിക്ഷേപവും വക്രവക്ത്രതയും രക്തതയും- കാസം=കുര- ഹിദ്ധ്മാ=എക്കിട്ട- അക്ഷിവിക്ഷേപം= മിഴിഉരുട്ടുക- വക്രവക്ത്രതാ= വക്രവക്ത്രമാവുകയെന്നുള്ളതു- വക്രവക്ത്രം=വായ്കൊട്ടുക- രക്തതാ=മെലൊക്കചുവപ്പു- വെസ്തഗന്ധം= വെസ്തത്തിന്റെഗന്ധംപൊലെഇരിക്കുന്ന ഗന്ധം- വെസ്തം=കരിയാട- ജ്വരം=പനി- ശോഷം=മെലിച്ചു

ൽ- ഹരിതം=പച്ചളിച്ചതു- ദ്രവം=അയഞ്ഞതു- പുരീഷം=മലം-

സാരം.—— മുഖമണ്ഡിതയെന്നപേരായ ഗ്രഹം ബാധിച്ചാൽ കയ്യും കാലും മുഖവും മനോഹരമായിരിക്കുകയും വയറ്റത്തു കറുത്ത ഞരമ്പുകൾ വ്യാപിച്ചിരിക്കുകയും പനിയുണ്ടാകയും രുചിയില്ലാതിരിക്കുകയും ശരീരത്തെ ചാടിക്കുകയും ശരീരത്തിന്നു ഗോമൂത്രത്തിന്റെ ഗന്ധമുണ്ടാകയും ചെയ്യും. രേവതി ഗ്രഹം ബാധിച്ചാൽ ശരീരത്തിന്റെ ചില ഭാഗം കറുത്തുവാളിച്ചും ചില ഭാഗം നീലനിറത്തിലുമിരിക്കുകയും കുട്ടി കൈകൊണ്ടു കണ്ണു ചെവി മൂക്ക ഇതുകളെ തിരുമ്പുകയും കാസവും എക്കിട്ടവുമുണ്ടാകയും കണ്ണുരുട്ടുകയും വായകോട്ടുകയും ചുവപ്പുനിറമുണ്ടാകയും ശരീരത്തിന്നു കറിയാടിന്റെ ഗന്ധമുണ്ടാകയും പനിയും മെലിച്ചിലുമുണ്ടാകയും മലം പച്ചളിച്ചു അയഞ്ഞുപോകയും ചെയ്യും-

൨൯- ജായതേ ശുഷ്കരേവത്യാം ക്രമാൽ സർവ്വാംഗസംക്ഷയഃ।
കേശശാതോന്നവിദ്വേഷസ്വരദൈന്യവിവർണ്ണതാഃ।

൩൦- നാനാവർണ്ണപുരീഷത്വമുദരേ ഗ്രന്ഥയസ്സിരാഃ। രോദനം
ഗൃദ്ധ്രഗന്ധിതാ ദീർഘകാലാനുബന്ധനം॥

അന്വയം.—— ശുഷ്കരേവത്യാം- ക്രമാൽ- സർവ്വാംഗസംക്ഷയഃ- കേശശാതഃ- അന്നവിദ്വേഷസ്വരദൈന്യവിവർണ്ണതാഃ- നാനാവർണ്ണപുരീഷത്വം- ഉദരേ- ഗ്രന്ഥയഃ- സിരാഃ- രോദനം- ഗൃദ്ധ്രഗന്ധിതാ- ദീർഘകാലാനുബന്ധനം- ച- ജായതേ-

അന്വയാർത്ഥം.—— ശുഷ്കരേവതിയിങ്കൽ ക്രമേണ സർവ്വാംഗസംക്ഷയവും കേശശാതവും അന്നവിദ്വേഷ സ്വരദൈന്യ വിവർണ്ണതകളും നാനാവർണ്ണ പുരീഷതയും ഉദരത്തിങ്കൽ ഗ്രന്ഥികളും സിരകളും രോദനവും ഗൃദ്ധ്രഗന്ധിതയും ദീർഘകാലാനുബന്ധനവും ജനിക്കുന്നു-

പദാർത്ഥം.—— ശുഷ്കരേവതീ=ശുഷ്കരേവതി എന്ന പേരോടു കൂടിയ ഗ്രഹം- സർവ്വാംഗസംക്ഷയഃ=സർവ്വാംഗങ്ങളുടെ സംക്ഷയം- സർവ്വാംഗങ്ങൾ=സർവ്വങ്ങളായിരിക്കുന്ന അംഗങ്ങൾ- സർവ്വങ്ങൾ ഒട്ടൊഴിയാതെ ഉള്ളവ- അംഗങ്ങൾ അവയവങ്ങൾ- സംക്ഷയം=നാശം- കേശശാതഃ=കേശങ്ങളുടെ ശാതം- കേശങ്ങൾ=തലമുടികൾ- ശാതം=കൊഴിയുക- അന്നവിദ്വേഷസ്വരദൈന്യവിവർണ്ണതാഃ=അന്നവിദ്വേഷവും സ്വരദൈന്യവും വിവർണ്ണതയും- അന്നവിദ്വേഷം=ചോറുവെറുപ്പു- സ്വരദൈന്യം=ഒച്ചയടവു- വിവർണ്ണതാ=വിവർണ്ണമാവു എന്നുള്ളതു- വിവർണ്ണം=നിറം മാറിയതു- നാനാവർണ്ണപുരീഷതാ=നാനാവർണ്ണപുരീഷമാ

വു എന്നുള്ളത- നാനാവൎണ്ണപുരീഷം=നാനാവൎണ്ണമായിരിക്കുന്ന പുരീഷം- നാനാവൎണ്ണം=അനേകനിറം- പുരീഷം=മലം- ഉദരം=വയറ- ഗ്രന്ഥികം=മുഴകം- സിരകം=ഞരമ്പുകം- ഭൊദനം=കരയുക- ഗൃദ്ധ്രഗന്ധിതം=ഗൃദ്ധ്രഗന്ധിയാവു എന്നുള്ളത- ഗൃദ്ധ്രഗന്ധി=ഗൃദ്ധ്രത്തിന്റെ ഗന്ധം പൊലെ ഇരിക്കുന്നഗന്ധത്തൊടു കൂടിയത- ഗൃദ്ധ്രം=കഴു- ദീൎഘകാലാനുബന്ധനം=ദീൎഘകാലത്തിന്റെ അനുബന്ധനം- ദീൎഘകാലം=ദീൎഘമായിരിക്കുന്നകാലം- ദീൎഘം=നീളുത- കാലം=സമയം- അനുബന്ധനം=അനുഷംഗം- (പററിനില്ക്കുക)

സാരം—— ശുഷ്കരെവതി എന്ന പെരായ ഗ്രഹം ബാധിച്ചാൽ കാലംകൊണ്ടു വിരല, കാലിന്റെ തട്ട മുതലായ എല്ലാ അംഗങ്ങളും ഉവിച്ചുപൊകയും തലമുടി കൊഴിഞ്ഞുപൊകയും ചൊററിന്ന് രുചിയില്ലായ്മയും ഒച്ചയടപ്പും ശരീരത്തിന്ന നിറപ്പകച്ചയും മഞ്ഞളിച്ചിട്ടും കറുത്തിട്ടും ചുകന്നിട്ടും പച്ചനിറത്തിലുമുള്ള മലത്തെ അനുസരിക്കുകയും വയിററത്ത മുഴകളും ഞരമ്പുകളും ഉണ്ടാകയും കരയുകയും കഴുവിന്റെ ഗന്ധമുണ്ടാകയും വളരെ കാലം നില്ക്കുകയും ചെയ്യും-

൩൫. ഉദരെഗ്രന്ഥയൊവൃത്തായസ്യനാനാവിധംശകൃൽ ।
ജിഹ്വായാനിമ്നതാമദ്ധ്യെശ്യാവംതാലുചതംത്യജെൽ ॥

അന്വയം—— യസ്യ- ഉദരെ- വൃത്താഃ- ഗ്രന്ഥയഃ- നാനാവിധം- ശകൃൽ- ജിഹ്വായാഃ- മദ്ധ്യെ- നിമ്നതാ- ശ്യാവം- താലു- തം- ത്യജെൽ-

അന്വയാൎത്ഥം—— യാവനൊരുത്തന്ന ഉദരത്തിങ്കൽ വൃത്തങ്ങളായിരിക്കുന്ന ഗ്രന്ഥികളും നാനാവിധമായിരിക്കുന്ന ശകൃത്തും ജിഹ്വയുടെ മദ്ധ്യത്തിങ്കൽ നിമ്നതയും ശ്യാവമായിരിക്കുന്ന താലുവും ഭവിക്കുന്നു- അവനെ ത്യജിക്കണം-

പരിഭാഷ—— യാവനൊരുത്തന്റെ=യാതൊരുബാലന്റെ- ഉദരം=വയറ- വൃത്തങ്ങൾ=വട്ടത്തിലുള്ളവ- ഗ്രന്ഥികൾ=മുഴകൾ- നാനാവിധം=നാനാപ്രകാരം- ശകൃത്ത=മലം- ജിഹ്വാ=നാവ- മദ്ധ്യം=നടു- നിമ്നതാ=നിമ്നത- (കുഴി) ശ്യാവം=കരവാളിച്ചത- താലു=അണ്ണാക്ക- അവൻ=ആ ബാലൻ- ത്യജിക്ക=ഉപെക്ഷിക്ക-

സാരം—— യാതൊരു ബാലന്റെ വയററത്ത വട്ടത്തിലുള്ള മുഴകളും മലം നാനാപ്രകാരമായിരിക്കുകയും നാവിന്റെ നടുവിൽ കുഴിയുണ്ടാകയും അണ്ണാക്ക കരവാളിച്ചിരിക്കുകയും ചെയ്യു

ന്നു- ആ ബാലനെ ചികിത്സിക്കരുത്-

൩൨. ഉച്ഛൂനോന്നംബഹുവിധംയോബാലഃപരിഹീയതേ।
തൃഷ്ണാഗൃഹീതഃക്ഷാമാക്ഷോഹന്തിതംശുഷ്കരേവതി ॥

അന്വയം—— യഃ- ബാലഃ- ബഹുവിധം- അന്നം- ഉച്ഛൂനഃ- പരിഹീയതേ- തൃഷ്ണാഗൃഹീതഃ - ക്ഷാമാക്ഷഃ- ഭവതി- തം- ശുഷ്കരേവതീ- ഹന്തി-

അന്വയാർത്ഥം—— യാതൊരു ബാലൻ ബഹുവിധമായിരിക്കുന്ന അന്നത്തെ ഉച്ഛൂനൻ എങ്കിലും പരിഹീനനായി ഭവിക്കുന്നു. തൃഷ്ണാഗൃഹീതനായിട്ടും ക്ഷാമാക്ഷനായിട്ടും ഭവിക്കുന്നു- അവനെ ശുഷ്കരേവതി ഹനിക്കുന്നു-

പദാർത്ഥം—— ബഹുവിധം=അനേകപ്രകാരം- അന്നം=ഭക്ഷണസാധനം- ഉച്ഛൂനൻ=ഭുജിച്ചിട്ടുള്ളവൻ- ഭുജിക്ക=ഭക്ഷിക്ക- പരിഹീനൻ=പരിക്ഷീണൻ- (ഏറ്റവും ക്ഷീണിക്കുന്നവൻ) തൃഷ്ണാഗൃഹീതൻ=തൃഷ്ണയാൽ ഗൃഹീതൻ- തൃഷ്ണ=തണ്ണീർദാഹം- ഗൃഹീതൻ=ഗ്രഹിക്കപ്പെട്ടവൻ- ഗ്രഹിക്ക=ബാധിക്ക- ക്ഷാമാക്ഷൻ=ക്ഷാമങ്ങളായിരിക്കുന്ന അക്ഷങ്ങളോടുകൂടിയവൻ- ക്ഷാമങ്ങൾ=സ്വവിഷയഗ്രഹണാസമർത്ഥങ്ങൾ- (അവരവരുടെ വിഷയത്തെ ഗ്രഹിപ്പാൻ ശക്തിയില്ലാത്തവ എന്ന സാരം) അക്ഷങ്ങൾ=ഇന്ദ്രിയങ്ങൾ- (നശിച്ചിരിക്കുന്ന കണ്ണുകളെന്നുമാം) ശുഷ്കരേവതി=ശുഷ്കരേവതി എന്ന പേരായ ഗ്രഹം- ഹനിക്ക=കൊല്ലുക-

സാരം—— അപ്പം, അട, ചോറ മുതലായ ഭക്ഷണസാധനങ്ങളെ വഴിപോലെ ഭക്ഷിക്കുന്നവനാണെങ്കിലും ശരീരം ക്ഷയിക്കുകയും ക്ഷീണം വർദ്ധിക്കുകയും ചെയ്യുന്നു- തണ്ണീർദാഹത്തോടും അവരവരുടെ പ്രവൃത്തിയിങ്കൽ ശക്തിയില്ലാത്ത കണ്ണു മുതലായ ഇന്ദ്രിയങ്ങളോടും അല്ലെങ്കിൽ പൊയിരിക്കുന്ന കണ്ണുകളോടും കൂടി ഭവിക്കുകയോ ചെയ്യുന്നു- അവനെ ശുഷ്കരേവതി എന്ന പേരായ ഗ്രഹം നശിപ്പിക്കുന്നു-

൩൩. ഹിംസാരത്യർച്ചനാകാംക്ഷാഗ്രഹഗ്രഹണകാരണം ।
തത്രഹിംസാത്മകേബാലോമഹാൻവാസ്രുതനാസികഃ ॥

൩൪. ക്ഷതജിഹ്വഃക്വണേദ്ബാഢമസുഖീസാസ്രലോചനഃ ।
ദ്വേഷൊഹീനവചനഃപൂതിഗന്ധശ്ചജായതേ ॥

൩൫. ക്ഷാമോമൂത്രപുരീഷംസ്വംമൃദ്നാതിനജുഗുപ്സതേ । ഹസ്തൌചോദ്യമ്യസംരബ്ധോഹന്ത്യാത്മാനംതഥാപരം ॥

൩൬. തദ്വച്ചശസ്ത്രകാഷ്ഠാദ്യൈരഗ്നിംവാദീപ്തമാവിശേത് ।

അപ്സുമജ്ജേൽപതേൽകൂപെകുർയ്യാദന്യച്ചതാദൃശം ॥
നഖൈഃ ത്വങ്മാംസരോമാൻപൂയസ്യ ഛർദ്ദനംചപ്രവർത്തയേൽ ।
രക്തംചസർവ്വമാർഗ്ഗേഭ്യോരിഷ്ടോൽപത്തിശ്ചതംത്യജേൽ ॥

അന്വയം—— ഹിംസാരത്യർച്ചനാകാംക്ഷാ- ഗ്രഹഗ്രഹണകാരണം- തത്ര- ഹിംസാത്മകേ- ബാലഃ- മഹാൻ- വാ- സ്രുതനാസികഃ- ക്ഷതജിഹ്വഃ- ബാഢം- ക്വണേൽ- അസുഖീ- സാശ്രുലോചനഃ- ദുർവ്വർണ്ണഃ- ഹീനവചനഃ- പൂതിഗന്ധിഃ- ച- ജായതേ- ക്ഷാമഃ- സ്വം- മൂത്രപുരീഷം- മൃദ്നാതി- ന- ജുഗുപ്സതേ- സംരബ്ധഃ- ഹസ്തൗ- ഉദ്യമ്യ- ആത്മാനം- തഥാ- അപരം- ച- ഹന്തി- ശസ്ത്രകാഷ്ഠാദ്യൈഃ- തദ്വൽ- ഹന്തി- ദീപ്തം- അഗ്നിം- ആവിശേൽ- വാ- അപ്സു- മജ്ജേൽ- കൂപേ- പതേൽ- അന്യൽ- ച- താദൃശം- കുർയ്യാൽ- ത്വങ്മാംസരോമാൻ- പൂയസ്യ- ഛർദ്ദനം- സർവ്വമാർഗ്ഗേഭ്യഃ- രക്തം- പ്രവർത്തയേൽ- രിഷ്ടോൽപത്തിഃ- ച- ഭവതി- തം- ത്യജേൽ

അന്വയാർത്ഥം —— ഹിംസാരത്യർച്ചനാകാംക്ഷാ ഗ്രഹഗ്രഹണകാരണമാകുന്നു. അതുകളിൽവെച്ച ഹിംസാത്മകത്തിങ്കൽ ബാലനൊ മഹാനൊ സ്രുതനാസികനായിട്ടും ക്ഷതജിഹ്വനായിട്ടും ഏറ്റവും ക്വണനായിട്ടും അസുഖിയായിട്ടും സാശ്രുലോചനനായിട്ടും ദുർവ്വർണ്ണനായിട്ടും ഹീനവചനനായിട്ടും പൂതിഗന്ധിയായിട്ടും ജനിക്കുന്നു. ക്ഷാമനായിട്ട സ്വകമായിരിക്കുന്ന പുരീഷത്തെ മർദ്ദിക്കുന്നു. ജുഗുപ്സയെ പ്രാപിക്കുന്നില്ല. സംരബ്ധനായിട്ട ഹസ്തങ്ങളെ ഉദ്യമനം ചെയ്തിട്ട ആത്മാവിനെയും അപ്രകാരം അപരനെയും ഹനിക്കുന്നു. ശസ്ത്രകാഷ്ഠാദ്യങ്ങളെക്കൊണ്ട അതുപോലെ ഹനിക്കുന്നു. ദീപ്തമായിരിക്കുന്ന അഗ്നിയെ ആവേശിക്കും. അപ്പുകളിൽ മജ്ജിക്കും. കൂപത്തിങ്കൽ പതിക്കും. അന്യത്തായിരിക്കുന്ന താദൃശത്തെ ചെയ്യും. ത്വങ്മാംസരോമങ്ങളെയും പൂയത്തിന്റെ ഛർദ്ദനത്തെയും സർവ്വമാർഗ്ഗങ്ങളൂടെ രക്തത്തെയും പ്രവർത്തിപ്പിക്കും. രിഷ്ടോൽപത്തിയും ഭവിക്കുന്നു. അവനെത്യജിക്കേണം.

പദാർത്ഥം——ഹിംസാരത്യർച്ചനാകാംക്ഷാ=ഹിംസാരത്യർച്ചനങ്ങളിലുള്ള കാംക്ഷാ. ഹിംസാരത്യർച്ചനങ്ങൾ=ഹിംസയും രതിയും അർച്ചനവും. ഹിംസാ=വധം. രതി=ക്രീഡാ. അർച്ചനം=പൂജനം. കാംക്ഷാ=ആഗ്രഹം. ഗ്രഹഗ്രഹണകാരണം=ഗ്രഹഗ്രഹണത്തിങ്കൽകാരണം. ഗ്രഹഗ്രഹണം=ഗ്രഹങ്ങളുടെഗ്രഹണം. ഗ്രഹങ്ങൾ=സ്കന്ദാദിഗ്രഹങ്ങൾ. ഗ്രഹണം=ആവേശം. (ബാ

ധാ) കാരണം=ഹെതു- ഹിംസാത്മകം=ഹിംസാസ്വരൂപം. (വധത്തിംകൽ താല്പൎയ്യമുള്ള ഗ്രഹം) ബാലൻ=കുട്ടി- മഹാൻ=യൊഗ്യവന ദുഃഖനായിരിക്കുന്നപുരുഷൻ- സ്രുതനാസികൻ=സ്രുതമായിരിക്കുന്ന നാസികയൊടുകൂടിയവൻ- സ്രുതം=സ്രവിച്ചതു- സ്രവിക്ക=ഒലിക്കുക- നാസിക=മൂക്കു- ക്ഷതജിഹ്വൻ=ക്ഷതമായിരിക്കുന്ന ജിഹ്വയൊടു കൂടിയവൻ- ക്ഷതം=മുറിഞ്ഞതു- ജിഹ്വ=നാവു- കാണൻ=ശബ്ദിച്ചിയങ്ങുന്നവൻ- അസുഖി=സുഖത്തൊടുകൂടാത്തവൻ- സാസ്രലൊചനൻ=സാസ്രങ്ങളായിരിക്കുന്ന ലൊചനങ്ങളൊടു കൂടിയവൻ- സാസ്രങ്ങൾ=അസ്രങ്ങളൊടുകൂടിയവ- അസ്രങ്ങൾ=കണ്ണുനീരുകൾ- ലൊചനങ്ങൾ=കണ്ണുകൾ- ഉദ്വമൻ=ഉൾവെന്നവമിച്ചിയങ്ങുന്നവൻ- വമിക്ക=ഛൎദ്ദിക്ക- ഹീനവചനൻ=ഹീനമായിരിക്കുന്ന വചനത്തൊടുകൂടിയവൻ ഹീനം=കുറഞ്ഞതു- വചനം=വാക്കു- പൂതിഗന്ധി=പൂതിഗന്ധത്തൊടു കൂടിയവൻ- പൂതിഗന്ധം=ദുൎഗ്ഗന്ധം- ക്ഷാമൻ=ക്ഷീണൻ- സ്വം=തന്നെസംബന്ധിച്ചതു- മൂത്രപുരീഷം=മൂത്രവും പുരീഷവും. പുരീഷം=മലം- മലിക്ക=തിരുമ്മുക- ജുഗുപ്സ്യ=നിന്ദ്യം- സംരബ്ധൻ=സംരംഭത്തൊടു കൂടിയവൻ- സംരംഭം=കൊപം- ഹസ്തങ്ങൾ=കൈകൾ- ഉദ്യമനം ചെയ്ക=പൊക്കുക- അമ.വ=മാവു- അപരൻ=അന്യൻ- ഹനിക്ക=അടിക്കുക- ശസ്ത്രകാഷ്ഠാദ്യങ്ങൾ=ശസ്ത്രകാഷ്ഠങ്ങൾ ആദിയായിട്ടുള്ളവ- ശസ്ത്രകാഷ്ഠങ്ങൾ=ശസ്ത്രവും കാഷ്ഠവും- ശസ്ത്രം=ആയുധം- കാഷ്ഠം=വടി. ലിപ്തം=ലിപിക്കപ്പെട്ടതു- ലിപിക്ക=പൂശിക്ക- അഗ്നി=തീയ്- ആവെശിക്ക=പ്രവെശിക്ക- അപ്പുകൾ=ജലങ്ങൾ- മജ്ജിക്ക=മുങ്ങുക- കൂപം=കിണറ- പതിക്ക=വീഴുക അന്യം=മറ്റുള്ളതു- തല്പ്രായം=അതുപൊലെ ഉള്ളതു- അസു=പ്രാണങ്ങൾ- ഉം ദാഹമൊഹങ്ങൾ=ഉഷ്ണം ദാഹവും മൊഹവും- ദാഹം=തണ്ണീർദാഹം- ദാഹം=എല്ലാ അംഗങ്ങളിലും കഠിനമായ ചൂടു- മൊഹം=വൈചിത്ത്യം- പൂയം=ചലം- ഛൎദ്ദനം=ഛൎദ്ദി- സജ്ജമാൎഗ്ഗങ്ങൾ=സജ്ജങ്ങളായിരിക്കുന്ന മാൎഗ്ഗങ്ങൾ- സജ്ജങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- മാൎഗ്ഗങ്ങൾ=വഴികൾ- തസ്കരൻ=ചൊരൻ- പ്രവൎത്തിപ്പിക്ക=പുറപ്പെടുവിക്ക- രിഷ്ടൊല്പത്തി=രിഷ്ടത്തിന്റെ ഉൽപത്തി- രിഷ്ടം=മരണലക്ഷണം- ഉൽപത്തി=ഉത്ഭവം- ത്യജിക്ക=ഉപെക്ഷിക്ക-

സാരം—— വധിക്കണം എന്നുള്ള ആഗ്രഹവും കളിക്കണം എന്നുള്ള ആഗ്രഹവും ബലിപൂജാദികളെ സ്വീകരിക്കണം എ

നുള്ളതുഗ്രഹവും ഇങ്ങിനെ മൂന്ന വിധമാകുന്നു- സ്കന്ദാദിഗ്രഹങ്ങൾ ബാധിപ്പാനുള്ള കാരണം അതുകളിൽവെച്ച വധിക്കെണമെന്ന താല്പൎയ്യമുള്ളഗ്രഹം ബാധിച്ചാൽ കുട്ടിയുടെയൊ വല്ലുതായവന്റെയൊ മൂക്കിൽനിന്ന വെള്ളം ഒലിക്കയും നാവിങ്കൽ പല്ലുകൾകൊണ്ട കടിച്ചുമുറിക്കയും ഏററവും ഉദ്വേഗത്തൊടുകൂടിശയിക്കുകയും സുഖമില്ലാതിരിക്കുകയും കണ്ണുകളിൽ നിന്ന വെള്ളംപോരികയും വളരെ ശബ്ദത്തൊടുകൂടെ ഛൎദ്ദിക്കയും ക്ഷീണത്തൊടുകൂടി കരച്ചൽമാത്രം വിശേഷം പറയുകയും ശരീരത്തിങ്കൽ ദുൎഗ്ഗന്ധമുണ്ടാകയും ചെയ്യും- ക്ഷീണിച്ചവനായിട്ട തന്റെ മുലകളെ നല്ലതല്ല എന്ന തൊന്നാതെ കയ്യുകൊണ്ട ചൊറിയുകയും ചാപല്യത്തൊടുകൂടിട്ടതന്നെ തന്നെയൊ മററുള്ളവനെയൊ കയ്യുകൾ ഏന്തിപിടിച്ച അടിക്കുകയും ആയുധംകൊണ്ടൊ വടികൊണ്ടൊ മണ്ണിൻകട്ട. കല്ല ഇതലായവറ്റ കൊണ്ടൊ അപ്രകാരം തന്നെയൊ മററുള്ളവനെയൊ അടിക്കുകയും ജ്വലിച്ചിരിക്കുന്ന അഗ്നിയിൽ ചാടുകയും വെള്ളത്തിൽ മുങ്ങിയിടുകയും കിണററിൽ ചാടുകയും അപ്രകാരംതന്നെ തന്റെ പ്രാണനെനശിപ്പിക്കുന്നതായ പലെ വിധത്തിലുള്ള സാഹസത്തെയും ചെയ്യും- തണ്ണീർദാഹം എല്ലാഅംഗങ്ങളിലും കഠിനമായചൂട്, ദൌൎബ്ബല്യം ഇതുകൾ ഉണ്ടാകയും മലത്തെ മുട്ടിക്കയും രോമകൂപങ്ങളിൽകൂടി രക്തംവരികയും വികൃതിവിജ്ഞാനീയാദ്ധ്യായത്തിൽ പറകപ്പെട്ടിരിക്കുന്ന മരണലക്ഷണം ഉണ്ടാകയും ചെയ്യും ഈ ഇക്ഷെല്ലാമുള്ളവനെ ചികിത്സിക്കരുത-

ശ്ലൊ- രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂഷണപ്രിയഃ। ഹൃഷ്ടശ്ശാന്തശ്ച ദുസ്സാദ്ധ്യോ രതികാമെനപീഡിതഃ ॥

അന്വയം— രതികാമെന- പീഡിതഃ- രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂഷണപ്രിയഃ- ഹൃഷ്ടഃ- ശാന്തഃ-ച- ദുസ്സാദ്ധ്യഃ- ഭവതി-

അന്വയാൎത്ഥം— രതികാമനാൽ പീഡിതനായിരിക്കുന്ന ബാലൻ രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂഷണ പ്രിയനായിട്ടും ഹൃഷ്ടനായിട്ടും ശാന്തനായിട്ടും ദുസ്സാദ്ധ്യനായിട്ടും ഭവിക്കുന്നു-

പദാൎത്ഥം— രതികാമൻ=രതിയെ കാമിക്കുന്നവൻ- രതി= ക്രീഡാ- കാമിക്ക=ആഗ്രഹിക്ക- പീഡിതൻ= പീഡിപ്പിക്കപ്പെട്ടവൻ- പീഡിപ്പിക്ക=ഉപദ്രവിക്ക- രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂഷണപ്രിയൻ= രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂഷണങ്ങളിങ്കൽപ്രിയൻ- രഹസ്ത്രീരതിസല്ലാപഗന്ധസ്രഗ്ഭൂ

ണം= രഹസ്സും സ്ത്രീരതിയും സല്ലാപവും ഗന്ധവും സ്രക്കും ഭൂഷണവും- രഹസ്സ്= നിൎജ്ജനദേശം- സ്ത്രീരതിസല്ലാപം=സ്ത്രീകളൊടുകൂടിയുള്ളരതിയും സല്ലാപവും- രതി=ക്രീഡാ- സല്ലാപം=സംവാദം- (നേരംപോക്കു പറയുക) ഗന്ധം=സൌരഭ്യവസ്തു- സ്രക്ക=മാലാ- ഭൂഷണം= ആഭരണം- പ്രിയൻ= ഇഷ്ടമുള്ളവൻ- ഹൃഷ്ടൻ= ഹൎഷത്തൊടുകൂടിയവൻ- ഹൎഷം=സന്തൊഷം- ശാന്തൻ= ശാന്തിയൊടുകൂടിയവൻ- ശാന്തി=ക്ഷമാ- ദുസ്സാധ്യൻ= ദുഃഖെന സാധിക്കപ്പെടുവാൻയൊഗ്യൻ-സാധിക്ക= ചികിത്സിക്ക-

സാരം— ക്രീഡാതൽപരനായിരിക്കുന്ന ഗ്രഹത്താൽ ബാധിക്കപ്പെട്ട ബാലനൊ വലുതായവനൊ ആളില്ലാത്ത സ്ഥലത്തിംകലും സ്ത്രീകളോടുകൂടി കളിക്കുന്നതിംകലും അവരൊടുകൂടി നെരംപൊക്കുപറയുന്നതിംകലും ചന്ദനം, രാമച്ചം, അകില്, കസ്തൂരി ഇത്യാദിസൌരഭ്യ വസ്തുവിംകലും മാലകളിലും ആഭരണങ്ങളിലും താൽപൎയ്യത്തൊടുകൂടിയവനായിട്ടും എല്ലായ്പ്പൊഴും സന്തൊഷത്തൊടും ക്ഷമയൊടും കൂടിയവനായിട്ടും ഭവിക്കുന്നു. ആ ബാലൻ വളരെ പ്രയാസപ്പെട്ടു ചികിത്സിക്കപ്പെടുന്നവനാകുന്നു-

നൻ- ദീനഃപരിമൃശൻവക്ത്രംശുഷ്കൊഷ്ഠഗളതാലുകഃ । ശംകിതംവീക്ഷതെരൌതിധ്യായത്യായാതിദീനതാം ॥

രം- അന്നമന്നാഭിലാഷെപിദത്തംനാത്തിബുഭുക്ഷതെ । ഗ്രഹീതംബലികാമെനതംവിദ്യാൽസുഖസാധനം ॥

അന്വയം— യഃ- ദീനഃ- വക്ത്രം- പരിമൃശൻ- ശുഷ്കൊഷ്ഠഗളതാലുകഃ- ശംകിതം- വീക്ഷതെ- രൌതി- ധ്യായതി- ദീനതാം- ആയാതി- അന്നാഭിലാഷെ- അപി- ദത്തം- അന്നം അത്തി-ന- ബുഭുക്ഷതെ- ബലികാമെന- ഗ്രഹീതം- തം- സുഖസാധനം-വിദ്യാൽ-

അന്വയാൎത്ഥം— യാവനൊരുത്തൻ ദീനനായിട്ടും മുഖത്തെ പരിമൃശനായിട്ടും ശുഷ്കൊഷ്ഠഗളതാലുകനായിട്ടും ശംകിതമാകുംവണ്ണം വീക്ഷിക്കുന്നു- രൊദനത്തെ ചെയ്യുന്നു- ധ്യാനിക്കുന്നു ദീനതയെ ആയാനം ചെയ്യുന്നു- അന്നാഭിലാഷനായിരിക്കും സമയത്തിംകലും ദത്തമായിരിക്കുന്ന അന്നത്തെ അധികം ബുഭുക്ഷിക്കുന്നില്ല ബലികാമനാൽ ഗ്രഹീതനായിരിക്കുന്നവനെ സുഖസാധനമെന്ന അറിയെണം-

പദാൎത്ഥം— യാവനൊരുത്തൻ= യാതൊരുബാലൻ- ദീനൻ= ക്ഷീണൻ- വക്ത്രം=മുഖം- പരിമൃശൻ= പരിമൎശിച്ചിരിക്കുന്നവൻ- പരിമൎശിക്ക= തൊടുക- ശുഷ്കൊഷ്ഠഗളതാലുകൻ= ശു

ക്ഷണാക്ഷരായിരിക്കുന്ന ഓഷ്ഠഗാത്രതാലുക്കളോടുകൂടിയവൻ - ക്ഷുഷ്കങ്ങൾ = വരണ്ടവ - ഓഷ്ഠഗാത്രതാലുക്കൾ = ഓഷ്ഠവും ഗാത്രവും താലുവും - ഓഷ്ഠം = ചുണ്ട - ഗാത്രം = കൈകാൽ - താലു = അണ്ണാക്ക - ശങ്കിതം = ശങ്കയോടുകൂടുംവണ്ണം - വീക്ഷിക്ക = നോക്കുക - ഭീതത = ഭീതത്വം = (പേടി) ആധ്യാനം ചെയ്ക = ധ്യാനിക്ക അന്നാഭിലാഷൻ = അന്നത്തിങ്കൽ അഭിലാഷത്തോടുകൂടിയവൻ - അഭിലാഷം = ആഗ്രഹം - ദത്തം = ദാനം ചെയ്യപ്പെട്ടത - ദാനം ചെയ്ക = കൊടുക്കുക - ബുഭുക്ഷിക്ക = ഭുജിപ്പാനായിക്കൊണ്ട ഇച്ഛിക്ക - ബലികാമൻ = ബലിയെ കാമിക്കുന്നവൻ - കാമിക്ക = ആഗ്രഹിക്ക - ഗൃഹീതൻ = ഗ്രഹിക്കപ്പെട്ടവൻ - ഗ്രഹിക്ക = ബാധിക്ക - അവൻ = ബാലൻ - സുഖസാധനൻ = സുഖേന സാധിക്കപ്പെടുവാൻ യോഗ്യൻ - സാധിക്ക = ചികിത്സിക്ക -

സാരം — യാതൊരു ബാലൻ കണ്ണീരോടുകൂടെ മുഖത്തെ തുടെക്കുകയും ചുണ്ടും ദേഹവും അണ്ണാക്കും വറളുകയും ശങ്കയോടുകൂടി എല്ലാദിക്കിലും നോക്കുകയും കരയുകയും ധ്യാനിക്കുകയും ഭയപ്പെടുകയും അന്നത്തിങ്കൽ ആഗ്രഹത്തോടുകൂടിയവനാണെ എങ്കിലും കൊടുത്തിരിക്കുന്ന അന്നത്തെ ഭുജിപ്പാൻ ഇച്ഛയില്ലാതിരിക്കയും ചെയ്യുന്നു - ബലികാമനായിരിക്കുന്ന ഗ്രഹത്താൽ ബാധിച്ചിരിക്കുന്ന ബാലനെ സുഖസാദ്ധ്യനെന്നറിയേണം -

൪൫ - ഹന്തുകാമം ജയേദ്ധോമൈസ്സിദ്ധമന്ത്രപ്രവർത്തിതൈഃ ।
ഇതരൌ തു യഥാകാമം രതിബല്യാദിദാനതഃ ॥

അന്വയം — ഹന്തുകാമം - സിദ്ധമന്ത്രപ്രവർത്തിതൈഃ - ഹോമൈഃ - ജയേത് - ഇതരൌ - തു - യഥാകാമം - രതിബല്യാദിദാനതഃ - ജയേൽ -

അന്വയാർത്ഥം — ഹന്തുകാമനെ സിദ്ധമന്ത്രപ്രവർത്തിതങ്ങളായിരിക്കുന്ന ഹോമങ്ങളെക്കൊണ്ട ജയിക്കേണം - ഇതരന്മാരെ അവരുടെ കാമത്തിന്ന തക്കവണ്ണം രതിബല്യാദിദാനംകൊണ്ട ജയിക്കേണം -

പദാർത്ഥം — ഹന്തുകാമൻ = ഹനിപ്പാനായിക്കൊണ്ട കാമത്തോടുകൂടിയവൻ - ഹനിക്ക = കൊല്ലുക - കാമം = ആഗ്രഹം - സിദ്ധമന്ത്രപ്രവൃത്തിതങ്ങൾ = സിദ്ധമന്ത്രങ്ങളോടുകൂടെ പ്രവൃത്തിതങ്ങൾ - സിദ്ധമന്ത്രങ്ങൾ = സിദ്ധങ്ങളായിരിക്കുന്ന മന്ത്രങ്ങൾ - സിദ്ധങ്ങൾ = അപരാജിതങ്ങൾ - (മറ്റൊന്നിനാൽ ജയിക്കപ്പെടാത്തവ) പ്രവൃത്തിതങ്ങൾ = പ്രവൃത്തിക്കപ്പെട്ടവ - പ്രവൃത്തിക്ക =

പ്പെട്ടു- ജയിക്കും നശിപ്പിക്കും- ഇതരങ്ങൾ= അല്പനാകാമങ്ങൾ- കാമം= അനുഗ്രഹം- രതിവെല്യാമിമാനം= രതിവെല്യാമികളുടെ മാനം- രതിവെല്യാമികൾ= രതിയും വെല്യാമിയും- രതി=സുഖാവാസം- വെല്യാമി=പൂജാദി- മാനം=കൊടുക്കുക-

സാരം— നശിപ്പിപ്പാനിച്ഛയോടുകൂടെ ബാധിച്ചിരിക്കുന്ന ഗ്രഹത്തെ സിദ്ധങ്ങളായിരിക്കുന്ന മന്ത്രങ്ങളോടുകൂടെ ഹോമം ചെയ്തു ജയിക്കേണം- മുമ്പെ പറഞ്ഞകാമൻ അസാധ്യഗ്രഹമാണെന്നും അതിനെ ഉപേക്ഷിക്കേണമെന്നും പറഞ്ഞിരിക്കുമ്പോൾ അതിന്നിങ്ങിനെ ചികിത്സ പറകപ്പെട്ടു എന്നുള്ളടത്തെ (അസാധ്യാ ഹരേ: ക്ലപാസാച്ചിതേസൽ) എന്ന സംഗ്രഹത്തിൽ പറഞ്ഞിട്ടുണ്ടാകയാൽ അതിന്ന ഈശ്വരപ്രസാദംവരെ ചികിത്സിക്കേണമെന്ന അഭിപ്രായംകൊണ്ടും സിദ്ധമന്ത്രപ്രവൃത്തികൊണ്ട എന്ന പറഞ്ഞതുകൊണ്ടു മന്ത്രങ്ങൾക്കു ഈശ്വരശക്തി ഉണ്ടെന്നും അതിനെ പറയാൻ പാടില്ലാത്തതുകൊണ്ടും അതിനെയും ചികിത്സിക്കേണമെന്ന അറിഞ്ഞുകൊൾക- രതികാമനെയും അല്പനാകാമനെയും അവരുടെ ഇഷ്ടത്തിന്നനുകൂലമായ സുഖസ്ഥാനത്തെകൊടുക്കുക, പൂജയെ കൊടുക്കുക ഇത്യാദികൾകൊണ്ടും ജയിക്കേണം-

൫൮- അഥാസാധ്യഗ്രഹംബാലംവിവിക്തശരണേസ്ഥിതം । ത്രിഃസ്നാതകസംശ്ലിഷ്ടംസമാസന്നിഹിതാനലേ ॥

൫൯- വികീർണ്ണഭൂതികുസുമപത്രബീജാന്നസർഷപേ । രക്ഷോഘ്നതൈലജ്വലിതപ്രദീപഹതപാപ്മനി ॥

൬൦- വ്യവായമദ്യപിശിതനിവൃത്തപരിചാരകേ । പുരാണസർപ്പിഷാഭ്യക്തംപരിഷിഞ്ചേൽസുഖാംബുനാ ॥

൬൧- സാധിതേനബലാനിംബവൈജയന്തീനൃപദ്രുമൈഃ । പാരിഭദ്രകകടഭീഗജാംബ്രൂവരണാർക്കജൈഃ ॥

൬൨- കപോതവംകാപാമാർഗ്ഗപാടലീമധുശിഗ്രുഭിഃ । കാകജംഘാമഹാശ്വേതാകപിത്ഥക്ഷീരിപാദപൈഃ ॥

൬൩- കസേരുകൈശ്ചൈവസപുഷ്പസ്നാതസ്യാചരേൽ ... പിവ്യൂല്ലാമരിസിംഹിക്ഷീരപക്ഷിഭിരവ്യക്തയിത്രിഭിഃ ॥

പദച്ഛേദം——— അഥ- അസാധ്യഗ്രഹം- ബാലം- അഹന്യഹഃ- ത്രിഃ- സ്നാതകസംശ്ലിഷ്ടം- സമാസന്നിഹിതാനലേ- വികീർണ്ണഭൂതികുസുമപത്രബീജാന്നസർഷപേ- രക്ഷോഘ്നതൈലജ്വലിതപ്രദീപഹതപാപ്മനി- വ്യവായമദ്യപിശിതനിവൃത്തപരിചാരകേ- വിവിക്തേ- ശരണേ- സ്ഥിതം- പുരാണസർപ്പിഷാ- അഭ്യക്തം-

വേലാനിലവൈജയന്തീപട്ടൈഃ- പാരിഭദ്രകകടഭീജം
ബൂവരണകല്ക്കൈഃ- കപോതവങ്കാ കാപാമാൎഗ്ഗപാടലീമധു
ശിഗ്രുഭിഃ സകണ്ടകൈൎവ്വൈഃ- കാകജംഘാമഹാശ്വേതാകപി
ത്ഥക്ഷീരിപാദപൈഃ- ച- സാധിതേന- സുഖോഷ്ണേന- പരി
ഷിഞ്ചേൽ- സ്നാനസ്യ- ഏതന്മിശ്രൈരേതൈഃ- മരിചപിപ്പലീഗുഗ്ഗുലുഹി
ന്സിംഹികാചൎമ്മഭിഃ- ധൂപം- ഉപ്പാക്ഷകൈൎ-ച-

അന്വയാൎത്ഥം —— അനന്തരം സാദ്ധ്യഗ്രഹനായിരിക്കുന്ന
ബാലനെ അഹസ്സിങ്കൽ മൂന്നുവട്ടം സിക്തസംമൃഷ്ടമായി എ
ല്ലായ്പോഴും സന്നിഹിതാനലമായി വികീൎണ്ണഭൂതികുസുമപത്ര
ബീജാന്ന സൎഷപമായി രക്ഷോഘ്നതൈലജ്വലിത പ്രദീപഹ
തപാപ്മാവായി വ്യവായമദ്യപിശിത നിവൃത്തപരിചാരകമായി
വിവിക്തമായിരിക്കുന്ന ശരണത്തിങ്കൽ സ്ഥിതനാക്കി പുരാ
ണ സപ്പിസ്സുകൊണ്ടു അഭ്യക്തനാക്കീട്ട വേലാനിലവൈജ
യന്തീപട്ടങ്ങളെക്കൊണ്ടും പാരിഭദ്രകകടഭീജംബൂവരണ
കല്ക്കങ്ങളെക്കൊണ്ടും കപോതവങ്കാപാമാൎഗ്ഗപാടലീമധുശിഗ്രു
ക്കളെക്കൊണ്ടും സകണ്ടകങ്ങളായിരിക്കുന്ന കാകജംഘാമ
ഹാശ്വേതാകപിത്ഥക്ഷീരിപാദങ്ങളെക്കൊണ്ടും സാധിതമായിരി
ക്കുന്ന സുഖോഷ്ണമായ ജലംകൊണ്ടു പരിഷേചനം ചെയ്യിക്കേണം.
സ്നാനസ്യ ഏതന്മിശ്രങ്ങളായിരിക്കുന്ന മരിചപിപ്പലീഗുഗ്ഗുലുഹിംസ്രാ
ചൎമ്മങ്ങളെക്കൊണ്ടു ധൂപത്തെ ഉപയോഗിക്കുകയും വേണം.

പരിഭാഷാ—— സാദ്ധ്യഗ്രഹൻ=സാദ്ധ്യമായിരിക്കുന്ന ഗ്ര
ഹത്തോടുകൂടിയവൻ- സാദ്ധ്യം=സാധിക്കപ്പെടുവാൻ യോഗ്യം-
സാധിക്ക ചികിത്സിക്ക- അഹസ്സ=ദിവസം- വാരം=പ്രാവ
ശ്യം- സിക്തസംമൃഷ്ടം=പൂൎവ്വം സംമൃഷ്ടമായിട്ടും പിന്നെ സി
ക്തമായിട്ടും ഇരിക്കുന്നത- സംമൃഷ്ടം=സംമാൎജ്ജനം ചെയ്യപ്പെ
ട്ടത- സംമാൎജ്ജനം ചെയ്ക=ശുദ്ധിവരുത്തുക- സിക്തം=സേച
നം ചെയ്യപ്പെട്ടത- സേചനം ചെയ്ക=നനക്കുക- (തളിച്ചതളി
ച്ചത എന്നൎത്ഥം) സന്നിഹിതാനലം=സന്നിഹിതമായിരിക്കു
ന്ന അനലത്തോടുകൂടിയത- സന്നിഹിതം സമീപത്തിങ്കൽ ഇ
രിക്കുന്നത- അനലൻ=അഗ്നി- വികീൎണ്ണഭൂതികുസുമപത്രബീ
ജാന്നസൎഷപം=വികീൎണ്ണങ്ങളായിരിക്കുന്ന ഭൂതികുസുമപത്രബീ
ജാന്ന സൎഷപങ്ങളോടുകൂടിയത- വികീൎണ്ണങ്ങൾ=വികിരണം
ചെയ്യപ്പെട്ടവ- വികിരണം ചെയ്ക=വിതറുക- ഭൂതികുസുമപത്ര
ബീജാന്നസൎഷപങ്ങൾ= ഭൂതിയും കുസുമവും പത്രവും ബീജവും
അന്നവും സൎഷപവും- ഭൂതി=ഭസ്മം- കുസുമം=പുഷ്പം- പത്രം=

ഉപ- ബീജം=വിത്ത- അന്നം=ചോറ- സർപ്പിഃ=നെയ്യ- ര ക്ഷോഘ്നതൈലജ്വലിതപ്രദീപഹതപാപ്മാവ=രക്ഷോഘ്നതൈല ജ്വലിതമായിരിക്കുന്ന പ്രദീപത്താൽ ഹതമായിരിക്കുന്ന പാ പ്മാവൊടുകൂടിയത- രക്ഷോഘ്നതൈലജ്വലിതം=രക്ഷോഘ്നതൈ ലത്താൽജ്വലിതം- രക്ഷോഘ്നതൈലം=രക്ഷോഘ്നമായിരിക്കുന്ന തൈലം- രക്ഷോഘ്നം=രക്ഷോഗ്രഹത്തെ ഹനിക്കുന്നത- ഹനി ക്ക=നശിപ്പിക്ക- ജ്വലിതം=ജ്വലിക്കപ്പെട്ടത- ജ്വലിക്ക=പ്രകാശി ക്ക- പ്രദീപം=വിളക്ക- ഹതം=ഹനിക്കപ്പെട്ടത- ഹനിക്ക=ന ശിപ്പിക്ക- പാപ്മാവ=പാപം- വ്യവായമദ്യപിശിതനിവൃത്തപരി ചാരകം=വ്യവായമദ്യപിശിതങ്ങളിൽനിന്ന നിവൃത്തന്മാരായി രിക്കുന്ന പരിചാരകന്മാരൊടുകൂടിയത- വ്യവായമദ്യപിശിതങ്ങ ൾ=വ്യവായവും മദ്യവും പിശിതവും- വ്യവായം=മൈഥുനം- മ ദ്യം=മദ്യപാനം- പിശിതം=മാംസഭക്ഷണം- നിവൃത്തന്മാർ=നി വൃത്തിച്ചിരിക്കുന്നവർ- നിവൃത്തിക്ക=പിൻതിരിയുക- പരിചാ രകന്മാർ=ഭൃത്യന്മാർ- വിവിക്തം=വിജനം- (ജനമില്ലാത്തത-) ശ രണം=ഗൃഹം- സമിതൻ=സമിതിചെയ്യുന്നവൻ- സമിതി ചെയ്ക=ഇരിക്ക- പുരാണസർപ്പിസ്സ=പുരാണമായിരിക്കുന്ന സർപ്പിസ്സ- പുരാണം=പഴകിയത- സർപ്പിസ്സ=നെയ്യ- അഭ്യക്ത ൻ=അഭ്യംഗം ചെയ്യപ്പെട്ടവൻ- അഭ്യംഗം ചെയ്ക=തേക്ക ക- ബലാനിംബവൈജയന്തീസൂപ്പങ്ങൾ=ബലയും നിംബ വും വൈജയന്തിയും സൂപ്പവും- ബല=കുറുന്തോട്ടി- നിം ബം=വേപ്പ- വൈജയന്തി=മുഞ്ഞ- സൂപ്പം=കാന്ന- പാരിഭ ദ്രകകടംഗജംബൂവരണകത്തൃണങ്ങൾ=പാരിഭദ്രകവും കടംഗ വും ജംബുവും വരണവും കത്തൃണവും- പാരിഭദ്രകം=മുരി ക്ക- കടംഗം=പലകപ്പയ്യാനി- ജംബു=ഞാവൽ- വരണം=നീ ർമാതളം- കത്തൃണം=പുല്ല- കപോതവങ്കാപാമാർഗ്ഗപാടലീമധു ശിഗ്രുക്കൾ=കപോതവങ്കവും അപാമാർഗ്ഗവും പാടലിയും മധുശി ഗ്രുവും- കപോതവങ്കം=അടക്കാമണിയൻ- അപാമാർഗ്ഗം=ചെറി യകടലാടി- പാടലീ=പാതിരി- മധുശിഗ്രു=പുന്നമുരിങ്ങ- സകര ഞ്ജകദംബങ്ങൾ=കരഞ്ജകദംബങ്ങളോടുകൂടിയവ- കരഞ്ജകദം ബങ്ങൾ=കരഞ്ജവും കദംബവും- കരഞ്ജം=ഉങ്ങ- കദംബം=ക ടമ്പ- കാകജംഘാമഹാശ്വേതാകപിത്ഥക്ഷീരിപാദപങ്ങൾ=കാകജം ഘയും മഹാശ്വേതയും കപിത്ഥവും ക്ഷീരിപാദപവും- കാകജം ഘ=കാക്കത്തൊണ്ടി- മഹാശ്വേത=[illegible] കപിത്ഥം= വിളാർ- ക്ഷീരിപാദപം=പാലുള്ളമരം- സുധാദി=സുധാദികളുടെ

ഥം- സ്വാധീക്കം=ഉണ്ടാക്കുക- സുഖോഷ്ണേന=കുറഞ്ഞൊരു ചൂടോടു കൂടി യവെള്ളം- പരിഷേചനം ചെയ്യിപ്പിക്കണം=കുളിപ്പിക്കുക- സ്നാതൻ=സ്നാനം ചെയ്യിക്കപ്പെട്ടവൻ- സ്നാനം ചെയ്യ=കുളിക്കുക- ഘൃതമിശ്രിതങ്ങൾ=ഘൃതത്തോടു മിശ്രിതങ്ങളായ- ഘൃതം=നെയ്യ്- മിശ്രിതങ്ങൾ=മിശ്രങ്ങളാക്കപ്പെട്ടവ- മിശ്രങ്ങൾ=ചേർന്നവ- ദ്വീപിവ്യാഘ്രാഹിസിംഹർക്ഷ ചർമ്മങ്ങൾ=ദ്വീപിവ്യാഘ്രാഹിസിംഹർക്ഷങ്ങളുടെ ചർമ്മങ്ങൾ- ദ്വീപിവ്യാഘ്രാഹിസിംഹർക്ഷങ്ങൾ=ദ്വീപിയും വ്യാഘ്രവും അഹിയും സിംഹവും ഋക്ഷവും- ദ്വീപി=പുള്ളിപ്പുലി- വ്യാഘ്രം=പുലി അഹി=പാമ്പ- ഋക്ഷം=കരടി- ചർമ്മം=തോലി- ധൂപം=പുക- ആചരിക്ക=ചെയ്യുക-

സാരം.... അനന്തരം സ്വഭാവ്യഗ്രഹത്തോടു കൂടിയ ബാലനെ പകൽ മൂന്നു നേരവും അടിച്ചു തളിച്ചു ശുദ്ധിവരുത്തിയതും എല്ലായ്പോഴും സമീപത്തിങ്കൽ തിയ്യുള്ളതും ദീപം, പുഷ്പം, മുതൽ മുതലായതിന്റെ മാല, അമര മുതലായതിന്റെ വിത്ത പരമാന്നം, പൊറ്റേട്ടക- ഇതുകൾ വിതറിയതും ലാക്ഷാദി മുതലായ രക്ഷോഘ്നങ്ങളായ തൈലം കൊണ്ടു കത്തിച്ചിരിക്കുന്ന വിളക്കിനാൽ നശിപ്പിക്കപ്പെട്ടിരിക്കുന്ന പാപത്തോടു കൂടിയതും മൈഥുനം, മദ്യപാനം, മാംസഭക്ഷണം ഇതുകളില്ലാത്ത ഭൃത്യന്മാരോടു കൂടിയതും ജനബാധ ഇല്ലാത്തതും ആയ ഗൃഹത്തിൽ ഇരുത്തിട്ടു പഴയ നെയ്യു കൊണ്ടു മെൽ പുരട്ടിട്ടു കുറുന്തോട്ടിവേര, വെപ്പിൻതൊലി, മുത്തെവേര കൊന്നത്തൊലി, വെണ്ടെക്കിൻതൊലി, പടകൂരുന്നവേര, താവൽതൊലി, നീർമാതളത്തിൻതൊലി, ചുണ്ടവേര, അടക്കാമണിയൻവേര, വലിയകടലാടിവേര, പാതിരിവേര, പുനർമുരിങ്ങവേര, ഇഞ്ഞിൻതൊലി, കടമ്പിൻതൊലി, കാക്കത്തൊണ്ടിവേര, വെള്ളവയമ്പ, വിഴാൽമരത്തിൻവേര, നാല്പാമരത്തൊലി ഇവകളിട്ടു വെച്ച വെള്ളം അല്പം ചൂടോടെ പകൎന്നു കുളിപ്പിക്കേണം- കുളിപ്പിച്ചതിന്റെ ശേഷം പുള്ളിപ്പുലി, പുലി, പാമ്പ, സിംഹം, കരടി ഇവറ്റകളുടെ തൊലിയിൽ നെയ്യു ചേർത്ത പുകച്ചു പുക ഏല്പിക്കയും വേണം-

൨൭. പൂതിമശോംഗസിദ്ധാർത്ഥവചാഭല്ലാതകദ്വിപൈഃ । സകേശൈർന്നഖൈർദ്ധൂപസ്സ്യാദ്ഗ്രഹവിമോക്ഷണഃ ॥

അന്വയം—— സകേശൈഃ- നഖൈഃ- പൂതിമശോംഗസിദ്ധാർത്ഥവചാഭല്ലാതകദ്വിപൈഃ- ധൂപഃ- സദ്യഗ്രഹവിമോക്ഷണഃ- ഭവതി-

അന്വയാർത്ഥം——സകേശങ്ങളായി സാഷ്ഠങ്ങളായിരിക്കുന്ന

പൃത്ഥ്വീകാശസിദ്ധാർത്ഥ വചാലശുനതിക്തകങ്ങൾ കൊണ്ടുള്ള ധൂപം സർവ്വഗ്രഹ വിമോക്ഷണമായി ഭവിക്കുന്നു.

പരിഭാഷ —— സകുഷ്ഠങ്ങൾ=കുഷ്ഠത്തോടുകൂടിയവ. കുഷ്ഠം=കൊട്ടം. സഘൃതങ്ങൾ=ഘൃതത്തോടുകൂടിയവ. ഘൃതം=നെയ്യ്. പൃത്ഥ്വീകാശസിദ്ധാർത്ഥവചാലശുനതിക്തകങ്ങൾ=പൃത്ഥ്വീകാശവും സിദ്ധാർത്ഥവും, വചയും ലശുനവും തിക്തകവും. പൃത്ഥ്വീകാശം=പൃത്ഥ്വീകാശമെന്ന പേരോടുകൂടിയ ശണം. (കമ്പിളികൊററൻ എന്നുമുണ്ട്) സിദ്ധാർത്ഥം=കടുക. വചാ=വയമ്പ. ലശുനം=വെളുള്ളി. തിക്തകം=അയമോദകം. ധൂപം=പുക. സർവ്വഗ്രഹവിമോക്ഷണം=സർവ്വഗ്രഹങ്ങളുടെ വിമോക്ഷണം. സർവ്വഗ്രഹങ്ങൾ=സർവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങൾ. സർവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. വിമോക്ഷണം=വിമോചനം. (എല്ലാ ഗ്രഹങ്ങൾ കൊണ്ടുള്ള പീഡയെയും നശിപ്പിക്കുന്നത എന്ന സാരം)

സാരം —— പൃത്ഥ്വീകാസുഹകവചാദിഷു വിഷംശാനിശൈസന്ധവം പാഠാ ശങ്കപിപ്പലികാവ്യോഷംകാരുപ മനിനിദ്ധിതാമാരം ശീയം എന്ന പ്രമാണമുണ്ടാകയാൽ പൃത്ഥ്വീകാശമെന്നുള്ളതിന്ന ഉങ്ങിൻതൊലി, വയമ്പ, കായം, വിഴാലരി, ഇന്തുപ്പ്, പാടക്കിഴങ്ങ അതിത്തിപ്പലി, ചുക്ക, മുളക, തിപ്പലി ഇതുകളെന്ന അർത്ഥമുണ്ടാകയാൽ ഇതുകളെങ്കിലും അല്ലെങ്കിൽ കമ്പിളികൊററൻ എന്ന അർത്ഥമുണ്ടാകയാൽ അതും കൊട്ടം, വയമ്പ, വെളുള്ളി, അയമോദകം, ഇതുകൾ കൂട്ടി നെയ്യ ചേർത്ത പുകച്ചപുക, എല്ലാഗ്രഹങ്ങൾ കൊണ്ടുള്ള ഉപദ്രവത്തെയും നശിപ്പിക്കും.

൩൯. സർഷപാനിംബപത്രാണി മൂലമശ്വഖുരാവചാ । ഭൂർജ്ജപത്രംഘൃതംധൂപസ്സർവ്വഗ്രഹനിബർഹണഃ ॥

അന്വയം —— സർഷപാഃ- നിംബപത്രാണി- അശ്വഖുരാൽ മൂലം- വചാ- ഭൂർജ്ജപത്രം- ഘൃതം- ഏഷഃ- ധൂപഃ- സർവ്വഗ്രഹനിബർഹണഃ ഭവതി-

അന്വയാർത്ഥം —— സർഷപങ്ങളും നിംബപത്രങ്ങളും അശ്വഖുരത്തിങ്കൽ നിന്ന മൂലവും, വചയും, ഭൂർജ്ജപത്രവും ഘൃതവും ഇതുകൾ കൊണ്ടുള്ള ധൂപം സർവ്വഗ്രഹനിബർഹണമായി ഭവിക്കുന്നു.

പരിഭാഷാ —— സർഷപങ്ങൾ=കടുകുകൾ. നിംബപത്രങ്ങൾ=നിംബത്തിന്റെ പത്രങ്ങൾ. നിംബം=വേപ്പ. പത്രങ്ങൾ=ഇലകൾ. അശ്വഖുരം=മലയമുക്കി. മൂലം=വേര. വചാ=വയമ്പ. ഭൂർജ്ജപത്രം=ഭൂർജ്ജത്തിന്റെ പത്രം. ഭൂർജ്ജം=പേതമരം. (പൃതന്റെ

ഷകന്നതുതന്നെ) പത്രം=ഇല. ഘൃതം=നെയ്യ്. ധൂപം=പുക. സർവ്വഗ്ര ഹനിബർഹണം=സർവ്വഗ്രഹങ്ങളെ നിബർഹണം ചെയ്യുന്നതു. സർവ്വഗ്രഹങ്ങളും=സർവ്വങ്ങളുമായിരിക്കുന്ന ഗ്രഹങ്ങളും. സർവ്വങ്ങളും= ഒട്ടൊഴിയാതെ ഉള്ളവ. നിബർഹണം ചെയ്ക=നശിപ്പിക്ക.

സാരം—— കടുക, വെപ്പില, ചെമ്പരുക്കിവേര്, വയമ്പ, പെരുമരത്തിന്റെ ഇല ഇതുകളും നെയ്യ് കൂട്ടി ചേർത്ത പുകച്ചാൽ സർവ്വഗ്രഹങ്ങളും നശിക്കും.

൧൦. ഗോശൃംഗചർമ്മവാലാഹിനിർമ്മോകം വൃഷദംശവിൾ ।
നിംബപത്രാജ്യകടുകാമദനം ബൃഹതീദ്വയം ॥

൧൧. കാർപ്പാസാസ്ഥിയവാലേഭ്യവചൈവാഹിപനസർപ്പം ।
മയൂരപത്രം ശ്രീവാസസ്തുഷം കേശം സടാ ഠം ।

൧൨. ഉൽക്കാസ്യം വസ്തമൂത്രേണ ഭാവിതം ഗുളചൂർണ്ണിതം ।
ധൂപനം ചഹിതം സർവ്വഗ്രഹേഷു വിഷമജ്വരെ ॥

അന്വയം —— ഉൽക്കാസ്യം. വസ്തമൂത്രേണ. ഭാവിതം. ഗുളചൂർണ്ണിതം. ഗോശൃംഗചർമ്മ. വാലാഹിനിർമ്മോകം. വൃഷദംശവിൾ. നിംബപത്രാജ്യകടുകാമദനം. ബൃഹതീദ്വയം. കാർപ്പാസാസ്ഥിയവാലേഭ്യവചൈവാഹിപനസർപ്പം. മയൂരപത്രം. ശ്രീവാസഃ. തുഷം. സടാ. കേശം. ധൂപനം. സർവ്വഗ്രഹേഷു. വിഷമജ്വരെ. ച. ഹിതം.

അന്വയാർത്ഥം—— ഉൽക്കാസ്യത്തിങ്കൽ വസ്തമൂത്രംകൊണ്ടു ഭാവിതമായി ഗുളചൂർണ്ണിതമായിരിക്കുന്ന ഗോശൃംഗചർമ്മവാലാഹിനിർമ്മോകവും വൃഷദംശവിട്ടും നിംബപത്രാജ്യകടുകാമദനവും ബൃഹതീദ്വയവും കാർപ്പാസാസ്ഥിയവാലേഭ്യവചൈവാഹിപനസർപ്പവും മയൂരപത്രവും ശ്രീവാസവും തുഷവും സടാമായിരിക്കുന്ന കേശവും ധൂപനമായിട്ട സർവ്വഗ്രഹങ്ങളിലും വിഷമജ്വരത്തിങ്കലും ഹിതമാകുന്നു.

പദാർത്ഥം—— ഉൽക്കാസ്യം=ഉത്തികാസ്ത്രമായിരിക്കുന്ന കാസ്യം. ഉത്തികാസ്ത്രം=ഉത്തികകൊണ്ടൊത്തം. ഉത്തിക=മണ്ണു കുടം=ഉണ്ടാക്കപ്പെട്ടതു. കാസ്യം=പാത്രം. വസ്തമൂത്രം=വസ്തത്തിന്റെ മൂത്രം. വസ്തം=കുറിയാടു. ഭാവിതം=ഭാവന (ഭാവന ചെയ്യുത) ഗുളചൂർണ്ണിതം=ഗുളമാകുന്ന ചൂർണ്ണിതം. ഗുളം=ശർക്കര. ചൂർണ്ണിതം=ചൂർണ്ണമാക്കപ്പെട്ടതു. ചൂർണ്ണം=പൊടി. ഗോശൃംഗചർമ്മവാലാഹിനിർമ്മോകം=ഗോശൃംഗചർമ്മവാലവും അഹിനിർമ്മോകവും. ഗോശൃംഗചർമ്മവാലം=ഗോവിന്റെ ശൃംഗവും ചർമ്മവും വാലവും. ഗോവ്=പശു. ശൃംഗം=കൊമ്പ. ചർമ്മം=തോൽ

ലി- ബോധം=പൂപ്പൂത്തൊഴം- അഹിനിർമ്മോകം=പാമ്പിൻപടം- വൃഷദംശവിട്=വൃഷദംശത്തിന്റെവിട്- വൃഷദംശം=മാർജ്ജാരൻ- (പൂച്ച) വിട്=മലം- നിംബപത്രാജ്യകടുകാമദനം=നിംബപത്രവും ആജ്യവും കടുകയും മദനവും- നിംബപത്രം=വേപ്പില ആജ്യം=നെയ്യ്- കടുകാ=കടുകരോഹിണി- മദനം=മലങ്കാരക്ക- ബൃഹതീദ്വയം=വെൾവഴുതിനയും ചെറുവഴുതിനയും- കാർപ്പാസാസ്ഥിവചാ ലോധ്രയവദേവാഹ്വസർഷപം=കാർപ്പാസാസ്ഥിയും വചയും, ലോധ്രവും യവവും ദേവാഹ്വവും സർഷപവും- കാർപ്പാസാസ്ഥി=പരുത്തിക്കുരു- വചാ=വയമ്പ- ലോധ്രം=പാച്ചോറ്റിത്തൊലി- യവം=യവധാന്യം- ദേവാഹ്വം=ദേവതാരം- സർഷപം=കടുക- മയൂരപത്രം=പീലി- ശ്രീവാസം=തിരുവട്ടപ്പശ- തുഷം=ഉമി- സഘൃതം=ഘൃതത്തോടുകൂടിയത- ഘൃതം=നെയ്യ്- കേശം=തലമുടി- ധൂപനം=പുകക്കുക- സർവ്വഗ്രഹാണാം=സർവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങൾക്ക്- സർവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- ഗ്രഹാണാം=ഗ്രഹങ്ങൾക്ക്- വിഷമജ്വരാണാം=വിഷമമെന്ന പേരോടുകൂടിയ പനി- ഹിതം=പഥ്യം-

സാരം —— ചുരുവിന്റെതൊലി, ബാലിന്റെരോമം, പാമ്പിൻപടം, പൂച്ചക്കാഷ്ടം, വേപ്പില, കടുകരോഹിണി, മലങ്കാരക്ക, ചെറുവഴുതിനവേര, വെൾവഴുതിനവേര, പരുത്തിക്കുരു, വയമ്പ, പാച്ചോറ്റിത്തൊലി, യവം, ദേവതാരം, കടുക, പീലി, തിരുവട്ടപ്പശ, ഉമി, നെയ്യ്, തലമുടി, ഇതുകളെക്കൊണ്ട ഉണ്ടാക്കിയ പാത്രത്തിൽ കറിയാടിന്റെ മൂത്രത്തിൽ വെച്ചിട്ട് നല്ലവണ്ണം പൊടിച്ച നെയ്യുകൂട്ടി പുകക്കേണം- ആ പുക എല്ലാഗ്രഹങ്ങളെയും വിഷമങ്ങളായിരിക്കുന്ന സതതാദി ജ്വരങ്ങളെയും നശിപ്പിക്കും.

൫൩. അനന്താമ്രാസ്ഥിതഗരംമരിചംമധുരോഗണഃ । ശൃഗാലവിന്നാമുസ്താചകല്കിതൈസ്തൈർഘൃതംപചേൽ ॥

൫൪. മസ്തുദശക്ഷീരയുക്തംതൽഗ്രഹഘ്നംപരം । രാസ്നാദ്വയാംശുമതിവപഞ്ചമൂലബലാബലാൽ ॥

൫൫. കഷായേസർപ്പിഷഃപക്വേൽപിബേച്ഛ്രീവാജ്യേഷ്ഠചിത്രകൈഃ । പാഠാവിളംഗമധുകപയസ്യാഹിംഗുദാരുഭിഃ ।

൫൬. സഗ്രന്ഥികൈസ്സൂക്ഷ്മൈലാവ്യോഷൈസ്സർഷപിതം । സർവ്വരോഗഗ്രഹഹരംദീപനംബലവർണ്ണദം ॥

അന്വയം —— അനന്താമ്രാസ്ഥിതഗരം- മരിചം- മധുരഃ- ഗണഃ- ശൃഗാലവിന്നാ- മുസ്താ- ച- കല്കിതൈഃ- തൈഃ- മസ്തു

ലരസകവിതയുക്തം- ഭൃംഗം- പഠിപ്പാൻ- തൻ- പത്മം- പ്രഹർഷിൽ-
താസ്സാപ്രക്രമതിവപ്രപത്തുമുലബെലദലന്നാൽ- കപാലം- പി
ക്കൂളം- സുഗന്ധികളും- സൌന്ദര്യമുള്ള- ശാരികാവ്യാഘ്ര
പിത്രകളും- പാരാവിളംഗമധ്യ ഭവയനസ്യാറിംഗളുമായ- സ
പ്പിട്- പഠിപ്പാൻ- തൻ- ശിരോട്- സതതം- ഹിതം- സപ്പരോഗ
ഗ്രഹമായം- ദിപനം- ബെലവല്ലരം ഭവതി-

അന്വയാർത്ഥം—— അനന്താപ്രാന്തദിക്കിലുള്ളവും മരിചവും മ
ധുരമായിരിക്കുന്ന ഗന്ധവും സുഗന്ധിപിന്നാലു, മുല്ലയും കല്ക്കൂ
ടങ്ങളുമായിരിക്കുന്ന അളികൾകൊണ്ടു ശൈശവരസകവിതയുക്തമാ
യിരിക്കുന്ന ഭൃംഗത്തെ പഠിപ്പിക്കുന്നു. അതു ഏററവും പ്രകാശി
തമായി ഭവിക്കുന്നു. താസ്സാപ്രക്രമതിവപ്രപത്തുമുള്ള ബെലദ
ലങ്ങൾകൊണ്ടിരിക്കുന്ന പാരമ്പര്യത്തിൽ പിതൃക്കളായി സുഗന്ധി
കളായി സൌന്ദര്യമുള്ളവരായിരിക്കുന്ന ശാരികാവ്യാഘ്രപി
ത്രങ്ങൾകൊണ്ടും പാരാവിളംഗമധ്യഭവയനസ്യാറിംഗളമായവർ
കൊണ്ടു, സപ്പിസ്സിനെ പഠിപ്പിക്കുന്നു. അതു ശിരോവിന്നു ഹി
തമായിട്ടും ഹിതമായിട്ടും സപ്പരോഗഗ്രഹമായിട്ടും ദിപന
മായിട്ടും, ബെലവല്ലരമായിട്ടും ഭവിക്കുന്നു.

പദാർത്ഥം—— അനന്താപ്രാന്തദിക്കിലുള്ളവും അനന്തയും അരുദ
ന്ധയും മരിചവും- അനന്താന്തദിക്കുള്ള- അരുദ്ധാന്ധി=ചന്ദ
നത്തെ- തഗരം=തഗരം- മരിച=മുളകു- മധുരം=മധുരരസം-
ഗന്ധം=ഗന്ധം- സുഗന്ധിപിന്നാ=മുല്ല- മുല്ല=മുത്തങ്ങകളിഴ
ങ്ങ- കല്ക്കൂടങ്ങൾ=കല്ക്കങ്ങൾപ്പുട്ടവ- അളികൾ=അനന്താമ ക
ൾ- ശൈശവ രസകവിതയുക്തം-ശൈശവ രസത്തോടും കവിത
ത്തോടും കൂടിയതു- ശൈശവരസം=ശൈശവത്തിന്റെരസം- ശൈ
ശവം=ശൈശവമെന്ന പേരോടു കൂടിയതു- രസം=കഷായം- കവി
ത=പാലം- ഭൃംഗമെന്നു- പഠിക്കുക=പാകംചെയ്യു- അതു=സപ്പി
സ്സു- പ്രകാശിതം=പ്രകാശത്തെ ഭവിക്കുന്നതു. താസ്സാപ്രക്രമ
തിവപ്രപത്തുമുലബെലദലന്നാൽ താസ്സയും പ്രക്രമതിവപ്ര
പത്തുമുലവും ബെലദലവും- താസ്സ=തരത്താമപ്രക്രമ
തി മരിചവും മുല്ലയും- വപ്രപത്തുമുലം-വലിയ പത്തുമുലം-
ബെലദ=കറുത്തൊട്ടി- ബെലം=ഭൃംഗ- കപാലംകുഴയും- പി
തൃക്കളും=പിതൃക്കളെപ്പോലവ- പിതൃക്കൾ=അരക്ക- സുഗ
ന്ധികളും=ഗന്ധികളോടു കൂടിയവ- ഗന്ധികൾ=കാട്ടതി
പ്പലി- സൌന്ദര്യമുള്ളവർ=ഇന്ദ്രിയങ്ങളോടു കൂടിയവ- ഇന്ദ്രിയ
പ്പൂക്കൾ=കൊട്ടകപ്പാലമുളി- ശാരികാവ്യാഘ്രപിത്രകളും=ശാരി

വെയ്യ വ്യൊഷവും ചിത്രകവും. ശാരിബാ=നന്നാറി. ക്ഷൌ ദ്രം=തെൻ (പുകക്കുക തിപ്പലി) ചിത്രകം=കൊടുവെലി. പാഠാവില്വശിവമധുകപയസ്യാഹിംഗുമാതുലുംഗം=പാഠയും വില്വശിവയും മധുകവും പയസ്യയും ഹിംഗുവും മാതുലുംഗവും. പാഠാ=പാടക്കിഴങ്ങ്. വില്വശിവം=വിഴാലരി. മധുകം=ഇരട്ടിമധുരം. പയസ്യാ=അടപതിയൻകിഴങ്ങ്. ഹിംഗു=കായം. മാതു=ലുംഗം. സൂപ്തിസ്സ്വനെ ശ്ലേ. പടിക=കാസ്തൃതി. ... ശിശു=ബാലൻ. ഹിതം=പത്ഥ്യം. സൎവ്വരോഗഗ്രഹഘ്നം=സൎവ്വരോഗഗ്രഹങ്ങളെ ഹരിക്കുന്നതു. സൎവ്വരോഗഗ്രഹങ്ങൾ സൎവ്വരോഗങ്ങളും സൎവ്വഗ്രഹങ്ങളും. സൎവ്വരോഗങ്ങൾ=സൎവ്വങ്ങളായിരിക്കുന്ന രോഗങ്ങൾ. സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. രോഗങ്ങൾ=വ്യാധികൾ. സൎവ്വഗ്രഹങ്ങൾ=സൎവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങൾ. ദീപനം=ജഠരാഗ്നിയെ ദീപിപ്പിക്കുന്നതു. ബലവൎണ്ണദം=ബലവൎണ്ണങ്ങളെ ദാനംചെയ്യുന്നതു. ബലവൎണ്ണങ്ങൾ=ബലവും വൎണ്ണവും. ബലം=ശക്തി. വൎണ്ണം=കാന്തി. ദാനംചെയ്ക=കൊടുക്കുക.

സാരം—— കഴിഞ്ഞ, ചുക്ക്, പുത്തരി, വലിയകുപ്പുറാന, മുത്തങ്ങ, ചെറുവഴുതിന, വെൾവഴുതിന, ഞെരിഞ്ഞിൽ. ഇതുകളുടെ വേർ കഷായം വെച്ചതിൽ കൊടുത്തൂവവേര, മുഞ്ഞ, ... മുതൽ- സൂത്രസ്ഥാനത്തിങ്കൽ പറയപ്പെട്ട മൈ... കളായിരിക്കുന്ന മധുരങ്ങൾ, ഒപ്പിലവേര, മുത്തങ്ങ. ഇതുകൾ കല്ക്കമായിട്ട പാലും, കൂട്ടികാച്ചിയ നെയ്യ സേവിച്ചാൽ ഗ്രഹങ്ങളെ നശിപ്പിക്കും. കൂവളത്തിൻവേര, ഒപ്പിലവേര, കഴിഞ്ഞിൻവേര, കൂവളത്തിൻവേര, പാതിരിവേര, ചെറുകുപ്പുറാനവേര, മുഞ്ഞവേര, കുമ്പിൾവേര, മുത്തങ്ങ ഇതുകളുടെ കഷായത്തിങ്കൽ കാട്ടുതിപ്പലിവേര, കൊടകപ്പാലയരി, നന്നാറികിഴങ്ങ, ചുക്ക, മുളക, തിപ്പലി, കൊടുവെലിക്കിഴങ്ങ, പാടക്കിഴങ്ങ, വിഴാലരി, ഇരട്ടിമധുരം, അടപതിയൻകിഴങ്ങ, കായം, മാതളം. ഇതുകൾ കല്ക്കമായി കാച്ചിയ നെയ്യ ബാലന്ന പാലുകൊണ്ടു ജീവിക്കുന്ന കാലത്തും അന്നംകൊണ്ടു ജീവിക്കുന്ന കാലത്തും ക്ഷീരാന്നങ്ങൾകൊണ്ടു ജീവിക്കുന്ന കാലത്തും പത്ഥ്യമായി ഭവിക്കുന്നു. എല്ലാരോഗങ്ങളെയും എല്ലാഗ്രഹങ്ങളെയും നശിപ്പിക്കുന്നതായിട്ടും ജഠരാഗ്നിയെ വൎദ്ധിപ്പിക്കുന്നതായിട്ടു, ശരീരത്തിന്ന ശക്തിയെയും കാന്തിയെയും ഉണ്ടാക്കുന്നതായിട്ടും ഭവിക്കുന്നു.

൩൭ ശാരിബാസുരഭിബ്രാഹ്മീശംഖിനീകൃഷ്ണസർഷപൈ ... വ

ചാശാഗന്ധാസുരസയുതൈസ്സർപ്പിർവിപാചിതം ॥

൫൮. തന്നാശയേൽഗ്രഹാൻസർവ്വാൻപാനേനാഭ്യഞ്ജനേന ച । ഏതാനിശ്രുതവിദ്യായാംവക്ഷ്യന്തേയാനിതാനിച ॥

൫൯. യുഞ്ജ്യാത്തഥാബലിംഹോമം സ്നപനംമന്ത്രതന്ത്രവിൽ . പൂതികരഞ്ജാത്വക്പത്രംക്ഷീരിഭ്യോബർബ്ബുരാദപി ॥

൬൦. തുംബീവിശാലാരലുകശമീബില്വകപിത്ഥതഃ । ഉൽക്വാഥ്യതൊയംതദ്രാത്രൗബാലാനാംസ്നപനംശിവം ॥

അന്വയം — വചാശാഗന്ധാസുരസയുതൈഃ- ശാരിബാസുരഭീബ്രാഹ്മീശംഖിനീകൃഷ്ണസർഷപൈഃ- സർപ്പിഃ- വിപാചയെൽ- തൽ- പാനെന- അഭ്യഞ്ജനെന- ച- സർവ്വാൻ- ഗ്രഹാൻ- നാശയെൽ- ശ്രുതവിദ്യായാം- യാനി- ഏതാനി- വക്ഷ്യന്തെ- താനി- ച- യുഞ്ജ്യാൽ- മന്ത്രതന്ത്രവിൽ- തഥാ- ബലിം- ഹോമം- സ്നപനം- ച- യുഞ്ജ്യാൽ- പൂതികരഞ്ജാൽ- ത്വക്- ക്ഷീരിഭ്യഃ- ബർബ്ബുരാൽ- തുംബീവിശാലാരലുകശമീബില്വകപിത്ഥതഃ- പത്രം- അപി- തൊയം- ഉൽക്വാഥ്യ- തൽ- ബാലാനാം- രാത്രൗ- സ്നപനം- ശിവം-

അന്വയാർത്ഥം — വചാശാഗന്ധാസുരസ യുക്തങ്ങളായിരിക്കുന്ന ശാരിബാസുരഭി ബ്രാഹ്മി ശംഖിനീകൃഷ്ണ സർഷപങ്ങളെക്കൊണ്ടു സർപ്പിസ്സിനെ പചിക്കേണം- അതു പാനം ഹേതുവായിട്ടും അഭ്യഞ്ജനം ഹേതുവായിട്ടും സർവ്വങ്ങളായിരിക്കുന്ന ഗ്രഹങ്ങളെ നശിപ്പിക്കും. ശ്രുതവിദ്യയിങ്കൽ യാവചില ഏതങ്ങൾ വചിക്കപ്പെടുന്നു. അതുകളെയും യോജിക്കേണം. മന്ത്രതന്ത്രവിത്ത അപ്രകാരം ബലിയെയും ഹോമത്തെയും സ്നപനത്തെയും യോജിക്കേണം. പൂതികരഞ്ജത്തിങ്കൽനിന്ന ത്വക്കും ക്ഷീരികൾനിന്നും ബർബ്ബുരത്തിങ്കൽനിന്നും തുംബീവിശാലാരലുകശമീബില്വകപിത്ഥങ്ങളിൽനിന്നും പത്രവും തൊയത്തിങ്കൽ ഉൽക്വഥിച്ചിട്ട അതു ബാലന്മാൎക്കു രാത്രിയിങ്കൽ സ്നപനാൽശിവമായി ഭവിക്കുന്നു-

പരിഭാഷാ — വചാശാഗന്ധാസുരസയുക്തങ്ങൾ=വചാശാഗന്ധാസുരസങ്ങളോടുയുക്തങ്ങൾ- വചാശാഗന്ധാസുരസങ്ങൾ=വചയും അശാഗന്ധവും സുരസവും- വചാ=വയമ്പ- അശാഗന്ധം=അമുക്കുരം- സുരസം=തൃത്താവ- യുക്തങ്ങൾ=കൂടിയവ- ശാരിബാസുരഭീബ്രാഹ്മീശംഖിനീകൃഷ്ണസർഷപങ്ങൾ=ശാരിബയും സുരഭിയും ബ്രാഹ്മിയും ശംഖിനിയും കൃഷ്ണവും സർഷപവും- ശാരിബാ=നന്നാറി- സുരഭി=വഴ- ശംഖിനീ=

ശംഖപുഷ്പി- കുഷ്ഠം=കൊട്ടം- സൎഷപം=കടുക- സൎപ്പിസ്സ്=നെയ്യ- പചിക്ക=കാച്ചുക- ആജ്യം=നെയ്യ- പാനം=സെവിക്കുക- അഭ്യഞ്ജനം=തെക്കുക- സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- ഭൂതവിദ്യാ=ഭൂതപ്രതിഷെധാദ്ധ്യായം- പ്ലുതങ്ങൾ=അനെകം- പചിക്ക=പറയുക- അനെകം=അനെകം- മന്ത്രതന്ത്രവിത്ത=മന്ത്രതന്ത്രങ്ങളെ അറിയുന്നവൻ- മന്ത്രതന്ത്രങ്ങൾ=മന്ത്രവും തന്ത്രവും- ബലി=ബലികൎമ്മം- സ്നാപനം=സ്നാനം- പൂതികരഞ്ജം=ഉങ്ങ- ശാകം=തെക്ക- ക്ഷീരികൾ=നാല്പാമരങ്ങൾ- ബൎബ്ബുരം=ചെറുതെക്ക- ഇംബീവിശാലാരളുകശമീവില്വകപിത്ഥങ്ങൾ=ഇംബിയും വിശാലയും അരളുവും ശമിയും വില്വവും കപിത്ഥവും- ഇംബി=പെച്ചുരം- വിശാലാ=കാട്ടുവെള്ളരി- അരളു=പെതമരം- ശമീ=വഹ്നി- വില്വം=കൂവളം- കപിത്ഥം=വിളാർ- പത്രം=ഇല- തൊയം=ജലം- ഉൽക്വഥിക്ക=കഷായം വെക്കുക- ബാലാൎത്ത ശിശുക്കൾ- സ്നപനം=സ്നാനകൎമ്മം- ശിവം=ശുഭം-

സാരം—— വയമ്പ, അരുകരം, കൊത്താവ, നന്നാരികിഴങ്ങ, വഴ, ബ്രഹ്മി, ശംഖപുഷ്പം, കൊട്ടം, കടുക ഇതുകൾ കഷായം കല്ക്കമാക്കി കാച്ചിയ നെയ്യ സെവിച്ചാലും തെച്ചാലും എല്ലാഗ്രഹങ്ങളെയും നശിപ്പിക്കും- ഭൂതപ്രതിഷെധാദ്ധ്യായത്തിങ്കൽ മറ്റ ചില നെയ്യുകളെ പറയുന്നു- അ നെയ്യുകളും മെൽ പ്രകാരമായാൽ എല്ലാ ഗ്രഹങ്ങളെയും നശിപ്പിക്കും- മന്ത്രത്തെയും തന്ത്രത്തെയും അറിയുന്ന വൈദ്യൻ പൂജയെയും ഹൊമത്തെയും ചെയ്യണം- കുളിപ്പിക്കയും വെണം- ഉങ്ങിൻതൊലി, നാല്പാമരം, ചെറുതെക്ക; പെച്ചുരം- കാട്ടുവെള്ളരി, പെതമരം, വഹ്നി, കൂവളം, വിളാർമരം, ഇതുകളുടെ ഇലകളും ഇട്ടുവെച്ച വെള്ളം ഗ്രഹങ്ങൾ മാറി ബലവാന്മാരാകകൊണ്ട അ കാലത്തിങ്കൽ ബാലന്മാരെ കുളിപ്പിപ്പാൻ ഏറാവും നല്ലതാകുന്നു-

മൂലം അനുബന്ധാന്യഥാകൃത്യം ഗ്രഹാപായെപ്യുപദ്രവാൻ ।
ബാലാമയനിഷെധൊക്തഭെഷജൈസ്സമുപാചരെൽ ।

അന്വയം—— ഗ്രഹാപായെ- അനുബന്ധാൻ- ഉപദ്രവാൻ- അപി- യഥാകൃത്യം- ബാലാമയനിഷെധൊക്തഭെഷജൈഃ- സമുപാചരെൽ-

അന്വയാൎത്ഥം—— ഗ്രഹാപായത്തിങ്കൽ അനുബന്ധങ്ങളായിരിക്കുന്ന ഉപദ്രവങ്ങളെയും യഥാകൃത്യമാകും വണ്ണം ബാലാമയനിഷെധൊക്തഭെഷജങ്ങൾകൊണ്ട സമുപചരിക്കെണം-

പദാൎത്ഥം—— ഗ്രഹാപായം=ഗ്രഹങ്ങളുടെ അപായം- അപി

ഗ്രഹനാശം- അനുബന്ധങ്ങൾ=അനുഷംഗങ്ങൾ- (പിന്നെയും പററിനില്ക്കുന്നവ) [ഉപദ്രവങ്ങൾ=ഉപദ്രവവ്യാധികൾ- യഥാസ്വം=യഥാവ്യാധി (വ്യാധിയെ അനുസരിച്ച് എന്നൎത്ഥം) ബാലാമയനിഷേധോക്തഭേഷജങ്ങൾ=ബാലാമയ നിഷേധോക്തങ്ങളായിരിക്കുന്ന ഭേഷജങ്ങൾ- ബാലാമയനിഷേധോക്തങ്ങൾ=ബാലാമയനിഷേധത്തിൽ ഉക്തങ്ങൾ- ബാലാമയനിഷേധം=ബാലാമയപ്രതിഷേധം- ഉക്തങ്ങൾ=പറയപ്പെട്ടവ- ഭേഷജങ്ങൾ=ഔഷധങ്ങൾ- സ്വരൂപചരിക്ക=വഴിപോലെ ഉപചരിക്ക- ഉപചരിക്ക=പ്രവൃത്തിക്ക-

സാരം—— മേൽ പറഞ്ഞ ചികിത്സകൾ കൊണ്ടു ഗ്രഹങ്ങളുടെ നാശം ഭവിച്ചിരിക്കും സമയത്തിങ്കൽ ഗ്രഹാവേശം ഹേതുവായിട്ടു കോപിച്ചിരിക്കുന്ന സന്നിപാതംകൊണ്ടു പിന്നെയും പററികിടക്കുന്ന ഉപദ്രവവ്യാധികളെ വ്യാധിയെ അനുസരിച്ചു ബാലാമയ പ്രതിഷേധാദ്ധ്യായത്തിങ്കൽ പറയപ്പെട്ടിരിക്കുന്ന ഔഷധങ്ങൾകൊണ്ടു വഴിപോലെ ചികിത്സിക്കേണം- ഇവിടെ കാരണത്തിന്റെ നാശത്തിങ്കൽ കാൎയ്യവും നശിക്കും- എന്ന ന്യായംകൊണ്ടു ഗ്രഹങ്ങളുടെ നാശത്തിങ്കൽ ഗ്രഹനിമിത്തമായിരിക്കുന്ന വ്യാധികളും ശമം ഭവിക്കും എന്ന പറയാതെകണ്ടു എങ്ങിനെ പിന്നെയും പററികിടക്കുന്നത എന്ന പറഞ്ഞു എന്ന ശങ്കക്ക ഗ്രഹാവേശം ഹേതുവായിട്ടു കോപിച്ചിരിക്കുന്ന ദോഷംകൊണ്ടുണ്ടായിരിക്കുന്ന രോഗത്തിന്ന തന്നെ ഗ്രഹനാശം ഹേതുവായിട്ടു ഉണ്ടായിരിക്കുന്ന ദോഷസാമ്യം ഹേതുവായിട്ടു പ്രായേണ ശമം ഭവിക്കും. ദോഷത്തിന്നാകട്ടെ ശമനൌഷധങ്ങളായിരിക്കുന്ന ഔഷധങ്ങളൊടുകൂടാതെ കണ്ടു സ്ഥിരത ഭവിക്കില്ല- ദോഷത്തിന്ന സ്ഥിരത ഭവിക്കില്ലെങ്കിൽ രോഗത്തിന്ന നിവൃത്തിയും ഭവിക്കില്ല- എന്നതുകൊണ്ടു ഗ്രഹനാശത്തിങ്കലും അനുബന്ധം ഭവിക്കുന്നു എന്നുള്ളത യുക്തം തന്നെ എന്നും യഥാസ്വം എന്നതിന്ന യഥാവ്യാധി എന്ന അൎത്ഥമാകയാൽ യഥാവ്യാധി എന്ന തന്നെ സ്പഷ്ടമാകുംവണ്ണം പറയാതെ കണ്ടു യഥാസ്വം എന്ന പറഞ്ഞതുകൊണ്ടു ഗ്രഹാവേശം ഹേതുവായിട്ടുണ്ടായിരിക്കുന്ന രോഗങ്ങൾ സാദ്ധ്യങ്ങളാണെങ്കിലും കൃച്ഛ്രസാദ്ധ്യമായിട്ടു തന്നെ ഭവിക്കുന്നു- സുഖസാദ്ധ്യമായി ഭവിക്കുന്നില്ല എന്ന തോന്നിക്കുന്നു എന്നും അറിഞ്ഞു കൊൾകയും വേണം-

ഇതി വാഗ്ഭടസ്യ പുനൎമകരമാസന്ദനാഥപണ്ഡിതപാഠ

ശൈവപ്രകൃതൌ അഷ്ടാംഗഹൃദയവ്യാഖ്യാനെ സാരാൎത്ഥദൎപ്പണാഖ്യാനെ ബാലൊപചരണീയം തൃതീയൊദ്ധ്യായഃ.

അഷ്ടാംഗഹൃദയം ബാലൊപചരണീയം

ചതുൎത്ഥാദ്ധ്യായപ്രാരംഭഃ

അഥാതൊ ഭൂതവിജ്ഞാനീയം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ। ഇതിഹസ്മാഹുരാത്രെയാദയൊമഹൎഷയഃ-

൧. ലക്ഷയെജ്ജ്ഞാനവിജ്ഞാനവാക്ചെഷ്ടാബലപൌരുഷം। പുരുഷെപൌരുഷംയത്രതത്രഭൂതഗ്രഹംവദെൽ ॥

അന്വയം—— യത്ര- പുരുഷെ- ജ്ഞാനവിജ്ഞാനവാക്ചെഷ്ടാബലപൌരുഷം- അപൌരുഷം- ലക്ഷയെൽ- തത്ര-ഭൂതഗ്രഹം- വദെൽ-

അന്വയാൎത്ഥം—— യാതൊരു പുരുഷങ്കൽ ജ്ഞാന വിജ്ഞാന വാക്ചെഷ്ടാബല പൌരുഷത്തെ അപൌരുഷമായിട്ട ലക്ഷിക്കും അവങ്കൽ ഭൂതഗ്രഹത്തെ വദിക്കെണം-

പദിഭാഗം—— ജ്ഞാനവിജ്ഞാനവാക്ചെഷ്ടാ ബലപൌരുഷം=ജ്ഞാനവും വിജ്ഞാനവും വാക്കും ചെഷ്ടയും ബലവും പൌരുഷവും- ജ്ഞാനം=അറിവ- വിജ്ഞാനം=വിശെഷജ്ഞാനം- ചെഷ്ടാ=പ്രവൃത്തി- ബലം=ശക്തി- പൌരുഷം=പ്രതാപം- അപൌരുഷം=പൌരുഷമല്ലാത്തത- പൌരുഷം=പുരുഷങ്കൽ ഉ വിരുന്നത- ലക്ഷിക്ക=കാണുക- വദിക്ക=പറയുക-

സാരം—— യാതൊരു പുരുഷങ്കൽ സ്വതെ ഉള്ള സാമാന്യ അറിവിനെയും ശാസ്ത്രാദികളെ കൊണ്ടുണ്ടായിരിക്കുന്ന വിശെഷജ്ഞാനത്തെയും സംസ്കൃതവാക്കിനെയും അത്യുച്ചഭാഷണത്തെയും (ഉറക്കെ പറക) പ്രവൃത്തിയെയും ദെഹബലത്തെയും പ്രാണബലത്തെയും പ്രതാപത്തെയും മുമ്പെ ഉണ്ടാവാത്തതായിട്ട കാണുന്നു- ആപുരുഷങ്കൽ ഭൂതഗ്രഹ ബാധയുണ്ടെന്ന പറയെണം

൮. ഭൂതസ്യ രൂപപ്രകൃതിഭാഷാ ഗത്യാദിചേഷ്ടിതൈഃ । യസ്യാനുകാരം കുരുതേ തേനാവിഷ്ടം തമാദിശേൽ ॥

അന്വയം — രൂപപ്രകൃതിഭാഷാഗത്യാദിചേഷ്ടിതൈഃ - യസ്യ - ഭൂതസ്യ - അനുകാരം - കുരുതേ - തം - തേന - ആവിഷ്ടം - ആദിശേൽ -

അന്വയാൎത്ഥം — രൂപ പ്രകൃതി ഭാഷാഗത്യാദി ചേഷ്ടിതങ്ങൾകൊണ്ടു യാതൊരു ഭൂതത്തിന്റെ അനുകാരത്തെ ചെയ്യുന്നു - അവനെ അവനാൽ ആവിഷ്ടനെന്നു ആദേശിക്കേണം -

പദാൎത്ഥം — രൂപപ്രകൃതിഭാഷാഗത്യാദിചേഷ്ടിതങ്ങൾ = രൂപവും പ്രകൃതിയും ഭാഷയും ഗത്യാദിചേഷ്ടിതവും - രൂപം = വേഷം - പ്രകൃതി = സ്വഭാവം - ഭാഷ = വാക്കു - ഗത്യാദിചേഷ്ടിതം = ഗത്യാദിയായിരിക്കുന്ന ചേഷ്ടിതം - ഗത്യാദി = ഗതിമുതലായതു - ഗതി = ഗമനം - (നടക്കുക) ചേഷ്ടിതം = പ്രവൃത്തി - അനുകാരം = അനുകരണം - (അനുസരിച്ചുചെയ്ക) അവൻ = ആ പുരുഷൻ - അവൻ = ആ ഭൂതം - ആവിഷ്ടൻ = ആവേശിക്കപ്പെട്ടവൻ - ആവേശിക്ക = ബാധിക്ക - ആദേശിക്ക = കല്പിക്ക -

സാരം — യാതൊരു പുരുഷൻ വേഷംകൊണ്ടും സ്വഭാവംകൊണ്ടും വാക്കുകൊണ്ടും നടക്കുകമുതലായ പ്രവൃത്തികൾകൊണ്ടും ദേവദാനവാദികളിൽവെച്ചു ഏതൊരു ഭൂതത്തെ അനുസരിച്ചു പ്രവൃത്തിക്കുന്നു ആ പുരുഷനെ ആ ഭൂതത്താൽ ബാധിക്കപ്പെട്ടിരിക്കുന്നു എന്നു നിശ്ചയിക്കേണം -

൯- സോഷ്ടാദശവിധോ ദേവദാനവാദിവിഭേദതഃ । ഹേതുസ്തസ്യാനുഷക്തേസ്തു സദ്യഃ പൂൎവ്വകൃതോഥവാ ॥

൧൦- പ്രജ്ഞാപരാധസ്സ്മൃതസ്തേന കാമാദിജന്മനാ । ലുപ്തധൎമ്മവ്രതാചാരഃ പൂജ്യാനപ്യതിവൎത്തതേ ॥

അന്വയം — സഃ - ദേവദാനവാദിവിഭേദതഃ - അഷ്ടാദശവിധഃ - ഭവതി - തദനുഷക്തേഃ - തു - സദ്യഃ - അഥവാ - പൂൎവ്വകൃതഃ - പ്രജ്ഞാപരാധഃ - സ്മൃതഃ - ഹേതുഃ - ഭവതി - കാമാദിജന്മനാ - തേന - ലുപ്തധൎമ്മവ്രതാചാരഃ - പൂജ്യാൻ - അപി - അതിവൎത്തതേ -

അന്വയാൎത്ഥം — അവൻ ദേവദാനവാദിവിഭേദം ഹേതുവായിട്ടു അഷ്ടാദശവിധമായിഭവിക്കുന്നു - തദനുഷക്തികൾക്കു സദ്യഃകൃതമായിട്ടോ എന്നിയെ പൂൎവ്വകൃതമായിട്ടോ ഇരിക്കുന്ന പ്രജ്ഞാപരാധം ഏററവും ഹേതുവായിഭവിക്കുന്നു - കാമാദിജന്മമായിരിക്കുന്ന അതുകൊണ്ടു ലുപ്തധൎമ്മവ്രതാചാരനായിരിക്കുന്നവൻ

പൂജ്യന്മാരെക്കൂടി അതിവൎത്തിക്കുന്നു.

അന്വയം —— പൃഥക്പൃഥഗനിലയായി വിധേയാന്വയം ഉന്മാദം - ദിനം - രമണം - ഉന്മാദം - ഭ്രമം - ശമിതമനസ്സം - ശൈത്യോക്തി മനസഃ - കമ്പം - ഇമാം - സ്മരം - സ്മൃതിസുഖസ്മരണ ബോധം - അചിന്താൽ - അന്യമനസ്സ - വിശ്വാസം - ഉത്ഭവേഗതഃ - വിക്ഷേപസ്യ - അസ്പൃഷ്ടസ്യ - സ്വപ്നവൈവശ്യസ്വപ്നവാൽ - ക്ഷീണസ്യ - മൃഗാഭിനേത്ര - മൃഗസ്യ - സ്മൃതിഭ്രമാൽ - ആധിവിജ്ഞാന - ചിന്തയിതോ - ചിന്താഭ്രമ - ഉപവിഷ്ടസ്യ - ഗൃഹിത - ഹീനസ്വരസ്യ - ഭൂമി - ഉൽപ്രേക്ഷിതോ - സമാധി - മനോ വ്യഥിതൻ - ദൈന്യവാൻ - ശരീര - ഗൗരവം - കാഠിന്യം - ഭയം - ഉന്മാദം - കമ്പനം - ദൈന്യം - ധൈര്യം അഭാവം തിരോധാനം - ദൈവം - സ്വഭുജേ - മൃഗം - നാഭിസാരഥിപദ - അചിന്തിതാംഗേ - ഭ്രമതി - തത്ര - ചാഞ്ചല്യം - കൃഷ്ണാംഗനാ - അനന്യമനസൈവ - ക്രോധഹസിതസ്മിതനേത്രം - ഗീതവാദിത്ര വാഗംഗവീക്ഷണപാദ്യുടനാനി - ച - അനസൂയാ - വൈഗീതാദി ശൈവ്യൈരനുകരണം - അസ്യാൽ - ഗ്രസ്തം - വൈനാഗശേഷം - വല്ലഭം - അടനം - വല്ലഭാം ഹിതം - അനാലംകാരൈഃ - താലം - താനൈഃ - ശമനോദ്യമഃ - അപ്യവധാനസ്യ - ഗുണ്ഡേ - ശാഖിനം - ഉൽപ്ലവിന്യാസതോക്ഷിതം - അഭിന്ന - ഖിന്നാ - സാനന്ദഭാൽ - പുഷ്പിതാൽ - സന്തപ്തം - ലോചനേ - മുഖമൃഗേ - ശീതപുഷ്പാദ്യാശമനാംക്ഷിതാ - മൃണാളവീചിവല്ലരീ - അസ്ത്യജലനനാദാരോരഗാപിധനം - ച - കാരണം -

അന്വയാർത്ഥം —— പൃഥക്പൃഥഗനിലയായി വിധേയാന്വയം

യിരിക്കുന്ന ഉന്മാദങ്ങൾ ആറു വിധമാകുന്നു- ദോഷങ്ങളായി ഉന്മാദങ്ങളായി ... രിക്കുന്ന ദോഷങ്ങൾ ഹേതുവായിട്ടു മനസ്സിന്റെ മദം ഉന്മാദമെന്നു പ്രസിദ്ധമാകുന്നു- വിരുദ്ധമായും ദുഷ്ടമായും അശുചിയായുമിരിക്കുന്ന അന്നപാനം ഹേതുവായിട്ടും വിഷമമായിരിക്കുന്ന ഉപയോഗം ഹേതുവായിട്ടും ദേവന്മാർ ... അല്പസത്വന്മാരായിരിക്കുന്നവന്ന വ്യാധിവേഗസമുദ്ഭവം ഹേതുവായിട്ടും ക്ഷീണനായിരിക്കുന്ന ... ത്വം ഹേതുവായിട്ടും പൂജ്യന്മാരുടെ വ്യതിക്രമം ഹേതുവായിട്ടും ആധികൾകൊണ്ടു ചിത്തവിഭ്രമം ഹേതുവായിട്ടും വിഷം ഹേതുവായിട്ടും ഉപവിഷം ഹേതുവായിട്ടും ഇങ്ങിനെ ഹേതുവായിട്ട ഹീനസത്വന്മാരായിരിക്കുന്നവന്റെ ഹൃത്തിങ്കൽ പ്രവൃദ്ധന്മാരായിരിക്കുന്ന ദോഷങ്ങൾ മനോവഹങ്ങളായിരിക്കുന്ന മാർഗ്ഗങ്ങളെ ഗമിച്ചിട്ട ബുദ്ധിയിന്ന ... വിഭ്രമം ചെയ്തിട്ട ഉന്മാദത്തെ ചെയ്യുന്നു- അതുകൊണ്ട ... ഹേതുവായിട്ട ... ബുദ്ധിമാനായിട്ട ... സാരഥിയായിട്ടിന്നപോലെ അചിന്തിതന്മാരായിട്ട ... അതുകളിൽ വെച്ച വാതം ഹേതുവായിട്ട കൃശാംഗതയും അസ്ഥാനത്തിങ്കൽ ... ഹസിതസ്മിതനൃത്തഗീതവാദ്യാംഗവിക്ഷേപങ്ങളും ... പിന്നെയും പിന്നെയും ... അലംകാരങ്ങൾകൊണ്ട അലംകാരവും ... ഗമനാദികളും ... ഭക്ഷ്യങ്ങളിൽ ... അവമാനിതൻ ... ഉണ്ടാക്കി... ജീർണ്ണമായിരിക്കും സമയത്തിങ്കൽ ... പിത്തം ഹേതുവായിട്ട സന്താപവും ... ദൃഷ്ടിവൈകല്യവും ... നേത്രങ്ങൾ പീതവർണ്ണതയും ... അറിയുന്നു-

പദ്യാർത്ഥം—— പൃഥഗ്ദോഷനിചയാധിവിഷോത്ഭവങ്ങൾ= പൃഥഗ്ദോഷനിചയാധിവിഷങ്ങൾ ഹേതുവായിട്ട ഉത്ഭവത്തോടുകൂടിയവ- പൃഥഗ്ദോഷനിചയാധിവിഷങ്ങൾ=പൃഥഗ്ദോഷങ്ങളും നിചയവും ആധിയും വിഷവും- പൃഥഗ്ദോഷങ്ങൾ=വെവ്വേറെയുള്ള ദോഷങ്ങൾ- ദോഷങ്ങൾ=വാതപിത്തകഫങ്ങൾ- നിചയം=സന്നിപാതം- ആധി=മനസ്സന്താപം- വിഷം=ഗരളം (കനനം) ഉന്മാദങ്ങൾ=ഉന്മാദമെന്ന രോഗങ്ങൾ- ഷട്ടുകൾ

ഫം=ഉദ്ഭവിക്കപ്പെട്ടവ- ഉത്സാഹോത്സാഹങ്ങൾ=ഉത്സാഹത്തെ ജനിപ്പിക്കുന്നവ- ഉത്സാഹം=ഉത്സാഹപ്രാപ്തി- ശാരീരമാനസങ്ങൾ=ശാരീരങ്ങളായിട്ടും മാനസങ്ങളായിട്ടും ഇരിക്കുന്നവ- ശാരീരങ്ങൾ=ശരീരത്തിങ്കൽ വേദ്യങ്ങൾ- മാനസങ്ങൾ=മനസ്സിങ്കൽ വേദ്യങ്ങൾ- മമ=അഹങ്കാരം- വിഹിതാസാത്മ്യശമലം=വിഹിതമായിട്ടും അസാത്മ്യമായിട്ടും ശമലമായിട്ടും ഇരിക്കുന്നത്- വിഹിതം=വിധിക്കപ്പെട്ടതല്ലാതെ ഉള്ളത്- അസാത്മ്യം=സാത്മ്യമല്ലാത്തത്- സാത്മ്യം=ഹിതം- ശമലം=മലിനം- അഹിതം=അപഥ്യം- വിക്രമം=അനിയതമാത്രാകാലാദിക്രമം- (മാത്രയ്ക്കും കാലത്തിനും നിയമമില്ലാതെ ഭക്ഷണം) ഉപയോഗം=സേവനം- വിഷണ്ണൻ=വിഷാദത്തോടുകൂടിയവൻ- വിഷാദം=ദുഃഖം- അല്പസത്വൻ=അല്പമായിരിക്കുന്ന സത്വത്തോടുകൂടിയവൻ- സത്വം=ബലം- വ്യാധിവേഗസമുത്ഭവം=വ്യാധിവേഗത്തിന്റെ സമുത്ഭവം- വ്യാധിവേഗം=വ്യാധിയുടെ വേഗം - വ്യാധി=രോഗം- വേഗം=ബലം- സമുത്ഭവം=ഉത്ഭവം- ക്ഷീണൻ=ക്ഷീണശരീരൻ-ചേഷ്ടാവൈഷമ്യം=ചേഷ്ടയുടെ വൈഷമ്യം- ചേഷ്ടാ=പ്രവൃത്തി- വൈഷമ്യം=വിഷമത- പൂജ്യപൂജാവ്യതിക്രമം=പൂജ്യപൂജയുടെ വ്യതിക്രമം- പൂജ്യപൂജാ=പൂജ്യന്മാരുടെ പൂജ- പൂജ്യന്മാർ=ഗുർവാദികൾ- വ്യതിക്രമം=വ്യത്യാസം- മിഥ്യാവിശേഷം=ചിലവിശേഷം-വിശേഷം=സപ്താദിവിശേഷം- ഉപവിഷ്ടം=കൂടിയിട്ട- ഹീനസത്വൻ=ഹീനമായിരിക്കുന്ന സത്വത്തോടുകൂടിയവൻ- ഹീനം=നഷ്ടം- സത്വം=ധൈര്യം- ഏതു=മനസ്സ്- പ്രദ്വിഷ്ടങ്ങൾ=പ്രകർഷേണ ദ്വേഷിക്കപ്പെട്ടവ- ദ്വേഷിക്കപ്പെട്ടതിനെ ദ്വേഷിക്കുക- മനോവഹങ്ങൾ=മനസ്സിനെ വഹിക്കുന്നവ- വഹിക്കുക=ധരിക്കുക- മർമ്മങ്ങൾ=പ്രാണസ്ഥാനങ്ങൾ- ഹനിക്കപ്പെട്ടവ- ധീ=ബുദ്ധി- കാലുഷ്യം=മലിനത- വിപര്യയം=ഉപേക്ഷ- ഉന്മാദം=ഉന്മാദമെന്ന രോഗം- അതു=ഉന്മാദം- ധീവിജ്ഞാനസ്മൃതിഭ്രമം=ധീവിജ്ഞാനസ്മൃതികളുടെ ഭ്രമം- ധീവിജ്ഞാനസ്മൃതികൾ=ധീയും വിജ്ഞാനവും സ്മൃതിയും- ധീ=ബുദ്ധി- വിജ്ഞാനം=വിശേഷജ്ഞാനം- സ്മൃതി=അതീതകാലസ്മരണം- ഭ്രമം=ഭ്രംശം- ദേഹം=ശരീരം- ദുഃഖസുഖഭ്രഷ്ടം=ദുഃഖസുഖങ്ങളിൽനിന്നു ഭ്രഷ്ടം- ദുഃഖസുഖങ്ങൾ=ദുഃഖവും സുഖവും- ഭ്രഷ്ടം=ച്യുതം- രഥം=തേര്- നഷ്ടസാരഥി=നഷ്ടനായിരിക്കുന്ന സാരഥിയോടുകൂടിയതു- നഷ്ടം=നശിച്ചതു- സാരഥി=തേരാളി- അചിന്തിതാർത്ഥൻ=അചിന്തിതമായിരിക്കുന്ന അർത്ഥങ്ങളോടുകൂടിയവൻ- അചിന്തിതം=വിചാരിക്കപ്പെട്ടില്ലാത്ത-

മന

ഉത്സവം=ഉത്സാഹം- ഭ്രമിക്ക=നടക്കുക- ഉത്തുകം=ഉന്മാദങ്ങൾ- കൃശാംഗതാ=കൃശാംഗനായവൾ എന്നുള്ളതു- കൃശാംഗൻ= കൃശമായി രിക്കുന്ന അംഗത്തോടുകൂടിയവൻ- കൃശം=മെലിഞ്ഞതു- അംഗം= ശരീരം- അസ്ഥാനം=സ്ഥാനമല്ലാത്തതു- സ്ഥാനം=വിഷയം- രോ ദനാക്രോശഹസിതസ്മിതനർത്തനം=രോദനവും ആക്രോശവും ഹ സിതവും സ്മിതവും നർത്തനവും- രോദനം=കരയുക- ആക്രോ ശം=നിന്ദാ- ഹസിതം=ഹാസം- സ്മിതം=മന്ദഹാസം- നർത്തനം= നൃത്തം- ഗീതവാദിത്രവാഗംഗവിക്ഷേപഘട്ടനങ്ങൾ=ഗീതവും വാദിത്രവും വാഗ്വിക്ഷേപവും അംഗവിക്ഷേപവും ഘട്ട നവും- ഗീതം=പാട്ടു- വാദിത്രം=വാദ്യപ്രഹരണം- വാഗ്വിക്ഷേ പം=അസംബന്ധവാക്കു- അംഗവിക്ഷേപം=അംഗങ്ങളുടെ വി ക്ഷേപം- അംഗങ്ങൾ=അവയവങ്ങൾ- വിക്ഷേപം=എറിയു ക- ഘട്ടനം=പൊട്ടൽ- അസാമം= സാമത്തോടുകൂടാത്തതു- സാമം=മധ്യസ്ഥം- വേണുവീണാദിശബ്ദാനുകരണം=വേണുവീ ണാദിശബ്ദത്തിന്റെ അനുകരണം- വേണുവീണാദിശബ്ദം=വേ ണുവീണാദികളുടെ ശബ്ദം- വേണുവീണാദികൾ= വേണുവീ ണകൾ തുടങ്ങിയുള്ളവ- വേണുവീണകൾ=വേണുവും വീണ യും- വേണു=കുഴൽ- അനുകരണം=അനുസരിച്ചുചെയ്യുക- ആ സ്യം=മുഖം- വേണ്വഗ്രം=വേണുവിന്റെ അഗ്രം- വേണം- നന്ദാ- അഗ്രം=വക്കു- അടനം=ഗമനം- ബഹുഭാഷിതാ= ബ ഹുഭാഷിയായവൾ എന്നുള്ളതു- ബഹുഭാഷി=പലതെ പറയുന്നവൻ- അനലംകാരങ്ങൾ=അലങ്കാരങ്ങളില്ലാത്തവ- അലങ്കാരങ്ങൾ=അ ലങ്കാരസാധനങ്ങൾ- അലങ്കാരം=അലങ്കൃതി- അയാനങ്ങൾ= യാനങ്ങളില്ലാത്തവ- യാനങ്ങൾ=വാഹനങ്ങൾ- ഗമനോത്സുകം= ഗമനത്തിനായിക്കൊണ്ടുള്ള ഉത്സുകം- ഗമനം=നടക്കുക- ഉത്സുകം= ഉത്സാഹം- അഭ്യവഹാര്യങ്ങൾ=ഭക്ഷണസാധനങ്ങൾ- [illegible] താൻ പറ്റും- തല്പങ്ങൾ=മെത്തകളുടെ ലാഭം- ഉത്തുകം=ഉന്നാളിക ങ്ങൾ- ലാഭം=പള്ളിക്കുക- അവമാനിതാ=അവമാനിയായവൾ എന്നുള്ള തു- അവമാനി=അവമാനത്തോടുകൂടിയവൻ- അവമാനം=നിര സനം- ഉൽപ്പിണ്ഡിതാതനോക്ഷിതം= ഉൽപ്പിണ്ഡിതാതനോ ക്ഷിയായവൾ എന്നുള്ളതു- ഉൽപ്പിണ്ഡിതാതനോക്ഷി= ഉൽപ്പിണ്ഡി തങ്ങളായി ആതനങ്ങളായിരിക്കുന്ന അക്ഷികളോടുകൂടിയവൻ ഉൽപ്പിണ്ഡിതങ്ങൾ=മുഴന്നവ- ആതനങ്ങൾ=കരവള്ളങ്ങൾ- അക്ഷികൾ=കണ്ണുകൾ- കിണ്ണം=പകപ്പു- ഗന്ധർവം=വ്യാധി വ്യാധി- സന്തപ്പനം=ഉത്സവം- ക്രോധം=കോപം- ദൃഷ്ടിലക്ഷ്യാ

ഭ്രൂവിദ്രവം=ദൃഷ്ടിലോഷ്ഠഭ്രൂക്കളോടുകൂടെ അഭിദ്രവം- ദൃഷ്ടിലൊഷ്ഠഭ്രൂക്കൾ=ദൃഷ്ടിലൊഷ്ഠങ്ങൾ തുടങ്ങിയുള്ളവ- ദൃഷ്ടിലൊഷ്ഠങ്ങൾ=ദൃഷ്ടിയും ലൊഷ്ഠവും- ലൊഷ്ഠം=മണ്ണിൻകട്ട- അഭിദ്രവം=ആളിപായുന്നം (ഓടുക) ശീതച്ഛായോദകാകാംക്ഷാ=ശീതച്ഛായോദകങ്ങളിൽ ആകാംക്ഷാ- ശീതച്ഛായോദകങ്ങൾ=ശീതച്ഛായയും ശീതോദകവും- ശീതച്ഛായ=തണുത്തനിഴൽ- ശീതോദകം=തണുത്ത വെള്ളം- ആകാംക്ഷാ=ആഗ്രഹം- നേത്രത്വക്പീതവൎണ്ണതാ=നേത്രത്വക്കുകളിൽ പീതവൎണ്ണതാ- നേത്രത്വക്കുകൾ=നേത്രങ്ങളും ത്വക്കും- നേത്രങ്ങൾ=കണ്ണുകൾ- ത്വക്ക=തൊലി- പീതവൎണ്ണതാ=പീതവൎണ്ണമാവു എന്നുള്ളത- പീതവൎണ്ണം=പീതമായിരിക്കുന്ന വൎണ്ണം- പീതം=മഞ്ഞളിച്ചത- വൎണ്ണം=നിറം- അസത്യജ്വലനജ്വാലാതാരകാദീപദൎശനം=അസത്യങ്ങളായിരിക്കുന്ന ജ്വലനജ്വാലാതാരകാദീപങ്ങളുടെ ദൎശനം- അസത്യങ്ങൾ=ഉണ്ടാവാത്തവ- ജ്വലനജ്വാലാതാരകാദീപങ്ങൾ=ജ്വലനജ്വാലയും താരകങ്ങളും ദീപവും- ജ്വലനജ്വാലാ=അഗ്നിജ്വാലാ- താരകങ്ങൾ=നക്ഷത്രങ്ങൾ- ദീപം=വിളക്ക- ദൎശനം=കാണുക-

സ്വരം—— വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും വാതപിത്തകഫങ്ങളെക്കൊണ്ടും വ്യസനംകൊണ്ടും സ്ഥാവരജംഗമാദി വിഷംകൊണ്ടും ഇങ്ങിനെ ആറ വിധം ഉന്മാദം ഉണ്ടാകുന്നു- താഴെ പറയുന്നകാരണങ്ങൾ കൊണ്ടെ ദുഷിച്ചിരിക്കുന്നതുകളായിട്ടും ഊൎദ്ധ്വമാൎഗ്ഗത്തെ ഗമിക്കുന്നതുകളായിട്ടും ഇരിക്കുന്ന ശാരീരദോഷങ്ങളായ വാതാദി ദോഷങ്ങൾകൊണ്ടും മാനസദോഷങ്ങളായ രജസ്തമോഗുണങ്ങൾകൊണ്ടും ഉണ്ടാകുന്ന മനസ്സിന്റെ മദമത്രെ ഉന്മാദമെന്നത- വൈഗുണ്യമില്ലാതെ ഉണ്ടാക്കിയതായിട്ടും ശീലിക്കാത്തതായിട്ടും വിരുദ്ധവും ചളിയൊടുകൂടിയതായിട്ടും ഇഷ്ടമല്ലാത്തതായിട്ടും ഇരിക്കുന്നതിന്റെ അന്നപാനം ചെയ്യുക ഹേതുവായിട്ടും മാത്രയെത്തിന്നും സമയത്തിന്നും നിയമമില്ലാതെ അന്നപാനാദികളെ ഉപയോഗിക്ക ഹേതുവായിട്ടും ദുൎബ്ബലത്തോടുകൂടിയവനായിട്ടും ശക്തി കുറഞ്ഞവനായിട്ടും ഇരിക്കുന്നവന്ന അധികമായ രോഗമുണ്ടാക ഹേതുവായിട്ടും ശരീരം ക്ഷീണിച്ചവന്റെ അവസ്ഥക്ക തക്കതല്ലാതെയും വൈഗുണ്യമല്ലാതെയും ഉള്ള പ്രവൃത്തി ഹേതുവായിട്ടും ഗുരു മുതലായവരുടെ പൂജയെ ലംഘിക്കുക ഹേതുവായിട്ടും കാമക്രോധാദികളെക്കൊണ്ടുണ്ടായ മനസ്സിന്റെ വ്യസനംകൊണ്ടുള്ള ബുദ്ധിഭ്രമം ഹേതുവായിട്ടും പാപം, ദുരാചാരം മുത

ലായത്തുകളുടെ വിഘ്നം ഹേതുവായിട്ടും കൂട്ടവിരഹം ഹേതുവായിട്ടും ഇതുകൾ കൊണ്ടുതന്നെ ധൈൎയ്യമില്ലാത്തവനായിരിക്കുന്നവന്റെ മനസ്സിങ്കൽ വികാരത്തെ ഉണ്ടാക്കുന്നതുകളായിരിക്കുന്ന ദോഷങ്ങൾ മനസ്സിനെ ധരിക്കുന്നതുകളായ സ്രോതോമാൎഗ്ഗങ്ങളെ തടഞ്ഞിട്ട ബുദ്ധിയുടെ കലുഷതയെ ഉണ്ടാക്കീട്ട ഉന്മാദമെന്ന രോഗത്തെ ഉണ്ടാക്കുന്നു. ഉന്മാദം ഹേതുവായിട്ട ബുദ്ധിക്കും വിശേഷജ്ഞാനത്തിന്നും കഴിഞ്ഞതിന്റെ വിചാരത്തിന്നും നഷ്ടതവരിക ഹേതുവായിട്ട ശരീരം സുഖദുഃഖങ്ങളോട കൂടാത്തതായിട്ട ഒരു ഒരിക്കുന്നവനില്ലാതിരിക്കുന്ന തേരുപോലെ വിചാരിക്കാതെ കണ്ടുള്ള ഉത്സാഹത്തോട കൂടിയവനായിട്ട അവിടവിടെ സഞ്ചരിക്കുന്നു- മെൽ പറഞ്ഞ ഉന്മാദങ്ങളിൽവെച്ച വാതം ഹേതുവായിട്ടുള്ള ഉന്മാദത്തിങ്കൽ ശരീരം മെലിയുകയും വെണ്ടുന്നെടത്തല്ലാതെ കരയുകയും നിലവിളിക്കുകയും ഉറക്കെ വിറിക്കുകയും പതുക്കെ ചിറിക്കുകയും നൃത്തം വെക്കുകയും പാട്ട പാടുകയും വാദ്യങ്ങളെപ്പോലെ ശബ്ദിക്കുകയും അസംബന്ധം പറകയും കയ്യും കാലും മുതലായതിനെ അങ്ങോട്ടും ഇങ്ങോട്ടും എറിയുകയും നടക്കുമ്പോൾ ഓലമുതലായതുകളിലുള്ള അസ്ഥികൾ പൊട്ടുന്നപോലെ ഉള്ള ശബ്ദമുണ്ടാകയും ഓഷ്ഠത്തോടുകൂടാതെ കുഴൽ, വീണാ മൃദംഗം ഇത്യാദികളുടെ ശബ്ദത്തെ അനുസരിച്ച ശബ്ദിക്കുകയും വായയിൽ നിന്ന പിന്നെയും പിന്നെയും നുരവരികയും എല്ലായ്പോഴും നടക്കുകയും വളരെ പറയുകയും പുഷ്പം, പല്ല മുതലായതുകൾ കൊണ്ട അലങ്കരിക്കുകയും കല്ലു മരം ഇത്യാദികളിൽ കൂടി പൊവാനുത്സാഹിക്കുകയും ഭക്ഷണസാധനങ്ങളിൽ താല്പൎയ്യമുണ്ടാകയും, ഭക്ഷണസാധനങ്ങൾ കിട്ടിയാൽ ഉപെക്ഷിക്കുകയും കണ്ണു ചുവന്ന തുറിച്ചിരിക്കുകയും ഭക്ഷിച്ച അന്നം ദഹിച്ചാൽ രോഗം വൎദ്ധിക്കുകയും ചെയ്യുന്നു- പിത്തം ഹേതുവായിട്ട അസഹ്യവാക്കുകളെ പറകയും കോപമുണ്ടാകയും കയ്യ ചുരുട്ടി പിടിച്ചും കല്ലുകട്ട മുതലായതിനെ എടുത്തും പ്രഹരിപ്പാനായിക്കൊണ്ട ഓടുകയും തണുത്ത വൃക്ഷത്തിങ്കലും നിഴലിങ്കലും തണുത്ത വെള്ളത്തിങ്കലും ആഗ്രഹമുണ്ടാകയും കണ്ണുകളും തൊലിയും മഞ്ഞളിച്ചിരിക്കുകയും ഉള്ളതല്ലാതെ കണ്ടുള്ള അഗ്നിജ്വാലയെയും നക്ഷത്രത്തെയും വിളക്ക കത്തുന്നതിനെയും കാണുകയും ചെയ്യും.

൧൦. കഫാദരോചകഛൎദ്ദിരല്പേഹാഹാരവാക്യതാ । സ്ത്രീകാമതാരഹഃപ്രീതിൎല്ലാലാസിംഘാണകസ്രുതിഃ ॥

൧൩. ബൈഭത്സ്യംശൌചവിദ്വേഷോനിദ്രാശ്വയഥുരാനനേ।
ഉന്മാദോബലവാൻരാത്രൌഭുക്തമാത്രേചജായതേ ॥

അന്വയം.- കഫാൽ- അരോചകഃ- ഛർദ്ദിഃ- അല്പേഹാഹാരവാക്യതാ- സ്ത്രീകാമതാ- രഹഃപ്രീതിഃ- ലാലാശിംഘാണകസ്രുതിഃ- ബൈഭത്സ്യം- ശൌചവിദ്വേഷഃ- നിദ്രാ- ആനനേ- ശ്വയഥുഃ- ഉന്മാദഃ- രാത്രൌ- ഭുക്തമാത്രേ- ച- ബലവാൻ- ജായതേ-

അന്വയാർത്ഥം.—— കഫംഹേതുവായിട്ട അരോചകവും ഛർദ്ദിയും അല്പേഹാഹാരവാക്യതയും സ്ത്രീകാമതയും രഹഃപ്രീതിയും ലാലാശിംഘാണകസ്രുതിയും ബൈഭത്സ്യവും ശൌചവിദ്വേഷവും നിദ്രയും ആനനത്തിങ്കൽ ശ്വയഥുവും ഉന്മാദം രാത്രിയിങ്കലും ഭുക്തമാത്രത്തിങ്കലും ബലവാനായി ജനിക്കുന്നു-

പദാർത്ഥം —— അരോചകഃ=അരുചി- (രുചിയില്ലായ്മ) അല്പേഹാഹാരവാക്യതാ=അല്പേഹാഹാരവാക്യങ്ങളുടെ ഭാവം എന്നുള്ളത- അല്പേഹാഹാരവാക്യങ്ങൾ=അല്പങ്ങളായിരിക്കുന്ന ഈഹാഹാരവാക്യങ്ങൾ- ഈഹാഹാരവാക്യങ്ങൾ=ഈഹയും ആഹാരവും വാക്യവും -ഈഹാ=പ്രവൃത്തി-ആഹാരം=ഭക്ഷണം- വാക്യം=വചനം- സ്ത്രീകാമതാ=സ്ത്രീകാമത്വം-(സ്ത്രീകളിൽ ആഗ്രഹമുണ്ടാവുക) രഹഃപ്രീതി=രഹസ്സിങ്കൽപ്രീതി- രഹസ്സ=വിജനം- പ്രീതി=ആഗ്രഹം- ലാലാശിംഘാണകസ്രുതി=ലാലാശിംഘാണകങ്ങളുടെ സ്രുതി- ലാലാശിംഘാണകങ്ങൾ=ലാലയും ശിംഘാണകവും- ലാലാ=തുപ്പല- ശിംഘാണകം=മൂക്കുനീർ- സ്രുതി=സ്രവണം- (ഒലിക്കുക) ബൈഭത്സ്യം=ബീഭത്സത- ശൌചവിദ്വേഷം=ശൌചങ്ങളുടെ വിദ്വേഷം- ശൌചങ്ങൾ=ശുദ്ധികർമ്മങ്ങൾ- വിദ്വേഷം=അസഹനം- (സഹിക്കവയ്യായ്മ) നിദ്രാ=ഉറക്കം- ആനനം=മുഖം- ശ്വയഥു=നീര- ഉന്മാദം=ഉന്മാദമെന്നരോഗം- ഭുക്തമാത്രം=ഭോജനാവസാനം- ബലവാൻ=ബലത്തോടുകൂടിയത- ബലം=ശക്തി-

സാരം.—— കഫം ഹേതുവായിട്ട അരുചിയും, ഛർദ്ദിയും ഉണ്ടാവുകയും കുറച്ച പ്രവൃത്തിക്കയും കുറച്ച ഭക്ഷിക്കുകയും കുറച്ച വിശേഷം പറയുകയും സ്ത്രീകളിൽ ആഗ്രഹമുണ്ടാകയും ആരു മില്ലാത്ത ദിക്കിൽ ചെന്നിരിക്കുകയും വായയിൽനിന്നും മൂക്കിൽനിന്നും വെള്ളം വരികയും ബീഭത്സവേഷനാവുകയും ശൌചാദിയിങ്കൽ ദ്വേഷമുണ്ടാവുകയും എല്ലായ്പോഴും ഉറങ്ങുകയും

പത്ത നീരുണ്ടാകയും ഉന്മാദരോഗം രാത്രിയിങ്കലും ഊണിന്റെ അവസാന സമയമായ ആമാവസ്ഥയിങ്കലും അധികമുണ്ടാകയും ചെയ്യും.

൧൮. സർവ്വായതനസംസ്ഥാനസന്നിപാതാത്മകം ഉന്മാ ദം ദാരുണംവിദ്യാത്തംശിഷ്ടഃപരിവർജ്ജയേൽ ||

അന്വയം—— സന്നിപാതം- സർവ്വായതനസംസ്ഥാനം- ആത്മകം- ഉന്മാദം- ദാരുണം- വിദ്യാൽ- ശിഷ്ടഃ- തം- പരിവർജ്ജയേൽ-

അന്വയാർത്ഥം——സന്നിപാതത്തിങ്കൽ സർവ്വായതനസംസ്ഥാനമായി തദാത്മകമായിരിക്കുന്ന ഉന്മാദത്തെ ദാരുണമെന്നറിയേണം- ശിഷ്ടൻ അതിനെ പരിവർജ്ജിക്കേണം-

പരിഭാഷ—— സർവ്വായതനസംസ്ഥാനം=സർവ്വായതനമായിരിക്കുന്ന സംസ്ഥാനത്തോടു കൂടിയത- സർവ്വായതനം=സർവ്വമായിരിക്കുന്ന ആയതനം- സർവ്വം ഒട്ടൊഴിയാതെയുള്ളത- ആയതനം=കാരണം- തദാത്മകം=സന്നിപാത സ്വരൂപം- ദാരുണം=ഘോരം- ശിഷ്ടകൻ=വൈദ്യൻ- വർജ്ജനം- പരിവർജ്ജിക്ക=ഉപേക്ഷിക്ക-

സാരം—— സന്നിപാതം ഹേതുവായിട്ടുള്ള ഉന്മാദത്തിങ്കൽ ഒട്ടൊഴിയാതെയുള്ള കാരണങ്ങളോടു കൂടിയതായിട്ടും എല്ലാലക്ഷണങ്ങളോടുകൂടിയതായിട്ടും ഇരിക്കുന്ന ഉന്മാദത്തെ ഘോരമെന്ന അറിയേണം- വൈദ്യൻ അതിനെ ഉപേക്ഷിക്കുകയും വേണം-

൧൯. ധനകാന്താദിനാശേനദുസ്സഹേനാഭിഷംഗവാൻ । പാണ്ഡുർദീനോമുഹുർമ്മുഹ്യൻഹാഹേതിപരിദേവതെ ॥

൨൦. ശോകാദ്രോദിതിസ്മരതെതൽഗുണാൻബഹുമന്യതെ । ശോകക്ലിഷ്ടമനാധ്യായൻജാഗരൂകോവിചേഷ്ടതെ ॥

അന്വയം—— ഉന്മാദം- ധനകാന്താദിനാശേന- അഭിഷംഗവാൻ- പാണ്ഡുഃ- ദീനഃ- മുഹുഃ- മുഹ്യൻ- ഹാ- ഹാ- ഇതി- പരിദേവതെ- ശോകാൽ- രോദിതി- സ്മരതെ- തൽഗുണാൻ- ബഹുമന്യതെ- ശോകക്ലിഷ്ടമനാഃ- ധ്യായൻ- ജാഗരൂകഃ- വിചേഷ്ടതെ-

അന്വയാർത്ഥം——ദുസ്സഹമായിരിക്കുന്ന ധനകാന്താദിനാശം ഹേതുവായിട്ട അഭിഷംഗവാനായി പാണ്ഡുവായി ദീനനായിട്ടു പിന്നെയും പിന്നെയും മുഗ്ദ്ധനായി അയ്യോ അയ്യോ എന്നിങ്ങിനെ പരിദേവനം ചെയ്യുന്നു- കാരണം കൂടാതെ കരയുന്നു-

സ്മിതത്തെ ചെയ്യുന്നു. തല്ഗുണങ്ങളെ ബഹുമാനിക്കുന്നു. ശോകക്ലിഷ്ടമനസ്സായി ധ്യായനായി ജാഗരൂകനായിട്ട വിചെഷ്ടനം ചെയ്യുന്നു.

പ്രതിപദം —— സ്നേഹം സഹിക്കപ്പെടുവാൻ അശക്യം. ധനകാന്താദിനാശം=ധനകാന്താദികളുടെ നാശം. ധനകാന്താദികൾ=ധനകാന്തകൾ തുടങ്ങിയുള്ളവ. ധനകാന്തകൾ=ധനവും കാന്തയും. കാന്താ=ഭാര്യ. അഭിനിവേശവാൻ=അഭിനിവേശത്തോടു കൂടിയവൻ. അഭിനിവേശം=ആഗ്രഹം. പാണ്ഡു=വെളുപ്പോടുകൂടിയവൻ. ദീനൻ=ദൈന്യത്തോടു കൂടിയവൻ. മുഗ്ദ്ധൻ=മോഹത്തോടുകൂടിയവൻ. മോഹം=വൈചിത്ര്യം. പരിദേവനം ചെയ്യു=പരവശമാകുംവണ്ണം പറയുക. രോദിക്ക=കരയുക. സ്മിതം=മന്ദഹാസം. തല്ഗുണങ്ങൾ=അതുകളുടെ ഗുണങ്ങൾ. അതുകൾ=ധനകാന്താദികൾ. ബഹുമാനിക്ക=പുകഴ്ത്തുക. ശോകക്ലിഷ്ടമനസ്സ്=ശോകത്താൽ ക്ലിഷ്ടമായിരിക്കുന്ന മനസ്സോടുകൂടിയവൻ. ശോകം=ദുഃഖം. ക്ലിഷ്ടം=ക്ലേശിക്കപ്പെട്ടത. ധ്യായൻ=ധ്യാനിച്ചിരിക്കുന്നവൻ. ധ്യാനിക്ക=വിചാരിക്ക. ജാഗരൂകൻ=ജാഗരണശീലൻ (ഉറക്കമിളക്കുന്നവൻ) വിചെഷ്ടനം ചെയ്യു=ഉരുളുക.

സാരം —— ധനം ഭാര്യ പുത്രൻ ബന്ധു. ഇവരുടെ സഹിക്കാൻ വയ്യാത്തതായ നാശം ഹേതുവായിട്ടുണ്ടാകുന്ന ആധി കൊണ്ടുള്ള ഉന്മാദത്തിങ്കൽ പരിഭവത്തോടു കൂടിയവനായിരിക്കയും വെളുപ്പിനോടും ദൈന്യത്തോടും കൂടിയിരിക്കയും പിന്നെയും പിന്നെയും മോഹാന്ധപ്പെടുകയും അയ്യോ കഷ്ടം എന്നിങ്ങിനെ പരവശത്തോടു കൂടി പറയുകയും കാരണം കൂടാതെ കരയുകയും ചിരിക്കുകയും ചെന്നു പോയവരുടെ ഓരോരോ ഗുണത്തെ തന്നെ പിന്നെയും പിന്നെയും വർണ്ണിക്കുകയും വ്യസനത്തോടു കൂടിയിരിക്കുകയും എല്ലായ്പോഴും വിചാരത്തോടു കൂടിയിരിക്കുകയും രാത്രിയിങ്കൽ കൂടി ഉറക്കമില്ലാതിരിക്കുകയും കിടന്നു ഉരുളുകയും ചെയ്യുന്നു.

൫൭. വിഷേണ ശ്യാവവക്ത്രസ്തു നഷ്ടച്ഛായോ ബലേന്ദ്രിയഃ വേഗാന്തരൈരപി സംഭ്രാന്തോ രക്താക്ഷസ്തം വിവർജ്ജയേൽ ॥

അന്വയം —— വിഷേണ. ശ്യാവവക്ത്രഃ. നഷ്ടച്ഛായഃ. അബലേന്ദ്രിയഃ. വേഗാന്തരൈഃ. അപി. സംഭ്രാന്തഃ. രക്താക്ഷഃ. ഭവതി. തം. വിവർജ്ജയേൽ.

അന്വയാർത്ഥം —— വിഷം ഹേതുവായിട്ട ശ്യാവവക്ത്രനായിട്ടും നഷ്ടച്ഛായനായിട്ടും അബലേന്ദ്രിയനായിട്ടും വേഗാന്ത

ത്തിംകൽ കൂടി സംഭ്രാന്തനായിട്ടും രക്താക്ഷനായിട്ടും ഭവിക്കുന്നു. അവനെ ചികിത്സിക്കേണം-

പരിഭാഷ — ശ്യാവവദനൻ=ശ്യാവമായിരിക്കുന്ന വദനത്തോടുകൂടിയവൻ- ശ്യാവം=കരുവാളിച്ചത- വദനം=മുഖം- നഷ്ടച്ഛായൻ=നഷ്ടമായിരിക്കുന്ന ഛായയോടുകൂടിയവൻ- നഷ്ടം=നശിച്ചത- ഛായ=കാന്തി- ദുർബലേന്ദ്രിയൻ=ദുർബലങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളോടുകൂടിയവൻ- ദുർബലങ്ങൾ=ബലമില്ലാത്തവ- ഇന്ദ്രിയങ്ങൾ=ചക്ഷുരാദികൾ- ചേതോന്തരം=ചേതസ്സിന്റെ അന്തരം- അന്തരം=മധ്യം- സംഭ്രാന്തൻ=സംഭ്രമത്തോടുകൂടിയവൻ- സംഭ്രമം=പരിഭ്രമം- രക്താക്ഷൻ=രക്തങ്ങളായിരിക്കുന്ന അക്ഷങ്ങളോടുകൂടിയവൻ- രക്തങ്ങൾ=രക്തവർണ്ണങ്ങൾ- അക്ഷങ്ങൾ=കണ്ണുകൾ- അവൻ=ഉന്മാദമുള്ളവൻ- ചികിത്സിക്ക=ഉപേക്ഷിക്കുക-

സാരം — വിഷം ഹേതുവായിട്ടുള്ള ഉന്മാദത്തിംകൽ മുഖം കരുവാളിച്ചിരിക്കയും കണ്ണ് മുതലായ ഇന്ദ്രിയങ്ങൾ അവരവരുടെ വിഷയമായ കാര്യങ്ങളിൽ ശക്തിയില്ലാതിരിക്കയും ശരീരത്തിന്റെ കാന്തി നശിച്ചിരിക്കയും മനസ്സിൽ മാറ്റവും പിന്നെ മുഴുത്തിരിക്കയും ചെയ്യുന്ന ഇടയ്ക്കു സംഭ്രമമുണ്ടാകയും കണ്ണ ചുകന്നിരിക്കയും ചെയ്യും- ഇങ്ങിനെ ഉള്ള ഉന്മാദത്തെ ചികിത്സിക്കരുത-

ഏവം അനിലജോന്മാദേ സ്നേഹപാനം പ്രയോജയേത് । പൂർവ്വമാവൃതമാർഗ്ഗേ തു സസ്നേഹം മൃദുശോധനം ॥

അന്വയം — ഏവം- അനിലജേ- ഉന്മാദേ- പൂർവ്വം- സ്നേഹപാനം- പ്രയോജയേത്- ആവൃതമാർഗ്ഗേ- തു- പൂർവ്വം- സസ്നേഹം- മൃദു- ശോധനം- പ്രയോജയേത്-

അന്വയാർത്ഥം — ഇപ്രകാരം അനിലജമായിരിക്കുന്ന ഉന്മാദത്തിംകൽ മുമ്പെ സ്നേഹപാനത്തെ പ്രയോഗിക്കേണം- ആവൃതമാർഗ്ഗത്തിംകലാകട്ടെ മുമ്പെ സസ്നേഹമായി മൃദുവായിരിക്കുന്ന ശോധനത്തെ യോജിക്കേണം-

പരിഭാഷ — അനിലജം=അനിലംകൽനിന്നു ജനിച്ചത- അനിലൻ=വായു- ഉന്മാദം=ഉന്മാദരോഗം- സ്നേഹപാനം=സ്നേഹങ്ങളുടെ പാനം- സ്നേഹങ്ങൾ=നെയ്യ് മുതലായവ- പാനം=സേവിക്കുക- പ്രയോജിക്ക=ചെയ്ക- ആവൃതമാർഗ്ഗം=ആവൃതമായിരിക്കുന്ന മാർഗ്ഗത്തോടുകൂടിയത- ആവൃതം=ആവരണം ചെയ്യപ്പെട്ടത- ആവരണം ചെയ്ക=അടയ്ക്കുക- മാർഗ്ഗം=വഴി- സസ്നേഹം=സ്നേ

ഹത്തൊടുകൂടിയത- സ്നെഹം=തൈലം-ഉഗ്ര=തീക്ഷ്ണമല്ലാത്തത- ശൊധനം=ശുദ്ധി-

സാരം—— ഉന്മാദലക്ഷണങ്ങളെ അറിഞ്ഞതിന്റെ ശെഷം വാതം ഹെതുവായിട്ടുണ്ടായ ഉന്മാദത്തിങ്കൽ മുമ്പെ തൈലം മുതലായതിനെ പാനം ചെയ്യെണം- തന്റെ മാൎഗ്ഗത്തിന്റെ തടവു ഹെതുവായിട്ടു കൊപിച്ച വായുവിങ്കൽ തൈലത്തൊടുകൂടിയതും തീക്ഷ്ണമല്ലാത്തതും ആയ ഛൎദ്ദിപ്പിക്കുക- വയറിളക്കുകമുതലായതിനെയും ചെയ്യെണം-

൩൯- കഫപിത്തൊത്ഭവെപ്യാദൌ വമനംസവിരെചനം ।
സ്നിഗ്ദ്ധസ്വിന്നസ്യ വസ്തിംചശിരസശ്ചവിരെചനം ॥

അന്വയം—— കഫപിത്തൊത്ഭവെ- അപി- ആദൌ- സ്നിഗ്ദ്ധസ്വിന്നസ്യ- സവിരെചനം- വമനം വസ്തിം- ച- ശിരസഃ- വിരെചനം- ച- യൊജയെൽ-

അന്വയാൎത്ഥം—— കഫപിത്തൊൽഭവത്തിങ്കലും ആദിയിങ്കൽ സ്നിഗ്ദ്ധസ്വിന്നന്ന സവിരെചനമായിരിക്കുന്ന വമനത്തെയും വസ്തിയെയും ശിരസ്സിന്റെ വിരെചനത്തെയും യൊജിപ്പിക്കെണം-

പരിഭാഷാ—— കഫപിത്തൊത്ഭവെ=കഫപിത്തങ്ങളിൽനിന്ന ഉണ്ടായതിൽ- കഫപിത്തങ്ങൾ=കഫവും പിത്തവും- സ്നിഗ്ദ്ധസ്വിന്നൻ=സ്നിഗ്ദ്ധനായിട്ടും സ്വിന്നനായിട്ടും ഇരിക്കുന്നവൻ- സ്നിഗ്ദ്ധൻ=സ്നെഹിക്കപ്പെട്ടവൻ- സ്നെഹിക്ക=തൈലാദികളെ പാനം ചെയ്ക- സ്വിന്നൻ=സ്വെദിക്കപ്പെട്ടവൻ- സ്വെദിക്ക=വിയൎപ്പിക്കുക- സവിരെചനം=വിരെചനത്തൊടുകൂടിയത- വിരെചനം=വയറിളക്കുക- വമനം=ഛൎദ്ദി- വസ്തി=വസ്തികൎമ്മം- ശിരസ്സിന്റെവിരെചനം=നസ്യം-

സാരം= കഫംകൊണ്ടും പിത്തംകൊണ്ടും ഉണ്ടായ ഉന്മാദത്തിങ്കലും മുമ്പെ സ്നിഗ്ദ്ധസ്വിന്നനാക്കീട്ടു ഛൎദ്ദിപ്പിക്കുകയും വയറിളക്കുകയും വസ്തിചെയ്യുകയും നസ്യം ചെയ്കയും വെണം- ഇവിടെ കഫപിത്തൊൽഭവത്തിങ്കലും എന്ന പറഞ്ഞത കെവലം വാതം കൊണ്ടുണ്ടായതിങ്കൽ തന്നെ അല്ല- കഫപിത്തങ്ങൾ കൊണ്ടുണ്ടായതിങ്കലും സ്നെഹപാനത്തെ ചെയ്യെണമെന്ന സൂചിപ്പിക്കുന്നു എന്ന- ഉന്മാദം സ്നെഹപാനെന പൂൎവ്വം സമുപാചരെൽ- എന്ന പ്രമാണാന്തരമുണ്ടാകകൊണ്ടും സ്നെഹകാലെതുവാതൊത്ഥെ തൈലം ശ്ലൈഷ്മികെ ഘൃതം മഹാകല്യാണകം പിത്തജെ ഗവ്യം കഫൊൽഭവെ എന്ന- സംഗ്രഹവചനങ്ങളെക്കൊണ്ടും അറി

ത്തു കൊടുക്കയും വേണം--

൭൦. തഥാസ്യ ശുദ്ധമേധസ്യ പ്രസാദം ലഭതേ മനഃ । ഈരിത മപ്യനവൃത്തേന ശ്രുതിം നാവനമന്യൂനം ॥

൭൧. ഷഷ്ഠ്യൗഷധസനാഥോഗ്രാസൈധതാദ്യനന്തജ്ഞനം । ആജ്യം ഗോമൂത്രനാലേപപൂപാൽ പാനം ച സപ്പിഷഃ ॥

൭൨. യുജ്യാതാനി ഹി ശുദ്ധസ്യ നയന്തി പ്രകൃതിം മനഃ । ഹിംഗുസൈന്ധവചൂർണ്ണവ്യോഷൈഃ ചിപലാംശൈഃ ശ്വൃതാധകം ॥

൭൩. സിദ്ധം സമൂത്രമന്മാദ ഭൂതാപസ്മാരനൽ പരം । ചൈത്രപ്രസൈഥമാപരസാത ബ്രഹ്മീ ഘൃതപ്രസ്ഥം ച സാധിതം ॥

൭൪. വ്യോഷശ്യാമാത്രിവൃൽ ബ്രഹ്മീ ശംഖപുഷ്പീ നൃപദ്രുമൈഃ । സസപ്തലാക്രിമിഘ്നൈർ കല്ക്കിതൈരക്ഷസമ്മിതൈഃ ।

൭൫. പലദ്വയപ്രമിതം ത്രിഫലം മാത്രാചരണത്തിലം । ഉന്മാദക ഷ്ട്രാപസ്മാരഹരം വന്ധ്യാസുതപ്രദം ॥

൭൬. വാക്സ്വരസ്മൃതി മേധാകൃദന്യഃ ബ്രഹ്മീഘൃതംസ്മൃതം । വ രാവിശാലാവഗ്രൈശ്ലാദേവമാപലവാലുകൈഃ ॥

൭൭. ദാംശാബാ ബോധിരജനീദ്വേമിസാരിതാ ഫലിനിനിതൈഃ । ബ്രഹ്മീരിക്യൂണൂതുളസീഗന്ധഭാസാധിതൈഃ ॥

൭൮. വെല്ലതാലീസപത്രെള ലാമാലതീമുകുളോൽപ്പലൈഃ । സമ ന്തിപത്മകഷീരൈശ്ച കാസംശ്ച സപ്പിഷഃ പചേൽ ॥

൭൯. പ്രസ്ഥം ഭൂതഗ്രഹോന്മാദ കാസാപസ്മാരപാപ്മജിൽ । പാ ണ്ഡുകണ്ഡൂവിഷശോഷമോഹമേഹജ്വരേഷു ച ॥

൮൦. അതീസാരജ്വരേഷ്യസിദ്ധോപാപഹരം ചതതി । ആമ യസിദ്ധലോചാചിന്ത്യതിക്താമലപാവക ॥

൮൧. ബലപുംഗവഗന്ധകാന്തിമസൗന്ദര്യപുഷ്ടിദം । ക ല്യാണകമിദം സപ്പിഃ ശ്രേഷ്ഠം പുംസവനേഷു ച ॥

അന്വയം—— തഥാ- ശുദ്ധമേധസ്യ- അസ്യ- മനഃ- പ്രസാ ദം- ലഭതേ- ഈരിതം- അപി- അനവൃത്തേന- ശ്രു- തിം- നാവ നം- അന്യൂനം- ഷഷ്ഠ്യൗഷധസനാഥേന ഗ്രാസൈധതാദ്യനന്തജ്ഞ നം- ആജ്യം ഗോമൂത്രനാലേപപൂപാൽ- സപ്പിഷഃ- പാനം- ച- യുജ്യാതാ- താനി- ശുദ്ധസ്യമനഃ- പ്രകൃതിം- നയന്തി- ഹി- ചിപലാംശൈഃ- ഹിംഗുസൈന്ധവചൂർണ്ണവ്യോഷൈഃ- സമൂത്രം- സിദ്ധം- ഘൃതാധകം- പരം- ഉന്മാദഭൂതാപസ്മാരനൽ- ബ്രഹ്മീ- സപരസാൽ- ചൈത്ര- പ്രസൈഥമാ ഘൃതപ്രസ്ഥം- ച- അക്ഷസ മ്മിതൈഃ- കല്ക്കിതൈഃ- സസപ്തലാക്രിമിഘ്നൈഃ- വ്യോഷശ്യാ മാത്രിവൃൽബ്രഹ്മീശംഖപുഷ്പീനൃപദ്രുമൈഃ- സാധിതം- പലദ്വ

ധ്യാ- പ്രയുഞ്ജീത- ചതുഷ്പലം- പരം- മാത്രാ- ഉന്മാദകുഷ്ഠാപസ്മാരഘ്നം- വന്ധ്യാസുതപ്രദം- വാക്സ്വരസ്മൃതിമേധാകൃൽ- ധന്യം- തൽ- ബ്രാഹ്മീഘൃതം- സ്മൃതം- കർഷാംശൈഃ- വരാവിശാലാവല്ലീദ്ധ്രുലാമ്രവേലാവാല്പകൈഃ- ചന്ദ്രാരിബാദ്വിരജനീമഞ്ജിഷ്ഠാഫലിനീനകൈഃ- ബൃഹതീകുഷ്ഠമഞ്ജിഷ്ഠാനാഗകേസരദാഡിമൈഃ- സന്തിപത്രകഹിമൈഃ- വെല്ലതാലീസപത്രേലാമാലതീമുകുളോത്പലൈഃ- സദ്വിശൈഃ- പ്രസ്ഥം- പചേൽ- തൽ- ദ്രവ്യൈരഥോന്മാദകാസാപസ്മാരപാപ്മനൽ- പാണ്ഡുകണ്ഡൂവിഷ- ശോഷ- മേഹ- ജ്വര- ഗര- അരോചകസി- അല്പരജസി- ദൈവോപഹതചേതസി- അമേധസി- സ്ഖലദ്വാചി- സ്മൃതികാമേ- അല്പപാവകേ- ശസ്യം- ബല്യം- മംഗല്യം- ആയുഷ്യം- കാന്തിസൌഭാഗ്യപുഷ്ടിദം- ഇദം- കല്യാണകം- നാമ്നാ- പുംസവനേഷു- ച- ശ്രേഷ്ഠം-

ഭാഷാർത്ഥം—— ഇപ്രകാരം ശുദ്ധദേഹനായിരിക്കുന്ന ഇവന്റെ മനസ്സു പ്രസാദത്തെ ലഭിക്കുന്നു- ഇപ്രകാരമായിട്ടും അനിവൃത്തിയിങ്കലാകട്ടെ തീക്ഷ്ണമായിരിക്കുന്ന നാവനത്തെയും അഞ്ജനത്തെയും ഹിതങ്ങളായിരിക്കുന്ന ഉന്മാദത്തിനു തർജ്ജനത്തെയും അട്ടഹാസങ്ങളോടുകൂടിയ ധൂപങ്ങളെയും സർപ്പിസ്സിന്റെ പാനത്തെയും ചെയ്യിക്കേണം- അതുകൊണ്ടു ശുദ്ധനായിരിക്കുന്നവന്റെ മനസ്സിന്നു പ്രകൃതിയെ ആയിക്കുന്നു- എന്നാൽ ഹേതുവായിട്ടു ചിലപ്പോഴും ശങ്കകളായിരിക്കുന്ന ഹിംഗ്വാദി സൌവർച്ചലവ്യോഷങ്ങൾകൊണ്ടു സമ്മൂർച്ഛിതമായി സിദ്ധമായിരിക്കുന്ന ഘൃതാഢകം ഏറ്റവും ഉന്മാദത്തെ ശമിപ്പിക്കുന്നു- ബ്രാഹ്മിയുടെ സ്വരസത്തിങ്കൽ നിന്ന രണ്ടു പ്രസ്ഥങ്ങളെയും ഘൃതപ്രസ്ഥത്തെയും അക്ഷസമിതങ്ങളായി കല്ക്കങ്ങളായി സ്വസ്ഥാലാക്രിമി ഹരങ്ങളായിരിക്കുന്ന വ്യോഷശ്യാമാത്രിവൃൽദന്തീശംഖപുഷ്പീനൃപദ്രുമങ്ങൾകൊണ്ടു സാധിതമായിട്ടു ചലാപുഭി കൊണ്ടു പ്രയോജിക്കേണം- ചതുഷ്പലം പരമായിരിക്കുന്ന മാത്രയാകുന്നു- ഉന്മാദകുഷ്ഠാപസ്മാരഘ്നമായിട്ടും വന്ധ്യാസുതപ്രദമായിട്ടും വാക്സ്വരസ്മൃതിമേധാകൃത്തായിട്ടും ധന്യമായിട്ടും ഇരിക്കുന്ന അത ബ്രാഹ്മീഘൃതമായിട്ടു സ്മൃതമാകുന്നു- കർഷാംശങ്ങളായിരിക്കുന്ന വരാവിശാലാവല്ലീദ്ധ്രുലാമ്രവേലാവാലുകങ്ങൾകൊണ്ടും ചന്ദ്രാരിബാദ്വിരജനീമഞ്ജിഷ്ഠാഫലിനീനകങ്ങൾ കൊണ്ടും ബൃഹതീകുഷ്ഠമഞ്ജിഷ്ഠാ നാഗകേസരദാഡിമങ്ങൾകൊണ്ടും സന്തിപത്രകഹിമങ്ങളായിരിക്കുന്ന വെല്ലതാലിസപത്രേലാമാ

ലതീഷകളൊൎപ്പലങ്ങൾകൊണ്ടും സൎപ്പിസ്സിന്റെ പ്രസാദത്തെ പചിക്കേണം- ഈ ഭൂതഗ്രഹോന്മാദകാപസ്മാര പാപ്മ്മഘ്നമായിട്ടും പാണ്ഡുകണ്ഡുവിഷയത്തിങ്കലും ശോഷത്തിങ്കലും മൊഹത്തിങ്കലും മെഹത്തിങ്കലും ജ്വരത്തിങ്കലും ഗരത്തിങ്കലും അരെതസ്സിങ്കലും അല്പമെധസ്സിങ്കലും ദൈവൊപഹത ചെതസ്സിങ്കലും അമെധസ്സിങ്കലും സ്ഥൂലപാകിങ്കലും സ്മൃതികാമെങ്കിലും അല്പപാവകെങ്കലും ശസ്തമായിട്ടും ബല്യമായിട്ടും മംഗല്യമായിട്ടും ആയുഷ്യമായിട്ടും കാന്തിസൌഭാഗ്യപുഷ്ടിദമായിട്ടും ഭവിക്കുന്നു- ഈ കല്യാണകമായിരിക്കുന്ന സൎപ്പിസ്സ പുംസവനങ്ങളിൽ ശ്രേഷ്ഠമായിട്ടും ഭവിക്കുന്നു-

പരിഭാഷ——ശുദ്ധദെഹൻ=ശുദ്ധമായിരിക്കുന്ന ദെഹത്തൊടുകൂടിയവൻ- ദെഹം=ശരീരം- പ്രസാദം=സ്വഭാവം- ലിഹിക്ക=സ്വീകരിക്ക- അനിവൃത്തി=നിവൃത്തിഇല്ലാത്തത- നിവൃത്തി=ശമനം- നാവനം=നസ്യം- അഞ്ജനം=മഷി- ഹൎഷണാശ്വാസനൊത്രാസഭയതാഡനതൎജ്ജനം=ഹൎഷണവും ആശ്വാസനവും ത്രാസവും ഭയവും താഡനവും തൎജ്ജനവും- ഹൎഷണം=സന്തൊഷിപ്പിക്കുക- ആശ്വാസനം=സമാധാനിപ്പിക്കുക- ത്രാസം=ഞെട്ടുക- ഭയം=ഭീതി- താഡനം=അടിക്കുക- തൎജ്ജനം=ഭത്സനം- (ഹിതമല്ലാത്തതിനെപറയുക) അഭ്യംഗൊദ്വൎത്തനാലെപധൂപങ്ങൾ=അഭ്യംഗവും ഉദ്വൎത്തനവും ആലെപവും ധൂപവും- അഭ്യംഗം=എണ്ണതെക്കുക- ഉദ്വൎത്തനം=തിരുമ്മുക- ആലെപം=ഔഷധങ്ങളെ അരച്ചുതെക്കുക- ധൂപം=പുക- സൎപ്പിസ്സ=നെയ്യ- പാനം=സെവനം- യൊജിക്ക=ചെൎക്ക- ആരുക്കൾ=തിക്ഷ്ണസ്യാദികൾ- പ്രകൃതി=സ്വഭാവം- (രൊഗത്തൊടു കൂടാത്തതെന്നൎത്ഥം) നയിക്ക=പ്രാപിപ്പിക്ക- ദ്വിപലാംശങ്ങൾ=ദ്വിപലപ്രമാണങ്ങൾ- (രണ്ടു പലങ്ങളെന്നൎത്ഥം) ഹിംഗുസൌവൎച്ചലവ്യൊഷങ്ങൾ=ഹിംഗുവും സൌവൎച്ചലവും വ്യൊഷവും- ഹിംഗു=കായം- സൌവൎച്ചലം=തുവൎച്ചിലഉപ്പ- വ്യൊഷം=ത്രികടു- സമൂത്രം=മൂത്രത്തൊടുകൂടിയത- മൂത്രം=ഗൊമൂത്രം- സിദ്ധം=പക്വം- ഘൃതാഢകം=ഘൃതത്തിന്റെ ആഢകം- ഘൃതം=നെയ്യ- ആഢകം=നാലിടങ്ങഴി- ഉന്മാദഭൂതാപസ്മാരഘ്നം=ഉന്മാദഭൂതാപസ്മാരങ്ങളെ നശിപ്പിക്കുന്നത- ഉന്മാദഭൂതാപസ്മാരങ്ങൾ=ഉന്മാദവും ഭൂതവും അപസ്മാരവും- നാശിക്ക=നശിപ്പിക്ക- സപരസംക്ഷീരം- പ്രസ്ഥം=ഇടങ്ങഴി- ഘൃതപ്രസ്ഥം=ഘൃതത്തിന്റെ പ്രസ്ഥം- ഘൃതം=നെയ്യ- പ്രസ്ഥം=ഇടങ്ങഴി- അക്ഷസ

ന്മിതങ്ങളും=അക്ഷപ്രമാണങ്ങളും- അക്ഷം=മൂന്നുകഴഞ്ച- കല്കിതങ്ങളും=കല്കങ്ങളാക്കപ്പെട്ടവ- സസപ്തലാക്രിമിഹരങ്ങളും= സപ്തലാക്രിമിഹരങ്ങളോടുകൂടിയവ- സപ്തലാക്രിമിഹരങ്ങളും= സപ്തലയും ക്രിമിഹരവും- സപ്തലാ=[illegible]- ക്രിമിഹരം=വിഴാലരി- വ്യോഷശ്യാമാത്രിവൃദ്ദന്തീശംഖപുഷ്പീനൃപദ്രുമങ്ങളും= വ്യോഷവും ശ്യാമയും ത്രിവൃത്തും ദന്തിയും ശംഖപുഷ്പിയും നൃപദ്രുമവും- വ്യോഷം=ത്രികടു- ശ്യാമാ=നാല്ക്കോല്പ്പകൊന്ന- ത്രിവൃത്ത=ത്രികൊല്പകൊന്ന- ദന്തീ=നാകദന്തി- ശംഖപുഷ്പീ=ശംഖുപുഷ്പം- നൃപദ്രുമം=കൊന്ന- സാധിതം=സാധിക്കപ്പെട്ടത- സാധിക്ക=കാച്ചുക- പലവൃദ്ധി=പലങ്ങളുടെവൃദ്ധി- വൃദ്ധി=വർദ്ധനം- ചതുഷ്പലം=നാലുപലം- ഉന്മാദകഷ്ടാപസ്മാരഹരം= ഉന്മാദകഷ്ടാപസ്മാരങ്ങളെ ഹരിക്കുന്നത- ഉന്മാദകഷ്ടാപസ്മാരങ്ങളും=ഉന്മാദവും കഷ്ടവും അപസ്മാരവും- ഹരിക്ക=നശിപ്പിക്കുക- വന്ധ്യാസുതപ്രദം= വന്ധ്യയുടെ സുതപ്രദം- വന്ധ്യാ=പ്രസവിക്കാത്തവൾ- സുതപ്രദം=സുതനെ പ്രകർഷേണ ദാനംചെയ്യുന്നത- സുതൻ=പുത്രൻ- ദാനം ചെയ്യുക=കൊടുക്കുക- വാക്സ്വരസ്മൃതിമേധാകൃത്ത=വാക്സ്വരസ്മൃതിമേധകളെ ഉണ്ടാക്കുന്നത- വാക്സ്വരസ്മൃതിമേധകളും=വാക്കും സ്വരവും സ്മൃതിയും മേധയും- സ്വരം=ശബ്ദം- സ്മൃതി= അതീതകാലാനുസ്മരണം- മേധാ=അർത്ഥഗ്രഹണശക്തി- ധന്യം=ഭാഗ്യകരം- അതഃ=നെയ്യ- ബ്രാഹ്മീഘൃതം = ബ്രാഹ്മീഘൃതമെന്ന പേരൊടുകൂടിയത- സ്മൃതം=സ്മരിക്കപ്പെട്ടത- സ്മരിക്ക=വിചാരിക്കുക- കർഷാംശങ്ങളും=കർഷപ്രമാണങ്ങളും- കർഷം=[illegible]കഴഞ്ച- വരാവിശാലാഭദ്രൈലാദേവദാർവേലവാലുകങ്ങളും=വരയും വിശാലയും ഭദ്രൈലയും ദേവദാരുവും എലവാലുകവും- വരാ=ത്രിഫലാ- വിശാലാ= കാട്ടുവെള്ളരി- ഭദ്രൈലം=പെരേലം- ദേവദാരു=ദേവതാരം- എലവാലുകം=എലവാലുകമെന്ന പേരൊടുകൂടിയത- ദ്വിശാരിബാദ്വിരജനീദ്വിസ്ഥിരാഫലിനീനതങ്ങളും=ദ്വിശാരിബയും ദ്വിരജനിയും ദ്വിസ്ഥിരയും ഫലിനിയും നതവും- ദ്വിശാരിബാ= നന്നാറിയും പാല്വള്ളിയും- ദ്വിരജനീ=മഞ്ഞളും മരമഞ്ഞളും- ദ്വിസ്ഥിരാ=ഓരിലയും മൂവിലയും- ഫലിനീ=ഞാഴൽപ്പൂവ- നതം=തകരം- ബൃഹതീകുഷ്ഠമഞ്ജിഷ്ഠാനാഗകേസരദാഡിമങ്ങളും= ബൃഹതിയും കുഷ്ഠവും മഞ്ജിഷ്ഠയും നാഗകേസരവും ദാഡിമവും- ബൃഹതീ=ചെറുവഴുതിന- കുഷ്ഠം=കൊട്ടം- മഞ്ജിഷ്ഠാ=മഞ്ചട്ടി- നാഗകേസരം=നാഗപ്പൂവ- ദാഡിമം=ഉറുമാമ്പഴം- സദന്തീപത്രകഹിമങ്ങളും= ദന്തീപത്രകഹിമങ്ങളോടുകൂടിയവ- ദന്തീപത്രകഹിമ

ങ്ങൾ=ദന്തിയും പത്മകവും ഹിമവും- ദന്തി=നാകദന്തി- പത്മകം=പതിമുകം- ഹിമം=ചന്ദനം- വെള്ളതാലീസപത്രൈലാമാലതീമുകുളോൽപ്പലങ്ങൾ=വെള്ളവും താലീസപത്രവും ഏലയും മാലതീമുകുളവും ഉൽപലവും- വെള്ളം=വിഴാലരി- താലീസപത്രം=താലീസപത്രമെന്ന പേരോടുകൂടിയതു- ഏല=ഏലത്തരി- മാലതീമുകുളം=പിച്ചകമൊട്ടു- ഉൽപലം=ചെങ്ങഴിനീർക്കിഴങ്ങു- സർപ്പിസ്സ്=നെയ്യ്- പ്രസ്ഥം=ഇടങ്ങഴി- പചിക്കുക=കാച്ചുക- തത്=ആ നെയ്യ്- ഭൂതഗ്രഹോന്മാദകാസാപസ്മാരപാപ്മഘ്നം= ഭൂതഗ്രഹോന്മാദകാസാപസ്മാരപാപ്മാക്കളെ ഒടുക്കുന്നതു- ഭൂതഗ്രഹോന്മാദകാസാപസ്മാരപാപ്മാക്കൾ=ഭൂതവും ഗ്രഹവും ഉന്മാദവും കാസവും അപസ്മാരവും പാപ്മാവും- കാസം=കുര- പാപ്മാവ്=പാപം- പാണ്ഡുകണ്ഡുവിഷം=പാണ്ഡുവും കണ്ഡുവും വിഷവും- പാണ്ഡു=പാണ്ഡുരോഗം- കണ്ഡു=ചൊറി- ശോഷം=ക്ഷയരോഗം- മേഹം=വൈചിത്ര്യം- മേഹം=പ്രമേഹം- ഗരം=ഒരുവിഷം- അമേധസ്സ്= അല്പമായ മേധസ്സോടുകൂടിയവൻ- മേധസ്സ്=ബുദ്ധി- അല്പമേധസ്സ്=അല്പമായിരിക്കുന്ന മേധസ്സോടുകൂടിയവൻ- മേധസ്സ്=ഓർത്തുപം- (ഇന്നലത്തിലുള്ളതു.) ദൈവോപഹതചേതസ്സ്=ദൈവത്താൽ ഉപഹതമായിരിക്കുന്ന ചേതസ്സോടുകൂടിയവൻ- ദൈവം= വിധി- ഉപഹതം=ഉപഹനിക്കപ്പെട്ടതു- ഉപഹനിക്ക=നശിപ്പിക്ക- ചേതസ്സ്=മനസ്സ്- അമേധസ്സ്= മേധയോടു കൂടാത്തവൻ- മേധ=ബുദ്ധിഗ്രഹണശക്തി- സ്ഖലദ്വാക്ക്=സ്ഖലനിയായിരിക്കുന്ന വാക്കോടുകൂടിയവൻ- സ്ഖലൽ=സ്ഖലിച്ചിരിക്കുന്നതു- സ്ഖലിക്ക=ഇടറുക- സ്മൃതികാമൻ=സ്മൃതിയെ കാമിക്കുന്നവൻ- സ്മൃതി=അതീതകാലാനുസ്മരണം- കാമിക്ക=ആഗ്രഹിക്കുക- അല്പപാവകൻ=മന്ദാഗ്നി- ധന്യം=പ്രശസ്തം- ബല്യം=ബലത്തെ ഉണ്ടാക്കുന്നതു- ബലം=ശക്തി- മാംഗല്യം=മംഗലത്തെ ഉണ്ടാക്കുന്നതു- മംഗലം=ശുഭം- ആയുഷ്യം=ആയുസ്സിനെ ഉണ്ടാക്കുന്നതു- കാന്തിസൌഭാഗ്യപുഷ്ടിദം=കാന്തിസൌഭാഗ്യപുഷ്ടികളെ ദാനം ചെയ്യുന്നതു- കാന്തിസൌഭാഗ്യപുഷ്ടികൾ=കാന്തിയും സൌഭാഗ്യവും പുഷ്ടിയും- കാന്തി=ശോഭ- സൌഭാഗ്യം=സൌന്ദര്യം- പുഷ്ടി=തടി- ദാനം ചെയ്യുക=കൊടുക്കുക- കല്യാണകം=കല്യാണകമെന്ന പേരോടു കൂടിയതു- സർപ്പിസ്സ്=നെയ്യ്- പുംസവനം=പുത്രനെ പ്രസവിക്കുന്നതു- പുമാൻ=പുരുഷൻ ശ്രേഷ്ഠം=വിശിഷ്ടം-

സാരം—— മേൽ പറഞ്ഞതുപോലെ വമനാദികൾകൊണ്ടു ശുദ്ധിവന്നിരിക്കുന്ന ദേഹത്തോടുകൂടിയവന്റെ മന

സ്സു സ്വസ്ഥതയെ ലഭിക്കുന്നു. ഇപ്രകാരം ചെയ്തിട്ടും രോഗത്തിന്ന ശമനം ഭവിച്ചില്ലെങ്കിൽ തീക്ഷ്ണദ്രവ്യങ്ങൾകൊണ്ടു നസ്യം ചെയ്യുകയും തീക്ഷ്ണദ്രവ്യങ്ങളെ അരച്ചു കണ്ണിലെഴുതുകയും സന്തോഷിപ്പിക്കുകയും നല്ലവാക്കുകളെക്കൊണ്ടുമറ്റൊ ആശ്വാസപ്പെടുത്തുകയും ഞെട്ടിപ്പിക്കുകയും ഭയപ്പെടുത്തുകയും അടിക്കുകയും അറിതല്ലാത്ത വാക്കിനെ പറയുകയും എണ്ണ തേപ്പിക്കുകയും മെൽതിരുമ്പുകയും ഔഷധങ്ങൾ അരച്ചു മെൽ തേപ്പിക്കുകയും പുകക്കുകയും കല്യാണകം മുതലായ നെയ്യ സെവിപ്പിക്കുകയും വെണം. തീക്ഷ്ണനസ്യം തുടങ്ങിയവകൾ. വമന വിരെചനങ്ങളെ ചെയ്തു ശുദ്ധി വന്നിരിക്കുന്നവന്റെ മനസ്സിനെ രോഗത്തോടു കൂടാത്തതാക്കിച്ചെയ്യും. ആ ഹേതുവായിട്ട ശമനമില്ലെന്ന വന്നാൽ മെൽ പറഞ്ഞതുകളെ ചെയ്യണമെന്ന അറിഞ്ഞുകൊൾക. കായം, തുവൎച്ചിലയുപ്പ, ചുക്ക, മുളക, തിപ്പലി ഇതുകൾ ഒരൊന്നെ പലം ഗോമൂത്രത്തിൽ അരച്ചു കലക്കി കാച്ചിയ നാലിടങ്ങഴിനെയ്യ ഉന്മാദരോഗത്തെയും ഭൂതഗ്രഹത്തെയും അപസ്മാരത്തെയും നശിപ്പിക്കും. ബ്രഹ്മി, വിഴാലരി, ചുക്ക, മുളക, തിപ്പലി, നാൽകൊൽപ്പക്കൊന്ന, ത്രികൊൽപ്പക്കൊന്ന നാഗദന്തിവെര ശംഖുപുഷ്പത്തിൻവെര, കൊന്ന. ഇതുകൾമുമ്മൂന്നകഴഞ്ച നാലിടങ്ങഴി ബ്രഹ്മിയുടെ നീരിൽ അരച്ചുകലക്കി ഒരിടങ്ങഴി നെയ്യ കാച്ചണം. ആ നെയ്യ ദിവസെന ഓരൊ പലം വെച്ചിട്ട പ്രയൊഗിക്കണം. അങ്ങിനെ നാല പല മാത്രം വലിയ മാത്രയാകുന്നു. ബ്രഹ്മിഘൃതമെന്ന പെരായ ഈ നെയ്യ ഉന്മാദത്തെയും കുഷ്ഠത്തെയും അപസ്മാരത്തെയും നശിപ്പിക്കുകയും പ്രസവിക്കാത്തവൾക്കു പുത്രനെ കൊടുക്കുകയും ഏററി പറയുന്നതിനെ നല്ലവാക്കാക്കുകയും ബുദ്ധിമാനാക്കുകയും കഴിഞ്ഞതിന്റെ ഓൎമ്മയെ ഉണ്ടാക്കുകയും വെഗത്തിൽ ഗ്രഹിപ്പാനുള്ള ശക്തിയെ ഉണ്ടാക്കുകയും ആഗ്യത്തെ ഉണ്ടാക്കുകയും ചെയ്യും. കടുക്ക താന്നിക്ക, നെല്ലിക്ക, കാട്ടുവെള്ളരിവെര, ചിററെല, ദെവതാരം എലാവാലുകം, നന്നാരിക്കിഴങ്ങ, പാച്ചൊറ്റിക്കിഴങ്ങ, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, ഓരിലവെര, മൂവിലവെര, തൊഴകപ്പൂവ്വ, തകരം, വിഴാലരി, താലീസപത്രം, ഏലത്തരി, പിച്ചകമൊട്ട, ചെങ്ങഴിനീർക്കിഴങ്ങ, നാഗന്തിവെര, പതിമുകം, ചന്ദനം, ചെറുവഴുതിനവെര, കൊട്ടം, ഞെട്ടില്ലാപ്പാടി, നാഗപ്പൂവ്വ, [illegible], ഇതുകൾ മുമ്മൂന്ന കഴഞ്ചു അരച്ചു കലക്കി ഒരിടങ്ങഴി നെയ്യ കാച്ചണം. ഈ നെയ്യ ഭൂതഗ്രഹങ്ങളെയും ബാലഗ്രഹങ്ങളെയും ഉന്മാദത്തെയും ക

യെയും അപസ്മാരത്തെയും പാപത്തെയും നശിപ്പിക്കും. പാണ്ഡുരോഗത്തിന്നും ചൊറിച്ചിലിന്നും വിഷത്തിന്നും കൈവിഷത്തിന്നും അല്പ ശുക്ലമായിട്ടുള്ളവൎക്കും ഋതുകാലത്തിങ്കൽ വെണ്ടതുപോലെ രക്തം പോവാത്തവൎക്കും ബുദ്ധിയില്ലാത്തവൎക്കും വേഗത്തിൽ ഗ്രഹിപ്പാനുള്ള സാമൎത്ഥ്യമില്ലാത്തവൎക്കും ഇടറിയ വാക്കുള്ളവൎക്കും കഴിഞ്ഞതിന്റെ ഓൎമ്മയുണ്ടാകെണമെന്ന ആഗ്രഹിക്കുന്നവൎക്കും അഗ്നിമാന്ദ്യമുള്ളവൎക്കും നല്ലതായിട്ടും ശരീരത്തിന്ന ബലത്തെ ഉണ്ടാക്കുന്നതായിട്ടും ശുഭത്തെ ചെയ്യുന്നതായിട്ടും ആയുസ്സിനെ ഉണ്ടാക്കുന്നതായിട്ടും ശോഭയെയും സൌന്ദൎയ്യത്തെയും ഉണ്ടാക്കുന്നതായിട്ടും ശരീരത്തെ തടിപ്പിക്കുന്നതായിട്ടും ഗൎഭത്തിന്റെ ആദികാലത്തിങ്കൽ പുരുഷപ്രജക്കായികൊണ്ട സേവിപ്പാൻ നല്ലതായിട്ടും ഭവിക്കുന്നു. ഈ നെയ്യിന്ന കല്യാണകമെന്ന പേരാകുന്നു എന്ന അറിഞ്ഞുകൊൾക.

൨൧. ഏള്യോദചിശാരിബാഹ്മീനിജലെപ്കെത്രകവിംശതി। രസെജ തസ്മിൻപചെൽസൎപ്പിൎഘൃഷ്ടിക്ഷീരചതുൎഗ്ഗുണം ॥

൨൨. വിരധ്വിമെദാകാകൊളീകപികച്ഛ്ര വിഷാണിഭിഃ। സൃപ്യംണ്ണീയുതൈരെതന്മഹാകല്യാണകംപരം ॥

൨൩. ബൃഹണംസന്നിപാതഘ്നംപൂൎവ്വസ്മാദധികംഗുണൈഃ।

...വചാ ॥

൨൫. ത്രായമാണാജയാവീരാചൊരാകടുകരോഹി... സ്ഥാസൂകരിച്ഛത്രാസാധിച്ഛത്രാപലംകഷാ ॥

൨൬. മഹാപുരുഷദന്താചവയസ്ഥാനാകുലീദചയം... വൃശ്ചികാളീസാലപൎണ്ണീചതൈൎഘൃതം ॥

൨൭. സിദ്ധംചതുൎത്ഥകൊന്മാദഗ്രഹാപസ്മാരനാശ... പൈശാചികംനാമഹിതമൈതദ്യഥാമൃതം ॥

൨൮. സ്മൃതിബുദ്ധികരംചൈവബാലാനാമംഗവൎദ്ധ... ഹ്മിമൈന്ദ്രീംവിഡംഗംചവ്യാഷംഹിംഗുജടാമുരം ॥

൨൯. രാസ്നാംവിഷഘ്നാംലശുനംവിശല്യാംസുരസ... ജ്യോതിഷ്മതീംനാഗവിന്ദാമനന്താംസഹരീതകീം ॥

൩൦. കാമ്ലീംചഹസ്തിമൂത്രേണപിഷ്ടാഛായായാവിശെ... ത്തിന്നസ്യാഭ്യഞ്ജനാലെപധൂപൈരുന്മാദസൂദനീ ॥

അന്വയം —— ഏള്യഃ — ദചിശാരിബാഹ്മീനി — ഏ... തി — ജലെ — പക്വാ — തസ്മിൻ — രസെ — സൃപ്യപൎണ്ണ... വീരധ്വിമെദാകാകൊളീകപികച്ഛ്രവിഷാണിഭിഃ — ഗ്ര... തുൎഗ്ഗുണം — സൎപ്പിഃ — പചെൽ — ഘൃതൽ — മഹാകല്യാണ...

ണീ। കയ
। കടംഭരോ
നം। മഹാ
നം। ബ്രാ
വചാം ।
രാഷിതാ। വ
ക — വിംശ
ണ്ണീയുതൈഃ —
ഷ്ടിക്ഷീരച
കം — പരം —

ബ്രാഹ്മണാനാം- സന്നിപാതവല്ലഭ ഗണാനാം- പുഷ്പസ്ഥാൻ- അധി കം- കുടിലാ- പൂതനാ- കേശീ- ചാരടീ- മർക്കടീ- വചാ- ത്രായ മാണാ- ജയാ- വീരാ- ചോരാ- കടുകരോഹിണീ- കയസ്ഥാ- സൂകരീ- ഛത്രാ- അതിച്ഛത്രാ പലംകഷാ- മഹാപുരുഷദന്താ- ച- വയസ്ഥാ- നാകുലീദ്വയം- കടുംഭരാ- വൃശ്ചികാളീ- സ്ഥാല പർണ്ണീ- ച- തൈഃ- സിദ്ധം- മഹാപൈശാചികം- നാമ- ഘൃ തം- ചാതുർത്ഥികോന്മാദഗ്രഹാപസ്മാരനാശനം- അമൃ തം- യഥാ- തഥാ- ഹിതം- ബുദ്ധിമേധാസ്മൃതികരം- ബാലാനാം- അംഗവർദ്ധനം- ച ബ്രാഹ്മീം- ഐന്ദ്രീം- വിഡംഗം- ച- വ്യോ ഷം- ഹിംഗു- ജടാമാംസീം- രാസ്നാം- വിഷഘ്നലശുനം- വിശല്യാം- സുരസാം- വചാം- ജ്യോതിഷ്മതീം- നാഗവിന്നാം- അനന്താം- സഹരീതകീം- കാളീം- ച- ഹസ്തിമൂത്രേണ- പിഷ്ട്വാ- ഛായാ വിശോഷിതാ- വർത്തിഃ- നസ്യാഞ്ജനാലേപധൂപനൈഃ- ഉന്മാദ ന്തകരീ-

അന്വയാർത്ഥം — ഇതുകളിൽനിന്ന മഹാപൈശാചികമായി രിക്കുന്ന ഏകവിംശതിയുള്ള ജലത്തിങ്കൽ പചിച്ചിട്ട ആ രസ ത്തിങ്കൽ സൂപ്പപർണ്ണിയുമൊന്നായിരിക്കുന്ന വീരവധിമാം കാ രെളികപികം വിഷഘ്നികകൊണ്ടു ചിക്കിക്കീര പറയുന്ന മാഷംവണ്ണം സപ്പിസ്സിനെ പചിക്കേണം- ഒരു മരക്കുപ്പ ഒന്ന കം ഏറെവും ബ്രാഹ്മണമായിട്ട് സന്നിപാതഘ്നമായിട്ടും ഗണ ങ്ങൾകൊണ്ട പൂർവ്വത്തെക്കാളും അധികമായിട്ട് ഇരിക്കുന്ന കുടി ലയും പൂതനയും കേശിയും ചാരടിയും മർക്കടിയും വചയും ത്രായ മാണയും ജയയും വീരയും ചോരയും കടുകരോഹിണിയും കയ സ്ഥയും സൂകരിയും ഛത്രയും അതിച്ഛത്രയായിരിക്കുന്ന പലം കഷയും മഹാപുരുഷദന്തയും വയസ്ഥയും നാകുലദ്വയവും ക ടംഭരയും വൃശ്ചികാളിയും സ്ഥാലപർണ്ണിയും ഇതുകൾകൊണ്ട സി ദ്ധമായി മഹാപൈശാചികമെന്ന പ്രസിദ്ധമായിരിക്കു ന്ന ഒരു ഘൃതം ചാതുർത്ഥികോന്മാദഗ്രഹാപസ്മാരനാശനമായിട്ടും അമൃതം എപ്രകാരം അപ്രകാരം ഹിതമായിട്ടും സ്മൃതിബുദ്ധികര മായിട്ടും ബാലന്മാരുടെ അംഗവർദ്ധനമായിട്ടുമിരിക്കുന്നു- ബ്രാ ഹ്മിയെയും ഐന്ദ്രിയെയും വിഡംഗത്തെയും വ്യോഷത്തെയും ഹിം ഗുവിനെയും ജടാമാംസിയെയും രാസ്നയെയും വിഷഘ്നയെയും ലശു നത്തെയും വിശല്യയെയും സുരസത്തെയും വചയെയും ജ്യോ തിഷ്മതിയെയും നാഗവിന്നയെയും അനന്തയെയും സഹരീത കിയായിരിക്കുന്ന കാളിയെയും ഹസ്തിമൂത്രം കൊണ്ടരെച്ചിട്ട

ഛായാവിശൊഷിതയായിരിക്കുന്ന വൎത്തി നസ്യാഞ്ജനാലേപ പ്രപങ്ങൾകൊണ്ടു ഉന്മാദ സൂദനിയായി ഭവിക്കുന്നു.

പരിഭാഷാ—— ഇതുകൾ=ത്രിഫലതുടങ്ങിയവ. മഹിശാരിബൊദികൾ=മഹിശാരിബെകൾ തുടങ്ങിയുള്ളവ. മഹിശാരിബെകൾ=നന്നാരിയും പാൎവ്വള്ളിയും. ഏകവിംശതി=ഇരുപത്തൊന്നു. ജലം=വെള്ളം. പചിക്ക=പാകംചെയ്ക. സുപ്രപൎണ്ണിയുതങ്ങൾ=സുപ്രപൎണ്ണികളൊടുകൂടിയത. സുപ്രപൎണ്ണികൾ=കാട്ടുഴുന്നും കാട്ടുപയറും. വീരദ്ധിമെദാകാകൊളികപികച്ഛുവിഷാണികൾ=വീരയും ഋദ്ധിയും മെദയും കാകൊളിയും കപികച്ഛുവും വിഷാണികയും. വീരാ=കൊവ. ഋദ്ധി=കാട്ടുമുതിര. മെദാ=മെദാ എന്ന പെരായത. കാകൊളി=കാകൊളി എന്ന പെരായത. കപികച്ഛു=നായ്ക്കുരണ. വിഷാണികാ=ആട്ടുകൊട്ടപാല. ഗൃഷ്ടിക്ഷീര ചതുൎഗ്ഗുണം=ചതുൎഗ്ഗുണമായിരിക്കുന്ന ഗൃഷ്ടിക്ഷീരത്തൊടുകൂടിയത. ചതുൎഗ്ഗുണം=നാലിരട്ടി. ഗൃഷ്ടിക്ഷീരം=ഗൃഷ്ടിയുടെ ക്ഷീരം. ഗൃഷ്ടി=ഒന്നു പെററപശു. ക്ഷീരം=പാല. സൎപ്പിസ്സ=നെയ്യ. പചിക്ക=കാച്ചുക. മഹാകല്യാണകം=മഹാകല്യാണകമെന്ന പെരൊടുകൂടിയത. ബൃംഹണം=ശരീരപുഷ്ടിയെ ഉണ്ടാക്കുക. സന്നിപാതഘ്നം=സന്നിപാതത്തെ ഹനിക്കുന്നത. സന്നിപാതം=സന്നിപാത കൊപശമനം (കൊപിച്ച സന്നിപാതത്തെ ശമിപ്പിക്കുന്നത) പൂൎവ്വം=മുമ്പെ പറഞ്ഞത. ജടിലാ=മാഞ്ചി. പൂതനാ=കടുക്ക. കെശീ=നലമാഞ്ചി. ചാരടീ=ഓരിലത്താമര. മൎക്കടീ=നായ്ക്കുരണ. വചാ=വയമ്പ. ത്രായമാണാ=ബ്രഹ്മി. ജയാ=മുഞ്ഞ. വീരാ=കാകൊളി. ചൊരാ=ചണ്ണ. വയസ്ഥാ=നെല്ലിക്ക. സൂകരീ=നിലപ്പന. ഛത്രാ=ഛത്രാ എന്ന പെരൊടുകൂടിയത. സാതിഛത്രാ=അതിഛത്രയൊടുകൂടിയത. അതിഛത്രാ=അതിഛത്ര എന്ന പെരൊടുകൂടിയത. പലംകഷാ=അരക്ക. മഹാപുരുഷദന്താ=ശതാവരിക്കിഴങ്ങ. വയസ്ഥാ=ക്ഷീരകാകൊളി. നാകുലീദ്വയം=നന്നാരിയും കരളകവും. കടംഭരാ=വെൺകുന്നി. വൃശ്ചികാളി=തെക്കട. സാലപൎണ്ണി=മൂവില. സിദ്ധം=സാധിതം. ഘൃതം=നെയ്യ. ചതുൎത്ഥകൊന്മാദഗ്രഹാപസ്മാരനാശനം=ചതുൎത്ഥകൊന്മാദ ഗ്രഹാപസ്മാരങ്ങളെ നശിപ്പിക്കുന്നത. ചതുൎത്ഥകൊന്മാദഗ്രഹാപസ്മാരങ്ങൾ=ചതുൎത്ഥകവും ഉന്മാദവും ഗ്രഹവും അപസ്മാരവും. ചതുൎത്ഥകം=ചാതുൎത്ഥികജ്വരം. ഉന്മാദം=ഉന്മാദമെന്ന രൊഗം. ഗ്രഹം=ഭൂതഗ്രഹം. അപസ്മാരം=അപസ്മാരമെന്ന രൊഗം. അമൃതം=അമൃത. ഹിതം=പഥ്യം. ബാലന്മാർ=കുട്ടികൾ. അംഗവൎദ്ധനം=അംഗ

ത്തെ വൎദ്ധിപ്പിക്കുന്നത- അംഗം=ശരീരം- വൎദ്ധിപ്പിക്ക=തടിപ്പിക്കുക- ബ്രാഹ്മി=മുത്തിൾ- ഐന്ദ്രി=ശംഖപുഷ്പം- വിശാല=വിഴാലരി- വ്യോഷം=ചുക്ക മുളക തിപ്പലി- ഹിംഗു=കായം- ജടാമുരം=ജടയും മുരവും- ജടാ=മാഞ്ചി- മുരം=മുരമെന്നപെരൊടകൂടിയത- രാസ്നാ=അരത്ത. വിഷാല്യാ=വെൾവയമ്പ- ലശുനം=വെള്ളുള്ളി- വിശല്യാ=മെത്തൊന്നി- സുരസം=തുത്താവ- വചാ=വയമ്പ- ജ്യൊതിഷ്മതി=ചെറുപ്പുന്നയരി- നാഗവിന്ദാ=കീരിക്കുടി- അനന്താ=കറുക- സഹരീതകി=ഹരീതകിയൊടകൂടിയത- ഹരീതകി=കടുക്ക- കാഞ്ജീ=ചുവട്ടരൊഹണി- ഹസ്തിമൂത്രം=ആനമൂത്രം- പെഷിക്ക=അരക്കുക- ഛായാവിശൊഷിതാ=ഛായയിങ്കൽ വിശൊഷിതാ- ഛായാ=നിഴല- വിശൊഷിതാ=ശൊഷിപ്പിക്കപ്പെട്ടത- ശൊഷിപ്പിക്ക=ഉണക്കുക- വൎത്തി=ഗുളിക- നസ്യാഞ്ജനാലെപധൂപങ്ങൾ=നസ്യവും അഞ്ജനവും ആലെപവും ധൂപവും- നസ്യം=മൂക്കിലൊഴിക്കുക- അഞ്ജനം=കണ്ണിലെഴുതുക- ആലെപം=മെൽതെക്കുക- ധൂപം=പുക- ഉന്മാദസൂദനീ=ഉന്മാദത്തെ സൂദിപ്പിക്കുന്നത- ഉന്മാദം=ഉന്മാദമെന്ന രൊഗം- സൂദിപ്പിക്ക=നശിപ്പിക്കുക-

സാരം—— വരാവിശാലാ എന്ന തുടങ്ങിയ ഔഷധങ്ങളിൽ നിന്ന നന്നാറിക്കിഴങ്ങ തുടങ്ങിയ ഇരിപത്തൊന്ന ഔഷധങ്ങളെ വെള്ളത്തിൽ കഷായം വെക്കെണം- ആ കഷായത്തിങ്കൽ കാട്ടുഴുന്നിൻവെര, കാട്ടുപയററിൻവെര, കൊവക്കിഴങ്ങ, ചെറിയകാട്ടുമുതിരവെര, മെദാ, കാകൊളി, നായ്ക്കുരണവെര, ആട്ടുകൊട്ടപാല ഇതുകൾ കല്ക്കമായിട്ട നെയ്യിങ്കൽ നിന്ന നാലിരട്ടിച്ചു ഒന്ന പെററ പശുവിന്റെ പാലും കൂട്ടി നെയ്യുകാച്ചണം- ആ മഹാ കല്യാണകമെന്ന പെരായനെയ്യ ശരീരത്തെ എററവും തടിപ്പിക്കുന്നതായിട്ടും സന്നിപാത കൊപത്തെ നശിപ്പിക്കുന്നതായിട്ടും ശെഷം ഗുണങ്ങൾകൊണ്ടു കല്യാണകഘൃതത്തെക്കാൾ അധികമായിട്ടും ഭവിക്കുന്നു. മാഞ്ചി, കടുക്ക, നമരാഞ്ചി, ഓരിലതാമര, നായ്ക്കുരണവെര, വയമ്പ, ബ്രാഹ്മി, മുത്തെങ്ങ, കാകൊളി, ചണ്ണക്കിഴങ്ങ, നെല്ലിക്ക, നിലപ്പനക്കിഴങ്ങ, മരുത, അധിമരുത, അരത്ത, ശതാവരിക്കിഴങ്ങ, ക്ഷീരകാകൊളി. നന്നാറിക്കിഴങ്ങ, കരുകതിൻവെര, വെണ്ണുന്നിവെര, തെകൂടവെര, മുഞ്ഞിലവെര ഇതുകൾകൊണ്ടു കാച്ചിയ മഹാപൈശാചികമെന്ന പെരായ നെയ്യ ചാതുൎത്ഥികജ്വരത്തെയും ഉന്മാദരൊഗത്തെയും ഭൂതഗ്രഹത്തെയും അപസ്മാരത്തെയും നശിപ്പിക്കുന്നതായിട്ടും അ

ളതിനെപ്പോലെ പഥ്യമായിട്ടും ബുദ്ധിയെയും വേഗത്തിൽ ഗ്ര ഹിപ്പാനുള്ള ശക്തിയെയും കഴിഞ്ഞതിന്റെ ഓൎമ്മയെയും ഉണ്ടാക്കുന്നതായിട്ടും ബാലന്മാരുടെ ശരീരത്തെ തടിപ്പിക്കുന്നതായിട്ടും ഭവിക്കുന്നു. മുത്തിൾ, ശംഖുപുഷ്പത്തിൻവേര, വിഴാലരി, ചുക്കു, മുളകു, തിപ്പലി, കായം, മാഞ്ചി, ഏലം, അരത്ത, വെൺവയമ്പ, വെളുത്തുള്ളി, മേത്തോന്നി, [illegible], വയമ്പ, ചെറുപുന്നയരി, [illegible], കറുക, കടുകു, [illegible] എന്നി ഇതുകളും ആട്ടിൻ മൂത്രത്തിൽ അരച്ചു ഗുളികയാക്കി നിഴലിലൊണക്കി നസ്യം ചെയ്യുകയൊ കണ്ണിലെഴുതുകയൊ അരച്ചു മേൽ തേക്കുകയൊ പൊടിച്ചു പുകക്കുകയൊ ചെയ്താൽ ഉന്മാദരോഗത്തെ നശിപ്പിക്കും.

൪൪. അവപീഡാശ്ച വിവിധാസ്സർഷപസ്നേഹസംയുതാഃ കടുതൈലേന ചാഭ്യംഗോ ധ്മാപയേച്ചാസ്യ തദ്രജഃ ॥

അന്വയം — സർഷപസ്നേഹസംയുതാഃ, വിവിധാഃ, അവപീഡാഃ, ച, ഉന്മാദസൂദനാഃ, കടുതൈലേന, അഭ്യംഗഃ, ച, ഉന്മാദസൂദനഃ, അസ്യ, തദ്രജഃ, ധ്മാപയേത്, ച.

അന്വയാൎത്ഥം — സർഷപസ്നേഹസംയുക്തങ്ങളായി വിവിധങ്ങളായിരിക്കുന്ന അവപീഡങ്ങളും ഉന്മാദസൂദനങ്ങളാകുന്നു. കടുതൈലംകൊണ്ടു അഭ്യംഗവും ഉന്മാദസൂദനമാകുന്നു. ഇവന്നു തദ്രജസ്സിനെ ധ്മാനം ചെയ്യിപ്പിക്കേണം.

പരിഭാഷാ — സർഷപസ്നേഹസംയുക്തങ്ങൾ = സർഷപസ്നേഹത്തോടുകൂടിയവ. സർഷപസ്നേഹം = കടുകെണ്ണ. വിവിധങ്ങൾ = നാനാപ്രകാരങ്ങൾ. അവപീഡങ്ങൾ = നസ്യവിശേഷങ്ങൾ. ഉന്മാദസൂദനങ്ങൾ = ഉന്മാദത്തെ സൂദനം ചെയ്യുന്നവ. ഉന്മാദം = ഉന്മാദരോഗം. സൂദനം ചെയ്ക = നശിപ്പിക്കുക. കടുതൈലം = കടുകെണ്ണ. അഭ്യംഗം = തേക്കുക. ഉന്മാദസൂദനം = ഉന്മാദത്തെ സൂദനം ചെയ്യുന്നതു. ഇവൻ = ഉന്മാദരോഗി. തദ്രജസ്സ് = അതുകളുടെ രജസ്സ്. അതുകൾ = കടുകുകൾ. രജസ്സ് = പൊടി. ധ്മാനം ചെയ്യ് = ഊതി മൂക്കിൽ കയറ്റുക.

സാരം — അനേകപ്രകാരം അരച്ചു കലക്കി ഉണ്ടാക്കിയ നസ്യൗഷധത്തിൽ കടുകെണ്ണ കൂട്ടി നസ്യം ചെയ്താൽ ഉന്മാദത്തെ നശിപ്പിക്കുന്നു. കടുകെണ്ണ മേൽ പുരട്ടിയാലും കടുകപ്പൊടി രോഗിയുടെ മൂക്കിൽ ഊതികയറ്റിയാലും ഉന്മാദത്തെ നശിപ്പിക്കും.

൪൫. സഹിംഗുസ്[illegible] [illegible] ॥

൪൯. മൂത്രപിത്തശകൃല്ലോമനഖചർമ്മഭിരാചരേൽ ; ധൂപധൂമാഞ്ജനാഭ്യംഗപ്രലേപപരിഷേചനം ॥

അന്വയം — സൂത്രസ്ഥാനോദിതഃ- തീക്ഷ്ണധൂമഃ- സഹിംഗുഃ- ഹിതഃ- ച- ശൃഗാലശല്യകോലൂകജളൂകാവൃകബസ്തജൈഃ- മൂത്രപിത്തശകൃല്ലോമനഖചർമ്മഭിഃ- ധൂപധൂമാഞ്ജനാഭ്യംഗപ്രലേപപരിഷേചനം- ആചരേൽ-

അന്വയാർത്ഥം— സൂത്രസ്ഥാനോദിതമായിരിക്കുന്ന തീക്ഷ്ണധൂമം സഹിംഗുവായിട്ട ഹിതമാകുന്നു- ശൃഗാലശല്യകോലൂകജളൂകാവൃകബസ്തജങ്ങളായിരിക്കുന്ന മൂത്രപിത്തശകൃല്ലോമനഖചർമ്മങ്ങളെക്കൊണ്ടു ധൂപധൂമാഞ്ജനാഭ്യംഗപ്രലേപപരിഷേചനത്തെ ആചരിക്കേണം-

പരിഭാഷ— സൂത്രസ്ഥാനോദിതം=സൂത്രസ്ഥാനത്തിങ്കൽ ഉദിതം- ഉദിതം=ഉക്തം- (പറയപ്പെട്ടത) തീക്ഷ്ണധൂമം=തീക്ഷ്ണമായിരിക്കുന്നധൂമം ധൂമം=പുക- സഹിംഗു=ഹിംഗുവിനോടുകൂടിയത- ഹിംഗു=കായം- ഹിതം=പത്ഥ്യം- ശൃഗാലശല്യകോലൂകജളൂകാവൃകബസ്തജങ്ങൾ=ശൃഗാലശല്യകോലൂകജളൂകാവൃകബസ്തങ്ങളിൽനിന്ന ജനിച്ചവ- ശൃഗാലശല്യകോലൂകജളൂകാവൃകബസ്തങ്ങൾ=ശൃഗാലവും ശല്യകവും ഉലൂകവും ജളൂകയും വൃകവും ബസ്തവും- ശൃഗാലം=കുറുക്കൻ- ശല്യകം=എയ്യൻ- ഉലൂകം=ഊമൻ- ജളൂകാ=നരിച്ചീറ- വൃകം=ചെന്നായ- ബസ്തം=കറിയാട- മൂത്രപിത്തശകൃല്ലോമനഖചർമ്മങ്ങൾ=മൂത്രവും പിത്തവും ശകൃത്തും ലോമവും നഖവും ചർമ്മവും- ശകൃത്ത=മലം- ലോമം=രോമം- ചർമ്മം=തോലി- ധൂപധൂമാഞ്ജനാഭ്യംഗപ്രലേപപരിഷേചനം=ധൂപവും ധൂമവും അഞ്ജനവും അഭ്യംഗവും പ്രലേപവും പരിഷേചനവും- ധൂപം=പുകക്കുക- ധൂമം=പുകസേവിക്കുക- അഞ്ജനം=കണ്ണിലെഴുതുക- അഭ്യംഗം=തേക്കുക- പ്രലേപം=പൂശുക- പരിഷേചനം=ധാരയിടുക- ആചരിക്ക=ചെയ്യുക-

സാരം— സൂത്രസ്ഥാനത്തിങ്കൽ ധൂമപാനവിധിയിങ്കൽ പറഞ്ഞ തീക്ഷ്ണധൂമത്തെ കായത്തോടുകൂടി സേവിക്കുകയും നല്ലതാകുന്നു കുറുക്കൻ, എയ്യൻ, ഊമൻ, നരിച്ചീറ, ചെന്നായ, കറിയാട ഇതുകളുടെ മൂത്രം പിത്തം, മലം രോമം, നഖം, തോലി ഇതുകളെക്കൊണ്ടു പുകച്ചുപുക ഏൽക്കുകയും ഇതുകൾകൊണ്ടുള്ള പുകയെ പാനംചെയ്യുകയും ഇതുകൾ അരച്ചു കണ്ണിലെഴുതുകയും ഇതുകളിട്ട എണ്ണ കാച്ചി തേക്കുകയും ഇതു അരച്ചു മെയ്‌ തേക്കുകയും വെള്ളം വെച്ചു ധാരയിടുകയും വേണം.

൫൫. ധൂപയേൽസതതംചൈനംശ്വഗോമത്സ്യൈസ്സുപൂതിഭിഃ। വാതശ്ലേഷ്മാത്മകേപ്രായഃപൈത്തികേതുപ്രശസ്യതേ॥
൫൬. തിക്തകംജീവനീയംചസൎപ്പിസ്നേഹശ്ചമിശ്രകഃ। ശീതാനിചാന്നപാനാനിമധുരാണിലഘൂനിച॥

അന്വയം — ഏനം- സുപൂതിഭിഃ- ശ്വഗോമത്സ്യൈഃ- സതതം- ധൂപയേൽ- ച- വാതശ്ലേഷ്മാത്മകേ- പ്രായഃ- ഏഷഃ-വിധിഃ- പൈത്തികേ- തു- തിക്തകം- ജീവനീയം- ച-സൎപ്പിഃ- മിശ്രകഃ- സ്നേഹഃ-ച- ശീതാനി- മധുരാണി- ലഘൂനി-ച-അന്നപാനാനി- ച- പ്രശസ്യതേ-

അന്വയാൎത്ഥം — ഇവനെ സുപൂതികളായിരിക്കുന്ന ശ്വഗോമത്സ്യങ്ങളെക്കൊണ്ടു എല്ലായ്പോഴും ധൂപിക്കേണം. വാതശ്ലേഷ്മാത്മകത്തിങ്കൽ പ്രായേണ ഈ വിധി തന്നെ പൈത്തികമായിട്ടുള്ളതിങ്കലാകട്ടെ തിക്തകമായിട്ടും ജീവനീയമായിട്ടും ഇരിക്കുന്ന സൎപ്പിസ്സും മിശ്രകമായിരിക്കുന്ന സ്നേഹവും ശീതങ്ങളായിട്ടും മധുരങ്ങളായിട്ടും ലഘുക്കളായിട്ടും ഇരിക്കുന്ന അന്നപാനങ്ങളും പ്രശസ്തമായി ഭവിക്കുന്നു.

പരിഭാഷ — ഏനം=ഉന്മാദരോഗി- സുപൂതികൾ=ഏറ്റവും പൂതികൾ- പൂതികൾ=ദുൎഗ്ഗന്ധത്തോടുകൂടിയവ- ശ്വഗോമത്സ്യങ്ങൾ=ശ്വാവും ഗോവും മത്സ്യവും- ശ്വാവ=നായ- ഗോ=പശു- ധൂപിക്ക=പുകക്കുക. വാതശ്ലേഷ്മാത്മകം=വാതാത്മകവും ശ്ലേഷ്മാത്മകവും- വാതാത്മകം=വാതസ്വരൂപം- ശ്ലേഷ്മാത്മകം=കഫസ്വരൂപം- വിധി=കൎമ്മം- പൈത്തികം=പിത്തസ്വരൂപം- തിക്തകം=തിക്തകമെന്നപേരോടുകൂടിയത- ജീവനീയം=ജീവനീയമെന്ന പേരോടുകൂടിയത- സൎപ്പിസ്സ=നെയ്യ- മിശ്രകമായിരിക്കുന്നസ്നേഹം=മിശ്രകസ്നേഹം- ശീതങ്ങൾ=ശീതവീൎയ്യങ്ങൾ- മധുരങ്ങൾ=മധുരരസങ്ങൾ- ലഘുക്കൾ=ലഘുഗുണങ്ങൾ- അന്നപാനങ്ങൾ അന്നങ്ങളും പാനങ്ങളും പ്രശസ്യം=ശ്രേഷ്ഠം-

സാരം — ഉന്മാദരോഗിയെ ദുൎഗ്ഗന്ധത്തോടുകൂടിയ ശ്വാവ, പശു, മത്സ്യം ഇവകളുടെ മാംസംകൊണ്ടു എല്ലായ്പോഴും പുകക്കേണം. വാതംകൊണ്ടുള്ള ഉന്മാദത്തിങ്കലും കഫംകൊണ്ടുള്ള ഉന്മാദത്തിങ്കലും പ്രായേണ ഈ വിധി തന്നെയാകുന്നു ചെയ്യേണ്ടത- പ്രായേണ എന്നു പറഞ്ഞതുകൊണ്ടു പിത്തംകൊണ്ടുള്ളതിങ്കലും ചിലേടത്ത ചെയ്യേണമെന്നു സൂചിപ്പിച്ചിരിക്കുന്നു എന്ന അറിഞ്ഞുകൊൾക. പിത്തംകൊണ്ടുള്ളതിങ്കൽ വിശേഷിച്ചും തിക്തകംനെയ്യും- ഓജോവൃദ്ധിയെ ഉണ്ടാക്കുന്നതുകളായ ഔഷ

ധങ്ങളും കൊണ്ടു കാച്ചിയ ജീവനീയമെന്ന നെയ്യും സൂത്രസ്ഥാനത്തിങ്കൽ സ്നേഹപാന വിധിയിൽ പറഞ്ഞിരിക്കുന്ന യമക സ്നേഹവും, സ്വസ്ഥത്തിങ്കലും വൃദ്ധത്തിങ്കലും ഹിതങ്ങളായിട്ടും മധുരരസത്തോടു കൂടിയതുകളായിട്ടും ലഘുക്കളായിട്ടും ഇരിക്കുന്ന അന്നപാനങ്ങളും നല്ലതുകളാകുന്നു.

൩൬. വിദധ്യാൽസിരാംയഥോക്താം ച തൃപ്തം മേദ്ധ്യാമിഷസ്യ വാ। നിവാതേശായയേദേവം മുച്യതേമതിവിഭ്രമാൽ॥

അന്വയം — യഥോക്താം-സിരാം-വിദധ്യാൽ- ച- മേദ്ധ്യാമിഷസ്യ-തൃപ്തം-നിവാതേ-ശായയേൽ - വാ-ഏവം -മതിവിഭ്രമാൽ മുച്യതേ-

അന്വയാർത്ഥം — യഥോക്തയായിരിക്കുന്ന സിരയെ വേധിക്കുകയോ മേദ്ധ്യാമിഷംകൊണ്ടു തൃപ്തനായിരിക്കുന്നവനെ നിവാതത്തിങ്കൽ ശയിപ്പിക്കുകയോ വേണം. ഈവണ്ണമായാൽ മതിവിഭ്രമത്തിങ്കൽ നിന്ന മോചിക്കപ്പെടുന്നു.

യഥോക്താ=യഥാപ്രോക്തയായ (ഉക്തമായ) ഉക്താ=പറയപ്പെട്ടത- സിരാ=ഞരമ്പ- വേധിക്ക= കുറിക്കുക- മേദ്ധ്യാമിഷം=മേദ്ധ്യമാംസം (മേദസ്സിനെ വർദ്ധിപ്പിക്കുന്ന മാംസം) തൃപ്തൻ= തൃപ്തിയെ പ്രാപിച്ചവൻ) തൃപ്തി=അലംഭാവം- (മതിയെന്ന തോന്നുക) നിവാതം=വാതത്തോടുകൂടാത്തത. വാതം=വായു- ശയിപ്പിക്ക=കിടത്തുക- മതിവിഭ്രമം=ബുദ്ധിഭ്രമം- (ഉന്മാദരോഗം) മോചിക്ക=വിടുക-

സാരം — സൂത്രസ്ഥാനത്തിങ്കൽ ഉന്മാദരോഗത്തിങ്കൽ വേധ്യയായ മാറത്തും വാരികളിങ്കലും നെററിയിന്മേലും ഉള്ള ഞരമ്പുകുറിക്കുകയും മേദസ്സിനെ വർദ്ധിപ്പിക്കുന്നതുകളായതുകളുടെ മാംസം ഭക്ഷിച്ചു തൃപ്തിവന്നിരിക്കുന്ന രോഗിയെ കാററില്ലാത്ത സ്ഥലത്ത കിടത്തുകയുംവേണം. ഈവണ്ണം ചെയ്താൽ ഉന്മാദം ശമിക്കും.

൩൭. പ്രക്ഷിപ്യ സലിലേ കൂപേ രോധയേദ്വാ വൃതം ക്ഷയാ। ആശ്വാസയേൽസുഹൃത്തം വാ വാക്യൈർധർമ്മാർത്ഥസംയുതൈഃ॥

അന്വയം — സലിലേ-കൂപേ- പ്രക്ഷിപ്യ- വൃക്ഷയാ-രോധയേൽ-വാ-സുഹൃൽ- തം-ധർമ്മാർത്ഥസംയുതൈഃ-വാക്യൈഃ ആശ്വാസയേൽ-വാ-

അന്വയാർത്ഥം — സലിലമായിരിക്കുന്ന കൂപത്തിങ്കൽ പ്രക്ഷേപിച്ചിട്ട വൃക്ഷകൊണ്ടു രോധിപ്പിക്കുകയുംവേണം -സുഹൃത്ത അവനെ ധർമ്മാർത്ഥസംയുതങ്ങളായിരിക്കുന്ന വാക്യങ്ങളെക്കൊണ്ടു ആശ്വസിപ്പിക്കുകയും വേണം.

പരിഭാഷാ——അസലിലം=സലിലത്തോടുകൂടാത്തത്. സലിലം=ജലം—കൃപാണിനെ—പ്രക്ഷിപ്യ=ഇട്ടുവിട്ടിട്ട്—ബുഭുക്ഷിത=ഭക്ഷിപ്പാനായിക്കൊണ്ടുള്ള ഇച്ഛ—ഭുജിക്ക=ഭക്ഷിക്ക— ഇച്ഛ=ആഗ്രഹം— ശോഷിപ്പിക്ക=കൃശനാക്കുക— സ്വയുതം=ബന്ധു— അവനി=ഭൂതലത്തെ— ധർമ്മാർത്ഥസംയുതങ്ങൾ=ധർമ്മാർത്ഥങ്ങളോടുകൂടിയവ— ധർമ്മാർത്ഥങ്ങൾ=ധർമ്മവും അർത്ഥവും— വാക്യങ്ങൾ = വചനങ്ങൾ— ആശ്വസിപ്പിക്കുക= സമാധാനമാക്കുക—

സാരം.——വെള്ളമില്ലാത്ത പൊട്ടക്കിണററിൽ തള്ളിവിട്ടിട്ട് പട്ടിണിയിട്ട് കൃശനാക്കുകയും ബന്ധുക്കൾ ധർമ്മാർത്ഥത്തോടുകൂടിയ വാക്കുകളെക്കൊണ്ട് അവനെ ആശ്വസിപ്പിക്കുകയും വേണം.

൨൪. ബ്രൂയാദിഷ്ടവിനാശം വാ ഭർത്തുരാനീയ വാ ബധം ദുഷ്ടവൈലോക്യം ന്യസ്തമാതപേ॥

൨൫. കപികച്ഛ്വാപാദപൈർവ്വാ ലോഹൈർവ്വാ കണ്ടകൈസ്ത്രിശേൽ। കരോതിസ്യാത്പരാബന്ധം ശയ്യാഭ്രമേ വിനിക്ഷിപേൽ

അന്വയം.——ഇഷ്ടവിനാശം— ബ്രൂയാൽ—വാ—ഭർത്തുരാനീ— ഭയേൽ—വാ— ദുഷ്ടവൈലോക്യം— ബധം— ആതപേ— ഉത്താനം—ന്യസ്യം—ച—കപികച്ഛ്വാ—പാദപൈഃ— ലോഹൈർവ്വാ— കണ്ടകൈ—ത്രിശേൽ—ബധം—കരോതി—സ്യാത്പരാ— ശയ്യാ— വിനിക്ഷിപേൽ. വാ.

അന്വയാർത്ഥം——ഇഷ്ടവിനാശത്തെ ബ്രൂവിക്കുകയും അവനെ ഭയപ്പെടുത്തുകയും വേണം— ദുഷ്ടവൈലോക്യനായിട്ടും ബന്ധനായിട്ടും ആതപത്തിങ്കൽ ഉത്താനനാക്കി ന്യസ്തനായിട്ടും കിടക്കുന്നവനെ കപികച്ഛ്വകൊണ്ടും എന്നിവ കൂടാതെ ആയിരിക്കുന്ന ലോഹങ്ങളെക്കൊണ്ടും സ്പർശിക്കണം. ബന്ധനായിരിക്കുന്നവനെ കയറുകൾകൊണ്ടു ബന്ധിച്ചിട്ട് ശയ്യയിങ്കൽ നിക്ഷേപിക്കുകയും വേണം.

പരിഭാഷ——ഇഷ്ടവിനാശം=ഇഷ്ടന്മാരുടെ വിനാശം. ഇഷ്ടന്മാർ=പുത്രൻതുടങ്ങിയുള്ളവർ— വിനാശം=മരണം—ബ്രൂവിക്ക= പറയുക— ആതങ്കങ്ങൾ=ആശ്ചര്യങ്ങൾ— സ്പർശിക്ക= തൊടുക— ദുഷ്ടവൈലോക്യം=ദുഷ്ടന്മാരെ ശിക്ഷിക്കുന്നവൻ— ദുഷ്ടന്മാരെ=കടുകെട്ടു—ശിക്ഷകൻ=സിംഹകൻ. (നക്കപ്പെട്ടവൻ എന്നു സാരം) ബന്ധൻ=ബന്ധിക്കപ്പെട്ടവൻ— ബന്ധിക്ക=കെട്ടുക— ആതപം=വെയില്— ഉത്താനം=മലർന്നത്— ന്യസ്തൻ=ന്യസിക്കപ്പെട്ടവൻ= ന്യസിക്ക=വെക്കുക—കപികച്ഛ്വ= നായ്ക്കുരണ— തപ്തങ്ങൾ= തപിപ്പിക്കപ്പെട്ടവ— തപിപ്പിക്ക= ചുട്ടുള്ളതാക്കിച്ചെയ്യുക—ലോഹത്തെല

ഖണ്ഡനം=ഭേദനങ്ങളും ഛേദനങ്ങളും കലങ്ങളും- ബന്ധനം=ഉ
ന്മാദകം- ഛേദനം=ഏറ്റുകം- ഉദ്ഭിക്ക=തൊടുക- ബദ്ധ
ൻ=ബന്ധിക്കപ്പെട്ടവൻ- ബന്ധിക്ക=കെട്ടുക- ശങ്കം=ചമ്മട്ടി
കം- ഘ്നന്തിക്ക=അടിക്കുക- ശസ്ത്രം=പൊട്ടക്കിണറ്-നിക്ഷേപി
ക്ക=സ്ഥാപിക്ക-

സാരം—— പുത്രൻ മുതലായവരമരിച്ചു എന്നുപറയുകയും ആ
ശ്ചര്യങ്ങളെത്തരുന്ന ഇന്ദ്രജാലാദികളെ കാണിക്കുകയും കട്ടന്നെ
മെൻപുരട്ടി കെട്ടിവെയിലത്തുവെയ്ക്കുകയോ നഖങ്ങളെക്കൊണ്ടു
ടിവിരൂപമാക്കുകയോ ചെയ്തിരിക്കുന്ന എന്നും വെള്ളം ഇറ്റുതുള്ളി മെൻപ
കരുകയോ ഇരിമ്പപ്പഴുപ്പിച്ചുവെക്കുകയോ വേണം- കെട്ടിവരി
ഞ്ഞിരിക്കുന്നവനെ കുതിരയെ അടിക്കുന്ന ചമ്മട്ടികൊണ്ടു അടിച്ചിട്ടു
പൊട്ടക്കിണററിൽ തള്ളിവിടുകയും വേണം.

൭൦. അഥവാ വീതശസ്ത്രാശ്മജനേ സന്തമസേ ഗൃഹേ വിനിക്ഷിപേൽ
ഉദ്ധൃതദംഷ്ട്രൈർവ്വാ സർപ്പൈഃ സിംഹൈർഗ്ഗജൈർവ്വാ ഘാതയേൽ ||

൭൧. അഥവാ രാജപുത്രാൻ അപരാധിനോ ഭൃശം സംയതാൻ | ഘാത
യേദ്വധമന്ത്രേണ ഘാതയേദ്വാ ഗൃഹാന്തരേ ||

അന്വയം——അഥവാ-വീതശസ്ത്രാശ്മജനേ-സന്തമസേ-ഗൃ
ഹേ-വിനിക്ഷിപേൽ-ഉദ്ധൃതദംഷ്ട്രൈഃ-സർപ്പൈഃ-ദന്തൈഃ-
സിംഹൈഃ-ഗജൈഃ-വാ-തം-ഘാതയേൽ-അഥവാ-രാജപുത്ര
ഷാൻ-അപരാധിനഃ-സുസംയതാൻ-വനം-വേശിതാൻ-നീത്വാ-തത്ര
യന്ത്ര-വധേന-ഘാതയേൽ-

അന്വയാർത്ഥം—— എന്നിയെ വീതശസ്ത്രാശ്മജനമായി സന്ത
മസമായിരിക്കുന്ന ഗൃഹത്തിങ്കൽ നിക്ഷേപിക്കേണം- ഉദ്ധൃത
ദംഷ്ട്രമായിരിക്കുന്ന സർപ്പത്തെക്കൊണ്ടൊ ദന്തങ്ങളായിരിക്കുന്ന
സിംഹങ്ങളെക്കൊണ്ടൊ ഗജങ്ങളെക്കൊണ്ടൊ അവനെ ഘാതത്തെ
ചെയ്യേണം. എന്നിയെ രാജപുത്രന്മാർ അപരാധഹേതുവായി
ട്ടു സുസംയതനായിരിക്കുന്ന ഇവനെ വേശിച്ചാഗൃഹത്തിങ്കൽ ന
യിച്ചിട്ടു തങ്ങളുടെ യന്ത്രക്കളായിട്ടു വധംകൊണ്ടു ഘാതത്തെചെയ്യേണം.

പരിഭാഷ—— വീതശസ്ത്രാശ്മജനം=വീതങ്ങളായിരിക്കുന്നശ
സ്ത്രാശ്മജനങ്ങളോടുകൂടിയത- വീതങ്ങൾ=നഷ്ടങ്ങൾ- ശസ്ത്രാശ്മ
ജനങ്ങൾ=ശസ്ത്രവും അശ്മവും ജനവും- ശസ്ത്രം=ആയുധം. അ
ശ്മം=കല്ല്- സന്തമസം=ഇരുട്ടു- ഉളളതമസം- തമസം=ഇരുട്ടു-
ഗൃഹം=ഭവനം- നിക്ഷേപിക്ക=സ്ഥാപിക്ക- ഉദ്ധൃതദംഷ്ട്രം ഉദ്ധൃ
തമായിരിക്കുന്ന ദംഷ്ട്രത്തോടുകൂടിയത- ഉദ്ധൃതം=ഉദ്ധരിക്കപ്പെട്ട
തു- ഉദ്ധരിക്ക=ഉല്പാടനംചെയ്ക- (പറിക്കുക) ദംഷ്ട്രം=പല്ലു- ദന്ത

ദന്ത

ങ്ങളും=സുരക്ഷിതങ്ങളും- (വെണ്ടതുപൊലെ പഠിപ്പിച്ചശീലംവന്നിരിക്കുന്നവ എന്നസാരം) ഗജങ്ങളും=വാരണങ്ങളും- (ആനകളും) അവൻ=ഉന്മാദരൊഗി- ഭയം=പെടി- രാജപുരുഷന്മാർ=രാജഭടന്മാർ- നൃപാജ്ഞാ=നൃപന്റെആജ്ഞാ- നൃപൻ=രാജാവ- ആജ്ഞാ=കല്പന- സുസംയതൻ=വഴിപൊലെസംയതൻ- സംയതൻ=ബദ്ധൻ- (കെട്ടപ്പെട്ടവൻ) ഇവൻ=ഉന്മാദരൊഗി- ബഹിഃ=പുറം- നയിക്ക=പ്രാപിപ്പിക്ക- വദ്ധ്യയാത്രകം=ഉത്സവയാത്രകം- (ഇഷ്ടല്ലാതവാക്കിനെപറഞ്ഞിരിക്കുന്നവരെന്നസാരം)- വധം=നിഗ്രഹം-

സാരം——ആയുധം, കല്ല്, ജലം ഇതുകൾ ഇല്ലാത്തതും വലുതെ ഇതരങ്ങളും ആയ ഒരുഗൃഹത്തിൽ വാസിപ്പിക്കേണം- അല്ലെങ്കിൽ വിഷമില്ലാതിരിപ്പാനായിക്കൊണ്ടു പല്ലുപറിച്ചിരിക്കുന്ന പാമ്പിനെക്കൊണ്ടൊ വഴിപൊലെ അഭ്യസിപ്പിച്ച ശീലംവന്നതി പറഞ്ഞതുപൊലെ കെൾക്കുന്നതായ സിംഹത്തെക്കൊണ്ടൊ ആനയെക്കൊണ്ടൊ ഇപ്പൊൾ കടിപ്പിക്കും ഇപ്പൊൾ ഭക്ഷിപ്പിക്കും ഇപ്പൊൾ കുത്തിക്കും എന്നപറഞ്ഞു പെടിപ്പിക്കേണം- എന്നിയെ രാജഭൃത്യന്മാർ രാജാവിന്റെ കല്പനഹെതുവായിട്ട വഴിപൊലെകെട്ടിവധസ്ഥാനത്തിങ്കൽകൊണ്ടുവന്നിട്ട നീ ഇന്നദൊഷം ചെയ്തിരിക്കുന്നതുകൊണ്ടു നിന്നെ ഇപ്പൊൾവധിക്കുന്നുണ്ടു എന്നുള്ളവാക്കുകൊണ്ടു പെടിപ്പിക്കേണം-

൫൨. ദെഹദുഃഖഭയെഭ്യൊഹിപരംപ്രാണഭയംമതം। തെനയാതിശമംതസ്യസവ്വതൊവിപ്ലുതംമനഃ॥

